

# യേശുക്രിസ്തു

## പരിശുദ്ധനായ കുഞ്ഞാടും നിത്യപുരോഹിതനും

എബ്രായ ലേഖനത്തിൽ നിന്നും ഒരു പഠനം

ജിനു നൈനാൻ

# യേശുക്രിസ്തു: പരിശുദ്ധനായ കുഞ്ഞാടും നിത്യപുരോഹിതനും

## എബ്രായ ലേഖനത്തിൽ നിന്നും ഒരു പഠനം

ജിനു നൈനാൻ

MALAYALAM

AUTHOR


JINU NINAN © 2019

COPYRIGHTED

YOU MAY FREELY USE, SHARE, AND REPRODUCE ENTIRE UNALTERED ORIGINAL CONTENT FOR PERSONAL OR NONCOMMERCIAL USES AS LONG AS YOU PROVIDE AUTHOR’S NAME.

ഈ ഗ്രന്ഥം പൂർണ്ണമായും, വ്യതിയാനങ്ങൾ വരുത്താതെ ഗ്രന്ഥകർത്താവിന്റെ പേരോട് കൂടി സൗജന്യമായി വിതരണം ചെയ്യുവാനോ, ഉപയോഗിക്കുവാനോ അനുവാദം ഉള്ളതാണ്.



FOR FURTHER DETAILS PLEASE CONTACT:

JINU NINAN

EMAIL: ginuninan@gmail.com, info@cakchurch.com

WEBSITE: WWW.CAKCHURCH.COM

ഉള്ളടക്കം

അധ്യായം 1- യേശുക്രിസ്തു: പുത്രനായ ദൈവം, ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ

അധ്യായം 2- യേശുക്രിസ്തു : പരിപൂർണ്ണനായ മനുഷ്യൻ, ദൂതന്മാരെക്കാൾ താഴ്ച വന്നവൻ.

അദ്ധ്യായം 3 - യേശുക്രിസ്തു: നമ്മുടെ വിശ്വാസത്തിന്റെ അപ്പോസ്തലനും മഹാപുരോഹിതനും

അദ്ധ്യായം 4- യേശുക്രിസ്തു: പാപമില്ലാത്ത മഹാപുരോഹിതൻ

അദ്ധ്യായം 5 - യേശുക്രിസ്തു: നിത്യനായ മഹാപുരോഹിതൻ

അധ്യായം 6 - യേശുക്രിസ്തു : അതിവിശുദ്ധ സ്ഥലത്തെ മഹാപുരോഹിതൻ

അദ്ധ്യായം 7 - യേശുക്രിസ്തു: മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യ പുരോഹിതൻ

അദ്ധ്യായം 8- യേശുവിന്റെ രക്തത്താൽ സ്ഥാപിതമായ പുതിയ ഉടമ്പടിയുടെ ഔന്നത്യം

അധ്യായം 9- രക്തത്താൽ സ്ഥാപിക്കപ്പെട്ട രണ്ടു ഉടമ്പടികൾ

അധ്യായം 10 - ക്രിസ്തുവിന്റെ എന്നെന്നേക്കുമുള്ള പരിപൂർണ്ണ യാഗം

അദ്ധ്യായം 11- സാക്ഷികളുടെ സമൂഹം

അദ്ധ്യായം 12- യേശുക്രിസ്തു - നമ്മുടെ മുന്നോടിയും മാതൃകയും

അദ്ധ്യായം 13 - യേശുക്രിസ്തു: ആടുകളുടെ വലിയ ഇടയൻ

# ആമുഖം

പുതിയനിയമത്തിലെ ഏറ്റവും ആഴത്തിലുള്ള ലേഖനങ്ങളിൽ ഒന്നാണ് ഹെബ്രായ ലേഖനം. ബൈബിളിലെ മറ്റേതൊരു പുസ്തകത്തേക്കാളും യേശുക്രിസ്തുവിന്റെ മാഹാത്മ്യം ശക്തമായി എബ്രായ ലേഖനത്തിൽ വിശദീകരിക്കുന്നു. ഒന്നാമത്തെ അദ്ധ്യായത്തിൽ യേശുക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ് എന്ന് വിശദീകരിച്ചു തുടങ്ങുകയും തുടർന്ന് ക്രിസ്തു മോശയെക്കാളും, യോശുവയെക്കാളും മഹാപുരോഹിതനായ അഹരോനേക്കാളും ശ്രേഷ്ഠനാണ് എന്നും ഗ്രന്ഥകർത്താവു തെളിയിക്കുകയും ചെയ്യുന്നു.

കൂടാതെ, കാളകളുടെയും, ആട്ടുകൊറ്റന്മാരുടെയും രക്തത്താൽ സ്ഥാപിക്കപ്പെട്ട പഴയ ഉടമ്പടിയേക്കാൾ യേശുവിന്റെ രക്തത്താൽ സ്ഥാപിതമായ പുതിയ ഉടമ്പടിയുടെ മാഹാത്മ്യം ഈ പുസ്തകത്തിൽ വിശദീക രിക്കുന്നു.ക്രിസ്തുവിന്റെ പൂർണതയുള്ള യാഗത്തിന്റെ സവിശേഷത, ഒരു വ്യക്തിക്ക് എങ്ങനെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ കഴിയും, എങ്ങനെ ദൈവീക സ്വസ്ഥതയിൽ സ്ഥിരമായി വസിക്കുവാൻ കഴിയും, എങ്ങനെ പുതിയ ഉടമ്പടിയിലെ അതി ശ്രേഷ്ഠമായ വാഗ്ദത്തങ്ങൾ അനുഭവിക്കാൻ കഴിയും എന്നീ വിഷയങ്ങൾ ലേഖകൻ വിശദീകരിക്കുന്നു

പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഈ പുസ്തകം വ്യക്തമാക്കുന്നു. യേശുക്രിസ്തു എങ്ങനെയാണ് മെച്ചപ്പെട്ട വാഗ്ദാനങ്ങളിൽ സ്ഥാപിക്കപ്പെട്ട പുതിയ ഉടമ്പടിയുടെ മധ്യസ്ഥൻ ആകുന്നത് എന്ന് ഈ പുസ്തകത്തിലൂടെ നമുക്ക് മനസിലാക്കാം.

യേശുക്രിസ്തുവിന്റെ രണ്ടു അതിപ്രധാന ശുശ്രൂഷകളായ പാപപരിഹാര യാഗമായ ദൈവകുഞ്ഞാട്, നമ്മെ ദൈവ സന്നിധിയിൽ പ്രതിനിധീകരിക്കുന്ന മഹാപു രോഹി

തൻ എന്നിവ ഏറ്റവും വ്യക്തമായി വിവരി ക്കുന്ന ഗ്രന്ഥവും ഹെബ്രായ ലേഖനമാണ്.മാത്രമല്ല, മൽക്കീ സേദെക്കിന്റെ ക്രമപ്രകാരം യേശുവിനെ മഹാപുരോ ഹിതനായി അവതരിപ്പിക്കുന്ന ബൈബിളിലെ ഏക ഗ്രന്ഥവും ഇതുതന്നെ.

ദൈവത്തിന്റെ മുൻപാകെ നമ്മുടെ മഹാപുരോഹിത നായി യേശു വഹിച്ച പങ്ക് ഈ പുസ്തകത്തിൽ അതിമ നോഹരമായി വ്യക്തമാക്കുന്നു. യേശുക്രിസ്തുവിന്റെ ഉന്നതമായ പൌരോഹിത്വത്തെപ്പറ്റി നാം പഠിക്കുക യാണ് എങ്കിൽ  അതിനെ ഹെബ്രായ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ പഠിക്കേണ്ടത് ആവശ്യമാണ്.

ഈ പുസ്തകം ഹെബ്രായ ലേഖനത്തിലെ എല്ലാ വാക്യ ങ്ങളുടെയും  പദാനുപദ വ്യാഖ്യാന പഠനത്തിനെ ക്കാൾ ഉപരി ദൈവകുഞ്ഞാട് എന്ന നിലയിലും  മഹാപുരോ ഹിതൻ എന്ന നിലയിലും യേശുവിനെക്കുറിച്ചു പരാമർ ശിക്കുന്ന  എല്ലാ വാക്യങ്ങളിലൂടെയും കടന്നു പോകുന്ന തിനും,നമുക്ക് വേണ്ടി ദൈവമുമ്പാകെയുള്ള ക്രിസ്തുവി ന്റെ രണ്ടു ശുശ്രൂഷകളെയും കുറിച്ച് വ്യക്തമായി പഠി ക്കുന്നതിനുമുള്ള  ശ്രമമാണ്.

ജിനു നൈനാൻ

## അധ്യായം 1

## യേശുക്രിസ്തു: പുത്രനായ ദൈവം, ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ

ഹെബ്രായ ലേഖനം ഒന്നാം അധ്യായം യേശുക്രിസ്തുവിന്റെ ഔന്നത്യത്തിനെ വിവരിച്ചു കൊണ്ടാണ് ആരംഭിക്കുന്നത്. ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും നിലനിർത്തുകയും,പരിപാലിക്കുകയും ചെയ്യുന്ന സർവ്വ ശക്തിയുള്ള പുത്രനായ ദൈവമാണ് ക്രിസ്തു എന്ന് ലേഖനകർത്താവ് ഒന്നാം അധ്യായത്തിൽ വിശദീകരിക്കുന്നു.

*വാക്യം 1: ആദികാലങ്ങളിൽ ദൈവം മുൻതല മുറകളിലുള്ള പിതാക്കന്മാരോട് പ്രവാചകന്മാർ മുഖാന്തരം വിവിധ വിധങ്ങളിലൂടെ സംസാരിച്ചിട്ടുണ്ട്.എന്നാൽ ഈ അന്ത്യ കാലത്താകട്ടെ, ദൈവം തന്റെ പുത്രനിലൂടെ നമ്മോടു സംസാരിച്ചിരിക്കുന്നു.*

ദൈവം കാലാകാലങ്ങളിൽ തന്റെ ജനത്തോടു സംസാരിച്ചിരുന്നു. എന്നാൽ അത് വിവിധ മാർഗ്ഗങ്ങളിലൂടെയും, ഭാഗികമായും ആയിരുന്നു. എന്നാൽ ഈ അന്ത്യകാലത്തു താൻ തന്റെ പുത്രനിലൂടെ തന്റെ ആലോചന പൂർണ്ണമായും വെളിപ്പെടുത്തുന്നു. ദൈവം പണ്ട് പൂർവ്വ പ്രവാചകൻമാർ മുഖാന്തരം സംസാരിച്ചതും, അന്ത്യനാളിൽ പുത്രനായ യേശുക്രിസ്തു മുഖാന്തരം സംസാരിച്ചതും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം ലേഖനകർത്താവ് പറഞ്ഞു തുടങ്ങുന്നു.

ദൈവീക സ്വഭാവത്തിന്റെ യഥാർഥമായ വെളിപ്പെടുത്തൽ യേശുക്രിസ്തുവിൽ ആണ് ഉള്ളത്. ദൈവം തന്റെ ജനത്തോടു എല്ലായ്പ്പോഴും സംസർഗ്ഗം നടത്തുവാൻ ആഗ്രഹിച്ചിരുന്നു.മാത്രമല്ല തന്റെ പദ്ധതികളും, ഉദ്ദേശവും അറിയിക്കുവാനും, തന്റെ സ്വഭാവത്തെ വെളിപ്പെടുത്തുവാനും ദൈവം പ്രവാചകൻമാരിലൂടെയും, ദൂതന്മാരിലൂടെയും രാജാക്കൻമാരിലൂടെയും മനുഷ്യരോട്

കാലാകാലങ്ങളിൽ വിവിധ മാർഗ്ഗങ്ങളിൽ ഇടപെട്ടിരുന്നു.

എന്നാൽ  ഇവർക്കെല്ലാം പരിമിതമായി മാത്രമേ ദൈവത്തെക്കുറിച്ചുള്ള സത്യത്തിന്റെ  വെളിപാട് ലഭിച്ചിരുന്നുള്ളൂ. അതിനാൽ അവരിലൂടെ നൽകപ്പെട്ട പരിമിതമായ വെളിപാടിലൂടെ ദൈവീക സ്വഭാവം പൂർണ്ണമായി മനസ്സിലാക്കുവാൻ മനുഷ്യർക്ക് ഒരിക്കലും കഴിഞ്ഞിരുന്നില്ല.

അതിനാൽ തന്നെ കാലസമ്പൂർണ്ണതയിൽ, ഈ അന്ത്യകാലത്ത് പിതാവായ ദൈവം തന്റെ യഥാർഥമായ പദ്ധതികളും, ഉദ്ദേശവും അറിയിക്കുവാനും തന്റെ സ്വഭാവത്തെ പൂർണ്ണമായും വെളിപ്പെടുത്തുവാനും തന്റെ പുത്രനായ ക്രിസ്തുവിനെ ഭൂമിയിൽ അയച്ചു. അവനിൽ കൂടി തന്നെത്തന്നെ വെളിപ്പെടുത്തുകയും, തന്റെ ആലോചന നമ്മോടു അറിയിക്കുകയും ചെയ്തു

*വാക്യം 2:ആ പുത്രനെ ദൈവം സകലത്തിനും അവകാശിയാക്കി വെയ്ക്കുകയും, അവൻ മുഖാന്തരം ലോകത്തെ സൃഷ്ടിക്കുകയും ചെയ്തു.*

പുത്രൻ സകലത്തിന്റെയും അവകാശിയും, സൃഷ്ടാവും, പരിപാലകനും ആണ് എന്ന് ദൈവവചനം ഇവിടെ വ്യക്തമാക്കുന്നു.

*വാക്യം 3:തന്റെ പുത്രൻ, പിതാവായ ദൈവത്തിന്റെ തേജസ്സിന്റെ പ്രതിഫലനവും, ദൈവത്തിന്റെ സത്തയുടെ പ്രതിബിംബവും ആകുന്നു*

പിതാവായ ദൈവത്തിന്റെ  തേജസ്സിനെ പ്രതിഫലിപ്പിക്കുന്നവനും, അവന്റെ സ്വഭാവത്തിന്റെ കൃത്യമായ വെളിപാടുമാണ് പുത്രൻ. പഴയനിയമ പിതാക്കന്മാരും പ്രവാചകന്മാരും അവർക്കു ലഭിച്ച പരിമിതമായ വെളിപാട് അനുസരിച്ചു ദൈവത്തെക്കുറിച്ചു ജനത്തെ അറിയിച്ചു. എന്നാൽ അവരിൽ ഒരാൾക്കും ഒരിക്കലും

ദൈവത്തിന്റെ സ്വഭാവം കൃത്യമായി വെളിപ്പെടു ത്താൻ കഴിഞ്ഞിരുന്നില്ല. അതിനു കാരണം ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല എന്നതാണ്.അതിനാൽ തന്നെ പിതാവായ ദൈവം തന്റെ എല്ലാ ഗുണവിശേ ഷങ്ങളും സമ്പൂർണ്ണമായും പുത്രനിലൂടെ വെളിപ്പെടു ത്തി. (**യോഹന്നാൻ :1: 14, 17)**

*വാക്യം 3: പുത്രൻ സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ സംരക്ഷിക്കുന്നവനും ആകുന്നു.*

ഈ വാക്യം, തന്റെ ശക്തിയുടെ വചനത്താൽ സകലവും നിലനിർത്തുന്ന സർവ്വശക്തനായ യേശുവിന്റെ ദൈവ ത്വത്തെ വെളിപ്പെടുത്തുന്നു.പ്രപഞ്ചത്തെ സൃഷ്ടിച്ചവനായ സൃഷ്ടാവ് ആണ് ക്രിസ്തു, അവൻ തന്റെ വചനത്താൽ അതിനെ ഒന്നിച്ചു ചേർക്കുകയും, നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുന്നു.

6 -12 വരെയുള്ള വാക്യങ്ങളിലൂടെ യേശുക്രിസ്തുവിന്റെ ദൈവത്വത്തെ വ്യക്തമായി ലേഖകൻ അവതരിപ്പിക്കുന്നു.ക്രിസ്തു ദൈവമാണ് എന്നും, ആകാശ ഭൂമികളുടെ സൃഷ്ടാവാണ് എന്നും, അനന്യനും നിത്യനുമാണ് എന്നും ,ദൂതന്മാരെക്കാൾ ശ്രേഷ്ഠനും, ദൂതന്മാരുടെ ആരാധന സ്വീകരിക്കാൻ യോഗ്യനും ആണ് എന്നും ലേഖകൻ ഈ വാക്യങ്ങളിൽ വിശദീകരിക്കുന്നു.

യേശുക്രിസ്തുവിനെ പുത്രനായ ദൈവം എന്ന നിലയിൽ അവതരിപ്പിച്ചതിൻ ശേഷം, പിൻവരുന്ന വാക്യങ്ങളിൽ ലേഖകൻ യേശുവിന്റെ രണ്ടു അതിപ്രധാന ശുശ്രൂഷകൾ പരാമർശിക്കുന്നു.

*വാക്യം 3: അവൻ മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് ശുദ്ധീകരിച്ച ശേഷം, ഉയരത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു*

ഹെബ്രായ ലേഖനത്തിൽ പരാമർശിക്കുന്ന യേശുവിന്റെ രണ്ടു ശുശ്രൂഷകൾ ഇവയാണ്. ആദ്യത്തേ

ത്, പരിശുദ്ധനായ ദൈവകുഞ്ഞാട് എന്ന നിലയിൽ ക്രിസ്തുവിന്റെ എന്നെന്നേക്കും പൂർത്തീകരിച്ച ശുശ്രൂഷയാണ് എങ്കിൽ രണ്ടാമത്തേത് ദൈവസന്നിധിയിൽ മധ്യസ്ഥത വഹിക്കുന്ന നിത്യപുരോഹിതൻ എന്ന നിലയിൽ ഇന്നും തുടരുന്ന ശുശ്രൂഷയാണ്.

ക്രിസ്തുവിന്റെ പ്രാഥമികമായ ശുശ്രൂഷ ദൈവകുഞ്ഞാട് എന്ന നിലയിൽ പാപപരിഹാരമായി മരിക്കുകയും, മനുഷ്യരുടെ പാപങ്ങളുടെ എന്നേക്കുമുള്ള ശുദ്ധീകരണം പൂർത്തിയാക്കുകയും ചെയ്യുക എന്ന വീണ്ടെടുപ്പിന്റെ ശുശ്രൂഷയാണ്.

ക്രിസ്തുവിന്റെ രണ്ടാമത്തെ ശുശ്രൂഷ മഹാപുരോഹിതൻ എന്ന നിലയിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് എന്നേക്കും നമുക്ക് വേണ്ടി നിരന്തരം പക്ഷപാദം ചെയ്യുക എന്നതാണ്.

കാളകളുടെയും കോലാടുകളുടെയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയാതെ ഇരുന്നതിനാൽ പഴയ ഉടമ്പടിയുടെ കീഴിൽ മനുഷ്യന്റെ നിത്യമായ പാപമോചനം സാധ്യമല്ലായിരുന്നു. അതിനാൽ യേശുക്രിസ്തു പാപപരിഹാരമായി മരിക്കുകയും തന്റെ രക്തവുമായി സ്വർഗ്ഗത്തിലെ വിശുദ്ധ മന്ദിരത്തിലേക്ക് പ്രവേശിക്കുകയും എല്ലാവർക്കും വേണ്ടി നിത്യമായ വീണ്ടെടുപ്പ് നേടുകയും പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുകയും ചെയ്തു. ദൈവകുഞ്ഞാട് എന്ന നിലയിൽ ക്രൂശിലെ ക്രിസ്തുവിന്റെ മരണ പുനരുദ്ധാനങ്ങളിലൂടെ നമ്മുടെ പാപങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനു വേണ്ടിയുള്ള പ്രവർത്തി എന്നെന്നേക്കുമായി പൂർത്തിയായി.

എന്നാൽ മഹാപുരോഹിതനെന്ന നിലയിൽ ദൈവത്തിന്റെ വലത്തു ഭാഗതിരുന്നു കൊണ്ടു നമുക്ക് വേണ്ടി പക്ഷപാദം ചെയ്യുക എന്ന യേശുക്രിസ്തുവിന്റെ ശുശ്രൂഷ ഇന്നും തുടരുന്നതാണ്.

നാം യേശുവിൽ വിശ്വസിക്കുകയും അവനെ കർത്താവായി സ്വീകരിക്കുകയും ചെയ്യുന്ന നിമിഷം, നമ്മുടെ പാപങ്ങളിൽ നിന്ന് എന്നേക്കുമായി മോചിക്കപ്പെടുന്നു, അതോടെ ദൈവവുമായി നമ്മുടെ പിതാവെന്ന നിലയിൽ ഉള്ള ബന്ധത്തിൽ നാം പ്രവേശിക്കുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിന്റെ മകൻ  വീണ്ടും പാപത്തിൽ വീഴുന്ന പക്ഷം അവൻ അനുതപിക്കുകയും ധൈര്യമായി, കരുണക്കായി ദൈവത്തിന്റെ കൃപാസനത്തോട് അടുത്ത് വരികയും വേണം. കാരണം, യേശുക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് തന്റെ മദ്ധ്യസ്ഥ ശുശ്രൂഷ ഇന്നും തുടരുന്നു.

*വാക്യം4:പുത്രൻ ദൈവദൂതന്മാരേക്കാൾ അത്യുന്നതനായിരിക്കുന്നു, താൻ അവകാശമാക്കിയ നാമം ദൂതന്മാരുടെ നാമത്തേക്കാൾ എത്രയോ ശ്രേഷ്ഠമായിരിക്കുന്നു*

തന്റെ പുനരുദ്ധാരത്തിലൂടെ, മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് കർത്താവ് എന്നെന്നേക്കുമായി പൂർത്തീകരിച്ചു കൊണ്ട് പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു. ഇന്ന് അവൻ സകല നാമത്തിനും മേലായ നാമം വഹിക്കുന്നവനാണ്.(ഫിലിപ്പ്യർ 2:8 അവൻ തന്നെത്താൻ താഴ്ത്തിമരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.അതുകൊണ്ട്  ദൈവവും അവനെ ഏറ്റവും ഉയർത്തുകയും സകലനാമത്തിനും മേലായ നാമം നൽകുകയും ചെയ്തു )

തുടർന്നുള്ള വാക്യങ്ങളിൽ പിതാവായ ദൈവം യേശുക്രിസ്തുവിനെ അഭിസംഭോധന ചെയ്യുന്ന രണ്ടു അനന്യമായ പ്രഖ്യാപനങ്ങൾ  കാണുന്നു.ഈ രണ്ടു പ്രഖ്യാപനങ്ങളിൽ കൂടി ദൈവം വെളിപ്പെടുത്തുന്നത് യേശുക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ ആണ് എന്ന സത്യമാണ്. എന്നാൽ  ഇവിടെ ശ്രദ്ധിക്കേണ്ട വിഷയം തന്റെ മഹാപുരോഹിത ശുശ്രൂഷയുമായി ഈ രണ്ടു പ്രഖ്യാപനങ്ങളും ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്.

*വാക്യം 5: "നീ എന്റെ പുത്രൻ; ഞാൻ ഇന്ന് നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നും "ഞാൻ അവൻ പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും" എന്നും ദൂതന്മാരിൽ ആരെപ്പറ്റിയെങ്കിലും എപ്പോഴെങ്കിലും ദൈവം പറഞ്ഞിട്ടുണ്ടോ*

യേശുക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ ആണ് എന്ന് തെളിയിക്കുന്ന ഒന്നാമത്തെ പ്രഖ്യാപനം, രണ്ടാം സങ്കീർത്തനത്തിൽ നിന്നുമുള്ള ഉദ്ധരണിയാണ് .**സങ്കീർ ത്തനങ്ങൾ 2 :7.**

ഇത് ദൈവം പിതാക്കന്മമാർക്കു നൽകിയ **വാഗ്ദാനം** ആയിരുന്നു എന്നും, അത് ക്രിസ്തുവിന്റെ ഉയിർത്തെഴുനേൽപ്പിൽ നിവർത്തിക്കപ്പെട്ടു എന്നും നാം പ്രവർത്തികൾ 13:32,33 ൽ കാണുന്നു. അതിൽ കൂടിയാണ് മനുഷ്യവർഗ്ഗത്തിന്റെ പാപമോചനം എന്ന **വാഗ്ദത്തം** പൂർത്തിയായത് .

പ്രവർത്തികൾ: 32,33 ദൈവം പിതാക്കന്മാരോട് ചെയ്ത **വാഗ്ദത്തം** യേശുവിനെ ഉയിർത്തെഴുന്നേല്പിച്ചതിനാൽ മക്കൾക്ക് നിവർത്തിച്ചിരിക്കുന്നു എന്ന് ഞങ്ങൾ നിങ്ങളോടു സുവിശേഷിക്കുന്നു. 'നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചു' എന്നു രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നുവല്ലോ

*വാക്യം13:"ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക" എന്നു ദൂതന്മാരിൽ ആരോടെങ്കിലും എപ്പോഴെങ്കിലും കല്പിച്ചിട്ടുണ്ടോ?*

യേശുക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ ആണ് എന്ന് തെളിയിച്ചുകൊണ്ടുള്ള അടുത്ത പ്രഖ്യാപനം **110 സങ്കീർത്തനത്തിൽ** നിന്നുമുള്ള ഒരു ഉദ്ധരണിയാണ്.

അതിന്റെ പൂർത്തീകരണം ഹെബ്രായർ 10:12-18 ൽ നാം കാണുന്നു. അത് വീണ്ടെടുപ്പിനു ശേഷം ദൈവത്തിന്റെ

വലതുഭാഗത്തു ഇരുന്നു കൊണ്ടുള്ള കർത്താവിന്റെ മധ്യസ്ഥ ശുശ്രൂഷയെ കാണിക്കുന്നതാണ്.

ഹെബ്രായർ 10:12 ക്രിസ്തുവോ പാപങ്ങൾക്ക് വേണ്ടി ഒരിക്കലായി യാഗം അർപ്പിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തു ഭാഗത്ത്,ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു

ക്രൂശിലെ മരണപുനരുദ്ധാനങ്ങൾ വഴിയുള്ള തന്റെ വീണ്ടെടുപ്പു ശുശ്രൂഷയിൽ കൂടിയും, പിതാവിന്റെ വലതു ഭാഗത്തിരുന്നു കൊണ്ടുള്ള പക്ഷപാദ ശുശ്രൂഷയിൽ കൂടെയും യേശുക്രിസ്തു ദൂതന്മാരെക്കാൾ എപ്രകാരമാണ് ഉന്നതനായിരിക്കുന്നത് എന്ന സുന്ദരമായ ഒരു ചിത്രം ഹെബ്രായ ലേഖകൻ ഈ വാക്യങ്ങളിൽ കൂടി നമുക്ക് തരുന്നു.

## **അധ്യായം 2**

## **യേശുക്രിസ്തു : പരിപൂർണ്ണനായ മനുഷ്യൻ, ദൂതന്മാരെക്കാൾ താഴ്ച വന്നവൻ**.

ഒന്നാം അധ്യായത്തിൽ യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും, ഉയിർത്തെഴുനേൽപ്പിനാൽ ദൈവ ദൂതന്മാരെക്കാൾ ശ്രേഷ്ഠനായിത്തീർന്നതിനെയും പറ്റി വിവരിച്ചതിനു ശേഷം ഹെബ്രായ ലേഖനകർത്താവ് രണ്ടാമധ്യായത്തിൽ യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെയും തന്നിലൂടെയുള്ള രക്ഷാ പദ്ധതിയെയും വിശദീകരിക്കുകയാണ്.ഹെബ്രായ ലേഖനത്തിൽ തുടർന്നുള്ള അധ്യായങ്ങളിൽ എല്ലാം ക്രിസ്തുവിന്റെ മനുഷ്യത്വത്തിനാണ് ലേഖകൻ കൂടുതൽ ഊന്നൽ നൽകുന്നത്.

*വാക്യം1-4 അതുകൊണ്ട്,തീർച്ചയായും നാം തെറ്റിപ്പോകാതിരിക്കേണ്ടതിന് കേട്ട വചനം വളരെയധികം ശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടതാകുന്നു. ദൂതന്മാർ മുഖാന്തരം നമ്മുടെ മുൻതലമുറയിലുള്ള പിതാക്കന്മാരോടു അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കുകയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ ശിക്ഷ ലഭിക്കുകയും ചെയ്തു എങ്കിൽ, ഇത്ര വലിയ രക്ഷ നാം അവഗണിച്ചാൽ എങ്ങനെ ശിക്ഷയിൽനിന്ന് ഒഴിഞ്ഞുമാറും?രക്ഷ എന്നതോ ആദ്യം കർത്താവ് അരുളിച്ചെയ്തതും കേട്ടവർ നമുക്കു ഉറപ്പിച്ചുതന്നതും, ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും, മാത്രമല്ല തന്റെ ഹിതപ്രകാരം പരിശുദ്ധാത്മാവിന്റെ വിവിധ ദാനങ്ങൾ കൊണ്ടും സാക്ഷ്യപ്പെടുത്തിയതുമാണ്.*

ഈ രക്ഷാസന്ദേശം പുത്രനിൽ കൂടി കൂടി ദൈവം അറിയിക്കുന്നതാണ്, അത് കർത്താവ് അരുളിച്ചെയ്തതും കേട്ടവർ ഉറപ്പിച്ചുതന്നതും, ദൈവം അടയാളങ്ങളും അത്ഭുതങ്ങളും കൊണ്ടു സാക്ഷ്യപ്പെടുത്തിയതുമാണ്. അതിനാൽ നാം അതിനെ ശ്രദ്ധയോടെ കരുതിക്കൊ

ള്ളേണം എന്ന് ലേഖനകർത്താവ് ആഹ്വാനം ചെയ്യുന്നു.ന്യായപ്രമാണം ദൈവം ദൂതന്മാർ മുഖാന്തിരം നൽകിയതാണ്.എന്നാൽ അത് സ്ഥിരമായിരിക്കുകയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ ശിക്ഷ ലഭിക്കുകയും ചെയ്തു എങ്കിൽ ദൈവം തന്റെ പുത്രനിലൂടെ അരുളിചെയ്യുകയും,ദൈവം അടയാളങ്ങളും അത്ഭുതങ്ങളും കൊണ്ടു സാക്ഷ്യപ്പെടുത്തിയതുമായ ഈ വലിയ രക്ഷാ സന്ദേശത്തെ അവഗണിക്കുന്നവർ തീർച്ചയായും ശിക്ഷ അനുഭവിക്കും എന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നു.

*വാക്യം 5: നാം പ്രസ്താവിക്കുന്ന ആ വരുവാനുള്ള ലോകത്തെ ദൈവം ദൂതന്മാരുടെ ആധിപത്യത്തിൻ കീഴിൽ അല്ല ആക്കിയിരിക്കുന്നത്*

ദൈവം ഭൂമിയെ മനുഷ്യന്റെ ആധിപത്യത്തിൽ ആയിരുന്നു ആക്കിയിരുന്നത്. എന്നാൽ ആദ്യ മനുഷ്യൻ ആയ ആദം കല്പനാലംഘനത്തിലൂടെ ആ അധികാരം പിശാചിന് കൈമാറി, അങ്ങനെ പിശാച് ലോകത്തിന്റെ അധികാരിയായി മാറി.എന്നാൽ യേശു ക്രിസ്തുവിൽ കൂടിയുള്ള രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിൽ, കർത്താവിന്റെ വരവിങ്കൽ ഈ ഭൂമി വീണ്ടെടുക്കപ്പെടുകയും വീണ്ടും മനുഷ്യന്റെ, ദൈവമക്കളുടെ ആധിപത്യത്തിൽ ആകുകയും ചെയ്യും എന്ന സത്യമാണ് ലേഖകൻ ഈ വാക്യത്തിലൂടെ സൂചിപ്പി ക്കുന്നത്.

*വാക്യം 6, 7 :എന്നാൽ “മനുഷ്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്നു അവൻ എന്തുമാത്രം? നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി; തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതി ആക്കി, സകലവും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു*

യേശുക്രിസ്തുവിലൂടെയുള്ള രക്ഷാപദ്ധതി വിവരിക്കുവാൻ ഹെബ്രായ ലേഖനകർത്താവ് ആദ്യം ചെയ്യുന്നത് ദൈവം ആദ്യ മനുഷ്യനായ ആദമിനെ എങ്ങനെയാണു സൃഷ്ടിച്ചത് എന്ന് വിവരിക്കുകയാണ്. യഥാർത്ഥത്തിൽ അതാണ് വീണ്ടെടുപ്പിനെയും രക്ഷയെയും പറ്റിയുള്ള ശരിയായ രീതിയിൽ ഉള്ള വിവരണരീതി. രക്ഷ എന്നത് ദൈവത്തിന്റെ മനുഷ്യനെപ്പറ്റിയുള്ള യഥാർത്ഥത്തിലുള്ള ഉദ്ദേശത്തിലേക്കുള്ള പുനഃസ്ഥാപനമാണ്. അതിനാൽ മനുഷ്യനെപ്പറ്റിയയുള്ള യഥാർത്ഥ ദൈവീക പദ്ധതി അറിയാത്തിടത്തോളം ഒരുവൻ അതിലേക്കു മടങ്ങി വരുവാൻ കഴിയില്ല.

ദൈവം ആദ്യമനുഷ്യനായ ആദമിനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി; തേജസ്സും ബഹുമാനവും അണിഞ്ഞവനായാണ് സൃഷ്ടിച്ചത് എന്നും, സകലവും അവന്റെ അധികാരത്തിൻ കീഴിൽ ആയിരുന്നു എന്നും ദൈവ വചനം പറയുന്നു.അഥവാ ദൈവം തന്റെ സ്വഭാവത്തെ വെളിപ്പെടുത്തുവാനും, തന്റെ അധികാര ത്തെ ഭൂമിയിൽ നിർവ്വഹിക്കുവാനുമുള്ള തന്റെ പ്രതിപുരുഷനായാണ് മനുഷ്യനെ സൃഷ്ട്ടിച്ചത്. (ഉൽപത്തി 1: 26 ദൈവം അരുളിച്ചെയ്തു: "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. സമുദ്രത്തിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിലെ മൃഗങ്ങളുടെയും ഇഴജന്തു ക്കളുടെയും സർവജീവജാലങ്ങളുടെയും മേൽ അവർക്ക് അധികാരം ഉണ്ടായിരിക്കട്ടെ.")

*വാക്യം 8 സകലവും അവന്നു കീഴാക്കിയതിൽ ഒന്നിനെയും കീഴ്പെടുത്താതെ വിട്ടിട്ടില്ല; എന്നാൽ ഇപ്പോൾ സകലവും അവന്നു കീഴ്പെട്ടതായി കാണുന്നി ല്ല.*

സകലവും മനുഷ്യന്റെ കാൽക്കീഴിൽ ആയിരുന്നു എങ്കിലും ഇപ്പോൾ അങ്ങനെയല്ല ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. അതിനു കാരണം പിശാച് ഹവ്വയെ വഞ്ചി

ക്കുകയും പിന്നാലെ ആദം ദൈവം നൽകിയ ഏക കൽ പന ലംഖിക്കുകയും ചെയ്തു എന്നതാണ്. അങ്ങനെ ആദം തനിക്കു നൽകപ്പെട്ട അധികാരം പിശാചിന് കൈമാറി. പിശാച് ലോകത്തിന്റെ അധികാരിയായി മാറി. സർവ്വ ത്തിന്റെയും അധികാരിയായിരുന്ന, സകലത്തെയും വാണിരുന്ന മനുഷ്യൻ അങ്ങനെ പിശാചിനെയും പാപ ത്തിനെയും അടിമയായി മാറി.

ദൈവം മനുഷ്യന്റെ ലംഘനത്തെ ശിക്ഷിക്കുകയും ഏദനിൽ നിന്നും, തന്റെ സാന്നിധ്യത്തിൽ നിന്നും പുറ ത്താക്കുകയും ചെയ്തു, എന്നാൽ അതോടൊപ്പം തന്നെ യേശുക്രിസ്തു എന്ന വാഗ്ദത്ത സന്തതിയിൽ കൂടി യുള്ള രക്ഷാപദ്ധതിയും പ്രഖ്യാപിച്ചു.(ഉൽപത്തി 3: 15)

മനുഷ്യന്റെ വീഴ്ചയെപ്പറ്റി വിശദീകരിച്ച ശേഷം അടുത്ത വാക്യങ്ങളിൽ ലേഖനകർത്താവ് യേശുക്രിസ്തു എന്ന വാഗ്ദത്തസന്തതി മനുഷ്യനെ വീണ്ടെടുക്കുവാൻ വേ ണ്ടി,ദൂതന്മാരെക്കാൾ തന്നെത്താൻ താഴ്ത്തി മനുഷ്യ നായി ഭൂമിയിൽ വരുന്നതിനെ വിശദീകരിക്കുന്നു.

*വാക്യം 9: ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരി ക്കേണ്ടതിന് അല്പകാലത്തേക്കു യേശു ദൂതന്മാരേക്കാൾ താഴ്ന്നവനായിത്തീർന്നു*

ആദാമിന്റെ ലംഘനം എല്ലാ മനുഷ്യരെയും പാപത്തി ന്റെ അധീനതയിലാക്കി.കാരണം, ആദം എല്ലാ മനുഷ്യ രെയും പ്രതിനിധാനം ചെയ്യുന്നവൻ ആയിരുന്നു. എല്ലാ മനുഷ്യരും അവനിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ എല്ലാ മനുഷ്യരും ആദമിൽ, പാപത്തിന്റെ യും പിശാചിന്റെ യും ദാസൻമാരായി മാറി (റോമർ 5:12)

എന്നാൽ അതിനു പരിഹാരമായി എല്ലാ മനുഷ്യരുടെ യും പ്രതിനിധിയായി പാപമില്ലാത്ത ഒരു മനുഷ്യൻ പാപപരിഹാരയാഗമായി മരിക്കണം എന്നതായിരുന്നു ദൈവീക രക്ഷാപദ്ധതി. പക്ഷെ ആദാമ്യ വംശത്തിലെ

എല്ലാ അംഗങ്ങളും പാപത്തിൽ വീണു പോയതിനാൽ ആദമിൽ നിന്നും ജനിക്കുന്ന ഒരുവനും അതിനുള്ള യോഗ്യതയില്ല. പാപിയായ ഒരു മനുഷ്യനും വേറൊരുവ നെ പാപത്തിൽ നിന്നും വീണ്ടെടുക്കുവാനോ രക്ഷിക്കു വാനോ പകരം മരിക്കുവാനോ കഴിയുമായിരുന്നില്ല.

അതുകൊണ്ടാണ് ആദാമിനുശേഷം രണ്ടാമത്തെ പാപ രഹിതനായ മനുഷ്യനായി യേശു, സ്ത്രീയുടെ സന്തതി യായി, കന്യകയിൽ ജനിച്ചത് .മനുഷ്യനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും വിടുവിക്കുവാൻ യേശു വിനു ഒരു പൂർണ്ണമനുഷ്യനാകേണ്ടതു ആവശ്യമായി രുന്നു. മാത്രമല്ല അവൻ മനുഷ്യവർഗ്ഗത്തിന് ബാധ കമായ അതേ നിയമങ്ങൾക്കു വിധേയനായി വരേണ്ടി യുമിരുന്നു.

പാപത്തിനു അധീനനായ മനുഷ്യനെ വീണ്ടെടുക്കേണ്ട തിനു വേണ്ടി യേശുകിസ്തു മനുഷ്യൻ ആയി വന്നത് പാപം ചെയ്യുന്നതിനു മുൻപുള്ള ആദമിന്റെ പാപമില്ലാ ത്ത പ്രകൃതത്തിൽ ആയിരുന്നു, അതിനാൽ ആണ് ക്രിസ്തുവിനെ രണ്ടാം മനുഷ്യൻ എന്നു ദൈവവചനം പരിചയപ്പെടുത്തുന്നത്.

രണ്ടാമത്തെ പാപരഹിത മനുഷ്യനായ ക്രിസ്തു സ്ത്രീയു ടെ സന്തതിയായി ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചു. നിയമപരമായി മനുഷ്യനെ വീണ്ടെടുക്കുവാൻ വേ ണ്ടി അവൻ ദൈവം നിയമിച്ച ന്യായപ്രമാണത്തിൻ കീഴിൽ ജനിക്കുകയും ജീവിക്കുകയും ന്യായപ്രമാണം പൂർത്തീ കരിക്കുകയും വേണമായിരുന്നു.

ഒരു മനുഷ്യന്റെ അനുസരണക്കേടിലൂടെ സകല മനു ഷ്യരും ശിക്ഷാവിധിക്ക് കീഴിൽ ആയെങ്കിൽ ഒരു മനു ഷ്യന്റെ അനുസരണത്തിൽ കൂടി അവനിൽ വിശ്വസി ക്കുന്ന സകല മനുഷ്യരെയും നീതീകരിക്കുക എന്നതാ യിരുന്നു ദൈവീക രക്ഷാകര പദ്ധതി (റോമർ 5:18). അതിനാൽ യേശുക്രിസ്തു സകല മനുഷ്യർക്കും വേണ്ടി

മരണം ആസ്വദിച്ചു എന്ന് ഹെബ്രായ ലേഖകൻ വിശദീകരിക്കുന്നു.

*വാക്യം 9 തന്റെ കഷ്ടാനുഭവവും മരണവും മൂലം തേജസ്സും ബഹുമാനവും കൊണ്ട് കിരീടം അണിയിക്കപ്പെട്ടവനായി യേശുവിനെ നാം കാണുന്നു.*

യേശുക്രിസ്തു അല്പകാലത്തേക്കു ദൂതന്മാരിലും തന്നെത്താൻ താഴ്ത്തി പൂർണ്ണ മനുഷ്യനായി ഭൂമിയിൽ വന്നു. അങ്ങനെ എല്ലാവർക്കും വേണ്ടി അവനു മരണം ആസ്വദിക്കാൻ കഴിഞ്ഞു. അതിനാൽ ദൈവം അവനെ ഉയർത്തുകയും മഹത്വവും ബഹുമാനവും അണിയിക്കുയും ചെയ്തു. (ഫിലിപ്പ്യർ 2: 8)

*വാക്യം 10 സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു.*

തന്നെ അനുസരിക്കുന്ന എല്ലാവരുടെയും രക്ഷയുടെ നായകൻ ആകേണ്ടതിനു, നമുക്ക് ആദമിൽ നഷ്ടപ്പെട്ട അതെ ദൈവ തേജസ്സിലേക്കു നമ്മെ മടക്കി വരുത്തേണ്ടതിനു യേശുക്രിസ്തുവിനു നമ്മുടെ അതെ ശരീരത്തിൽ വരികയും നാം അനുഭവിക്കുന്ന അതെ കഷ്ടാനുഭങ്ങളിൽ കൂടി കടന്നു പോകുകയും, അതിൽ തികഞ്ഞവൻ ആയിത്തീരുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു.

തുടർന്ന് 11-16 വരെയുള്ള വാക്യങ്ങളിൽ, പിശാചിന്റെ അടിമയായ മനുഷ്യനെ ക്രിസ്തു ആ അടിമത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുകയും അവരെ തിരികെ ദൈവ മഹത്വത്തിലേക്കു കൊണ്ട് വരികയും ചെയ്യുന്നത് എങ്ങനെ എന്ന് ലേഖകൻ വിശദീകരിക്കുന്നു.

*വാക്യം 14 മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങ*

*ളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു.*

കാൽവറിയിൽ യേശുക്രിസ്തു മരണത്തിന്റെ അധികാരിയായ പിശാചിന്റെ തല തകർത്തു, അവനെ പരാജയപ്പെടുത്തി. ഇത് കർത്താവ് സാധിച്ചത് അവൻ നമ്മുടെ ജഡരക്തങ്ങളോട് കൂടിയവനായി കളങ്കമില്ലാത്ത ദൈവകുഞ്ഞാടായി വരികയും, നമുക്ക് വേണ്ടി പാപപരിഹാരയാഗമാകേണ്ടതിന് പാപം ചെയ്യാതെ പരിശുദ്ധാത്മാവിനാൽ തന്നെത്താൻ കളങ്കമില്ലാതവനായി സൂക്ഷിക്കുകയും, തന്റെ ജീവിതാവസാനം തന്നെത്താൻ കളങ്കമില്ലാത്ത പരിപൂർണ്ണ യാഗമായി ക്രൂശിൽ അർപ്പിക്കുകയും ചെയ്തു കൊണ്ടായിരുന്നു.

തന്റെ മരണത്തിലൂടെ യേശുക്രിസ്തു മനുഷ്യനെ മരണഭീതിയുടെയും, പാപത്തിന്റെയും, പിശാചിനെയും അടിമതത്വത്തിൽ നിന്നും വിടുവിച്ചു.

മനുഷ്യനെ പാപത്തിൽനിന്നും വിടുവിക്കുവാൻ വേണ്ടി, മനുഷ്യർക്ക് ബാധകമാകുന്ന എല്ലാ പരിമിതികളുയുടെയും നിയമങ്ങളുടേയും ഉള്ളിൽ തന്നെയാണ് കർത്താവ് മനുഷ്യനായി ജീവിച്ചത്. എന്നാൽ പാപം ഒരിക്കലും അവനെ പരാജയപ്പെടുത്തില്ല. സാത്താൻ അവനെ പ്രലോഭിപ്പിച്ച് അവനെ പാപത്തിലേക്ക് നയിക്കാൻ, തന്റെ സകല ആയുധങ്ങളും പ്രയോഗിച്ചു. എങ്കിലും യേശു, മനുഷ്യൻ എന്ന നിലയിൽ പിതാവിനെ പൂർണ്ണമായി ആശ്രയിക്കുകയും സാത്താനെ തോൽപിക്കുകയും ചെയ്തു.

പാപം മൂലം ദൈവത്തോടുള്ള കൂട്ടായ്മയിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യനെ ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് തന്റെ മരണത്തിലൂടെ പുനസ്ഥാപിക്കുക എന്ന

തായിരുന്നു യേശുക്രിസ്തുവിന്റെ പാപപരിഹാര യാഗ ത്തിന്റെ പരമപ്രധാന ലക്ഷ്യം

തന്റെ ക്രൂശിലെ മരണത്തിലൂടെ മനുഷ്യനെ ദൈവവു മായുള്ള കൂട്ടായ്മയിലേക്ക് ക്രിസ്തു പുനഃസ്ഥാപിച്ചു. മാത്ര മല്ല ഉയിർത്തെഴുന്നേൽപ്പിനാൽ ക്രിസ്തു മരണത്തിൽ നിന്നും ആദ്യനായി ജനിച്ചവനും, ദൈവീക കൂട്ടായ്മയി ലേക്ക് പുനഃസ്ഥാപിക്കപ്പെട്ട ദൈവമക്കളുടെ ദൈവസഭ യുടെ തലവൻ ആയ ഒടുക്കത്തെ ആദം ആകുകയും ചെയ്തു. (1 കൊരിന്ത്യർ 15:45 -47)

*വാക്യം 17 അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവ നും ദൈവകാര്യത്തിൽ വിശ്വസ്തമഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദര ന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരു ന്നു.*

യേശുക്രിസ്തു മഹാപുരോഹിതനാണെന്നുള്ള ബൈബി ളിലെയും,ഹെബ്രായർക്കുള്ള ലേഖനത്തിലെയും ആദ്യ ത്തെ നേരിട്ടുള്ള പരാമർശം ഇവിടെയാണ്

യേശു ദൂതന്മാരെക്കാൾ തന്നെത്താൻ താഴ്ത്തി, നമ്മുടെ മാംസ രക്തങ്ങളിൽ പങ്കാളിയായിത്തീർന്ന മനുഷ്യനാ യത്, സകലത്തിലും നമുക്ക് തുല്യൻ ആയിത്തീർന്നത്, നമുക്കു വേണ്ടി കരുണാസമ്പന്നനും വിശ്വസ്തനുമായ മഹാപുരോഹിതനാകാൻ വേണ്ടിയായിരുന്നു എന്ന് ലേഖകൻ വിശദമാക്കുന്നു.

*വാക്യം 18 താൻ തന്നെ പരീക്ഷിതനായി കഷ്ടമനു ഭവി ച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാ ൻ കഴിവുള്ളവൻ ആകുന്നു.*

യേശു ഈ ഭൂമിയിൽ പരീക്ഷിക്കപ്പെട്ടതിനാൽ, കഷ്ടാനു ഭവങ്ങളിൽ തികഞ്ഞവൻ ആയതിനാൽ അവനു പരീ ക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിയും എന്ന്

ഹെബ്രായ ലേഖകൻ വിശദീകരിക്കുന്നു. കരുണയുള്ള മഹാപുരോഹിതൻ എന്ന ശുശ്രൂഷക്കു വേണ്ടി താൻ സജ്ജീകരിക്കപ്പെടേണ്ടതിനാണ് ക്രിസ്തു ഇതിൽ ഒക്കെയും കൂടി കടന്നു പോയത് ഈ വാക്യം എന്ന് നമ്മെ പഠിപ്പിക്കുന്നു.

യേശുക്രിസ്തു പാപരഹിതൻ ആയിരുന്നു എങ്കിലും താൻ നമ്മുടെ ജഡരക്തങ്ങളിൽ പങ്കാളിയായി, ഒരു പൂർണ്ണ മനുഷ്യനായി വരികയും മനുഷ്യവർഗ്ഗം കടന്നു പോകേണ്ട എല്ലാ പരീക്ഷണങ്ങളിലൂടെയും, പരിശോധനകളിലൂടെയും, പീഡനങ്ങളിലൂടെയും കടന്നു പോകുകയും, ചെയ്തതിനാൽ അവനു നമ്മോടു തീർച്ചയായും സഹാനുഭൂതി കാണിക്കുവാൻ കഴിയും. താൻ നേരിട്ട് കടന്നു പോയ അനുഭവനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ക്രിസ്തുവിനു നമ്മോടു സഹാനുഭൂതി കാണിക്കുവാൻ കഴിവുള്ള പുരോഹിതൻ ആകുവാൻ കഴിയും.

## അദ്ധ്യായം 3

## യേശുക്രിസ്തു: നമ്മുടെ വിശ്വാസത്തിന്റെ അപ്പോസ്തലനും മഹാപുരോഹിതനും

*വാക്യം 1 അതുകൊണ്ട് സ്വർഗ്ഗീയവിളിയിൽ പങ്കാളിക ളായ വിശുദ്ധ സഹോദരന്മാരേ, നാം സ്വീകരിച്ച് ഏറ്റു പറയുന്ന വിശ്വാസത്തിന്റെ അപ്പൊസ്തലനും, മഹാപു രോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചുനോക്കുവിൻ.*

മൂന്നാം അദ്ധ്യായത്തിൽ കർത്താവിനെ ദൈവത്തിന്റെ ഭവനത്തിൽ എന്നേക്കും വസിക്കുന്ന പുത്രനായി, നമ്മു ടെ വിശ്വാസത്തിന്റെ അപ്പൊസ്തലനും, വിശ്വസ്തനായ മഹാപുരോഹിതനുമായി നമ്മുടെ മുൻപിൽ ലേഖന കർത്താവ് അവതരിപ്പിക്കുന്നു.ക്രിസ്തു ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്ന മഹാപുരോഹിതനും അപ്പോ സ്തോലനും ആകയാൽ നമ്മുടെ വിശ്വാസം ഏറ്റു പറഞ്ഞു കൊണ്ട് തന്നെ ശ്രദ്ധാപൂർവ്വം വീക്ഷിക്കാൻ എഴുത്തുകാരൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

യേശുക്രിസ്തുവിൽ  വിശ്വാസത്താൽ ദൃഷ്ടി പതിപ്പിച്ചു കൊണ്ടുള്ള ഒരു ഓട്ടമാണ് ക്രിസ്തീയ ജീവിതം,കാരണം നമ്മുടെ വിശ്വാസത്തിന്റെ കാരണവും, പൂർത്തിവരു ത്തുന്നവനും ക്രിസ്തുവാണ് (എബ്രായർ 12: 2).അതിനാൽ, നമുക്കു മുന്നിൽ വെച്ചിരിക്കുന്ന ഓട്ടം പൂർത്തീകരി ക്കണമെങ്കിൽ നാം യേശുക്രിസ്തുവിങ്കൽ നമ്മുടെ കണ്ണു കൾ ഉറപ്പിക്കുകയും നിരന്തരം അവനിൽ ആശ്രയിക്കു കയും ചെയ്യേണ്ടതുണ്ട്

തുടർന്നുള്ള വാക്യങ്ങളിൽ യേശുക്രിസ്തു മോശയെ ക്കാൾ ഉന്നതൻ എന്നും, അവിശ്വാസത്താൽ കനാനിൽ കടക്കാൻ കഴിയാതിരുന്ന ഇസ്രായേൽ മക്കളുടെ ജീവി തത്തെയും, വിശ്വാസത്താൽ യഥാർത്ഥ കനാൻ ആയ ദൈവീക സ്വസ്ഥതയിലേക്കു കടക്കുവാൻ നമുക്ക് വച്ചിരിക്കുന്ന വാഗ്ദത്തത്തെയും കുറിച്ച് വിവരിച്ച

ശേഷം നാലാം അധ്യായം മുതൽ യേശു ക്രിസ്തുവിന്റെ മഹാ പൗരോഹിത്യ ശുശ്രൂഷയെ ലേഖന കർത്താവ് വീണ്ടും വിശദമായി വിവരിക്കുന്നു. അതിനാൽ നമുക്ക് ആ വിഷയം തുടർന്നും വിശദമായി ചിന്തിക്കാം.

## അദ്ധ്യായം 4

## യേശുക്രിസ്തു: പാപമില്ലാത്ത മഹാപുരോഹിതൻ

1-13 മുതൽ ഉള്ള വാക്യങ്ങളിൽ വിശ്വാസത്താൽ നമുക്ക് എങ്ങനെ ദൈവീക വിശ്രമത്തിലേക്കു പ്രവേശിക്കാൻ കഴിയും എന്ന് വിശദീകരിച്ചശേഷം; 14- മത്തെ വാക്യത്തിൽ മുതൽ സ്വർഗസ്ഥനായ മഹാപുരോഹിതനായ യേശുവിന്റെ ശുശ്രൂഷയിലേക്ക് എബ്രായ എഴുത്തുകാ രൻ വീണ്ടും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

*വാക്യം 14: ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയൊരു ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക*

ഈ വാക്യത്തിൽ വീണ്ടും എഴുത്തുകാരൻ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെയാണ് പരാമർശിക്കുന്നത്

ആകാശത്തിൽകൂടി കടന്നുപോയി എന്ന പ്രയോഗം കൊണ്ട്, സ്വർഗത്തിലേക്ക് കയറി എന്നതാണ് ഉദ്ദേശിക്കുന്നത്. ആകാശങ്ങൾ,ആകാശം എന്നീ പദങ്ങൾ സ്വർഗ്ഗത്തെകാണിക്കുവാൻ ഉപയോഗിക്കുന്ന താണ്. യേശു മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു. അവൻ സ്വർഗത്തിലേക്കു, വിശുദ്ധമന്ദിരത്തിലേക്കു പ്രവേശിച്ചു എന്ന് ലേഖകൻ ഇവിടെ വ്യക്തമാക്കുന്നു. എബ്രായർ 9: 12,24 വാക്യങ്ങളിൽ ഇതേ കാര്യമാണ് ആവർത്തിക്കുന്നത്.

(ആകയാൽ സ്വർഗ്ഗത്തിലേക്ക് കടന്നു പോയ ദൈവപുത്രനായ യേശു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ട് നാം നമ്മുടെ വിശ്വാസം മുറുകെപ്പിടിച്ചുകൊൾക .POC ബൈബിൾ )

ഇപ്പോൾ യേശു, സ്വർഗ്ഗത്തിൽ നമ്മുടെ പിതാവിന്റെ വലത്തുഭാഗത്ത് നമുക്ക് വേണ്ടി മധ്യസ്ഥത വഹിക്കുന്നു. അവൻ നമ്മുടെ വ്യക്തിപരമായ കാര്യസ്ഥനും,

മഹാപുരോഹിതനുമാണ്. ഇക്കാരണ ത്താൽ, ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഏറ്റു പറച്ചിലിൽ ഉറച്ചു നിൽക്കാൻ എഴുത്തുകാരൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ശ്രദ്ധിക്കുക.; തന്റെ പുനരുത്ഥാനത്തിലൂടെ സ്വർഗ്ഗത്തിലേക്കു, വിശുദ്ധ മന്ദിരത്തിലേക്ക് പ്രവേശിച്ചു കൊണ്ട് യേശു തന്റെ മഹാപുരോഹിത ശുശ്രൂഷ ആരംഭിച്ചു എന്ന് എഴുത്തുകാരൻ ഇവിടെ വ്യക്തമാക്കുകയാണ്.

*വാക്യം15 നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ കഴിയാത്തവനല്ല; പകരം സർവ്വത്തിലും നമുക്കു തുല്യനായി പ്രലോഭിക്കപ്പെട്ടിട്ടും പാപം ഇല്ലാത്തവനായിരുന്നു.*

ദൈവത്തിന്റെ വലതു ഭാഗത്തുള്ള മഹാപുരോഹിതനായ ക്രിസ്തു, ഈ ഭൂമിയിൽ ആയിരുന്നപ്പോഴും പാപമില്ലാത്തവൻ ആയിരുന്നു, എങ്കിലും നമ്മുടെ ബലഹീനതകളോടു അവനു സഹതാപം കാണിക്കുവാൻ കഴിയുന്നവനാണ്.

അതിനു കാരണമായി ലേഖകൻ പറയുന്നത്, അവൻ പാപമില്ലാത്തവൻ ആയിരുന്നു എങ്കിലും അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ സകലത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടു എന്നതാണ്.

ഭൂമിയിലെ തന്റെ ജീവിത കാലഘട്ടത്തിൽ യേശു എല്ലാ പ്രലോഭനങ്ങളിലൂടെയും,പരിശോധനകളിലൂടെയും കടന്നു പോയി അങ്ങനെ അവൻ നമ്മോടു സഹതാപം കാണിക്കുവാൻ കഴിയുന്ന സ്വർഗസ്ഥനായ മഹാപുരോഹിതനെന്നനിലയിൽ തന്റെ ശുശ്രൂഷ നിർവഹിക്കുവാൻ പൂർണ്ണമായി സജ്ജീകരിച്ചിരിക്കപ്പെട്ടു.

മനുഷ്യസംഭവ്യമായ എല്ലാ പരീക്ഷകളിലൂടെയും അവൻ നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടു, എങ്കിലും അവന്റെ ജീവിതത്തിലുടനീളം അവൻ പാപരഹിതനാ

യിരുന്നു, അതിനാൽ ക്രിസ്തുവിനു തന്നെത്താൻ നിഷ്ക്കളങ്കയാഗമായി നമുക്ക് പകരക്കാരനായി അർപ്പിക്കാൻ കഴിഞ്ഞു.

ഇത് വളരെ പ്രാധ്യാന്യമുള്ള വിഷയമാണ്. കാരണം പാപത്തെയും മരണത്തെയും പരാജയപ്പെടുത്താൻ തികച്ചും പാപരഹിതനായ ഒരു പകരക്കാരൻ നമുക്ക് ആവശ്യമായിരുന്നു (1യോഹന്നാൻ3:5). ദൈവീക രക്ഷാകരപദ്ധതിയിൽ പാപപരിഹാര യാഗമായി ഒരു കളങ്കമില്ലാത്ത കുഞ്ഞാട് അത്യന്താപേക്ഷിതമായിരുന്നു.

ശ്രദ്ധിക്കുക ഈ വാക്യം (ഹെബ്രായർ 4 :15 ) യേശു പാപം ചെയ്തില്ല  എന്നല്ല പറയുന്നത് (ചില വിവർത്തനങ്ങൾ അങ്ങനെ തെറ്റായി  വിവർത്തനം ചെയ്തിട്ടുണ്ട്) പകരം യേശു പാപമില്ലാത്തവൻ ആയിരുന്നു എന്നാണ് ഈ വാക്യം പറയുന്നത്.

ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് 'chori hamartias' എന്ന വാക്ക്  ആണ്, ആ വാക്ക്  അദ്ധ്യായം 9:28 വാക്യത്തിൽ അവർത്തിച്ചിട്ടുണ്ട്;  (ക്രിസ്തുവും തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും). അതിനാൽ ആ വാക്യം ക്രിസ്തു പാപം ചെയ്തില്ല എന്ന് മാത്രമല്ല, യേശുക്രിസ്തുവിന്റെ പാപരഹിത പ്രകൃതത്തെ ചൂണ്ടിക്കാണിക്കുവാൻ കൂടിയാണ് ഉപയോഗിച്ചിരിക്കുന്നത്.

എബ്രായർ മറ്റൊരു അതിപ്രധാന സത്യം കൂടി ഇവിടെ വിശദീകരിക്കുന്നു.ക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ പാപരഹിതൻ ആയിരുന്നത് പോലെ  തന്നെ, സ്വർഗ്ഗത്തിൽ ക്രിസ്തു  നമ്മെ പ്രതിനിധീകരിക്കുന്ന, നമ്മുടെ പരീക്ഷകളിൽ നമ്മോടു സഹതാപം തോന്നുന്ന മഹാപുരോഹിതൻ  ആണ്.

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ പാപമില്ലാത്തവൻ ആയിരുന്നു എങ്കിലും,സ്വർഗത്തിൽ ദൈവത്തിന്റെ

വലതു ഭാഗത്തു ഇരുന്നു നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുമ്പോൾ അവനു നമ്മുടെ ബലഹീനതകളിൽ സഹതാപം തോന്നുവാൻ കഴിയും. അതിനു കാരണ മായി ലേഖകൻ പറയുന്നത് അവൻ ഒരു മനുഷ്യൻ എന്ന നിലയിൽ ഈ ഭൂമിയിൽ നമുക്ക് തുല്യം പരീക്ഷിക്ക പ്പെട്ടു എന്നതാണ്.

സ്വാഭാവികമായും പാപമില്ലാത്ത ഒരു മനുഷ്യൻ എങ്ങ നെ പരീക്ഷിക്കപ്പെടുമെന്ന് ഒരു ചോദ്യം ഉയർന്നു വന്നേക്കാം, എന്നാൽ അതു സാധ്യമാണ് എന്ന് ദൈവ വചനം വ്യക്തമാക്കുന്നു. ആദം പരീക്ഷിക്കപ്പെട്ടതിൽ നിന്നും അത് സാധ്യമാണ് എന്ന് നമുക്ക് മനസിലാക്കാം. ആദാം പാപവും കൂടാതെ സൃഷ്ടിക്കപ്പെട്ടവനായിരു ന്നു, എന്നാൽ പരീക്ഷിക്കപ്പെട്ടപ്പോൾ അവൻ പരാജയ പ്പെട്ടു. ഇവിടെ യേശു രണ്ടാമത്തെ പാപരഹിത മനുഷ്യ നായി വന്നു,നമുക്ക് തുല്യം പരീക്ഷിക്കപ്പെട്ടു, എന്നാൽ അവൻ പാപത്തെയും പിശാചിനെയും ജയിച്ചിരിക്കു ന്നു.

യേശുക്രിസ്തു ദൈവം എന്ന നിലയിൽ അല്ല പരീക്ഷി ക്കപ്പെട്ടതു, കാരണം ദൈവം പരീക്ഷിക്കപ്പെടുകയില്ല (യാക്കോബ് 1:13).

യേശുക്രിസ്തു പാപിയായ ഒരു മനുഷ്യനെന്ന നിലയിൽ ഉള്ളിൽ നിന്ന് പാപ മോഹങ്ങൾ വഴി വശീകരിക്കപ്പെട്ടു പരീക്ഷിക്കപ്പെടുകയായിരുന്നില്ല (യാക്കോബ് 1:14 ), കാരണം യേശുക്രിസ്തുവിൽ പാപം ഇല്ലായിരുന്നു എന്ന് ദൈവവചനം സുവ്യക്തമായി പറയുന്നു (1യോഹന്നാൻ 3:5),അതിനാൽ യേശുവിൽ പാപാസക്തിയും ഇല്ലായി രുന്നു എന്ന് വ്യക്തം. അതിനാൽ യേശു പാപമോഹങ്ങ ളാൽ ആകർഷിച്ചു വശീകരിക്കപ്പെട്ടു പരീക്ഷിക്കപ്പെ ട്ടു എന്ന് പഠിപ്പിക്കുന്നത് തെറ്റാണു.

എന്നാൽ യേശു ദൈവം എന്ന നിലയിലുള്ള തന്റെ പ്ര ത്യേക പദവികളെ ഒഴിക്കുകയും, നമ്മെപ്പോലെ സ്വത

ന്ത്ര ഇശ്ചയുള്ള (free will) പൂർണ്ണ മനുഷ്യനായി ത്തീരുകയും ചെയ്തു എന്ന് ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നു(ഫിലി.2:7).അതിനാൽ ആണ് യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടത് (ലൂക്കോസ് 4: 1)

അതായതു ഉള്ളിലെ പാപമോഹങ്ങളാലല്ല (lust), മനുഷ്യൻ എന്ന നിലയിലുള്ള തന്റെ ഇച്ഛാ സ്വാതന്ത്ര്യത്തിലാണ് (free will) യേശുക്രിസ്തു നമ്മെപ്പോലെ സകലത്തിലും പിശാചിനാൽ പരീക്ഷിക്കപ്പെട്ടത്.

യേശുക്രിസ്തു പിതാവായ ദൈവത്തോടുള്ള സമത്വം വിട്ടു, തന്നെത്താൻ ഒഴിച്ചു, മനുഷ്യൻ ആയ സമയം മുതൽ തനിക്കു പിതാവിൽ നിന്നും വ്യത്യസ്തം ആയി ഒരു സ്വതന്ത്രഇശ്ച (free will, self will) ഉണ്ടായിരു ന്നു.അതിനാൽ ആണ് അവൻ "തന്നെത്താൻ താഴ്ത്തി, ക്രൂശിലെ മരണത്തോളം അനുസരണയുള്ളവൻ ആയി", എന്ന് പറയുന്നത്.സ്വതന്ത്ര ഇശ്ച എന്നത് മനുഷ്യനെ പാപമില്ലാത്തവനായി സൃഷ്ടിച്ചപ്പോൾ തന്നെ അവനിൽ ഉള്ള ദേഹിയുടെ ഭാഗമാണ്, അതിൽ പാപകരമായി ഒന്നുമില്ല. എന്നാൽ പാപമോഹങ്ങൾ (Lust) എന്നത് വീഴ്ച പറ്റിയ മനുഷ്യന്റെ പാപപ്രകൃതിയിൽ നിന്നും, പാപ ശീലങ്ങളുടെ ഭാഗമായും ഉണ്ടാകുന്നതാണ്.

സ്വതന്ത്ര ഇശ്ചയില്ലാത്ത ഒരു യന്ത്രമനുഷ്യന്, തന്നെത്താൻ താഴ്ത്തുവാനോ അനുസരിക്കുവാനോ കഴിയില്ല, മാത്രമല്ല ഒരു യന്ത്ര മനുഷ്യനെ പാപം ചെയ്യിക്കുവാൻ പരീക്ഷിക്കുവാനും കഴിയില്ല. യേശുക്രിസ്തു ഒരു യന്ത്ര മനുഷ്യനായിരുന്നില്ല, പാപമില്ലാത്ത പൂർണ്ണ മനുഷ്യനായിരുന്നു. ഒരു യന്ത്രമനുഷ്യനെപ്പോലെ യാന്ത്രീകമായി പിതാവിനെ അനുസരിക്കുകയായിരുന്നില്ല, പകരം തന്നെത്താൻ ദൈവേഷ്ടത്തിനു ഏൽപ്പിച്ചു കൊടുക്കുകയായിരുന്നു. ( ഗലാത്യർ 1:4)

എല്ലാ പരീക്ഷണങ്ങളുടേയും അടിസ്ഥാന സ്വഭാവം സ്വന്ത ഇഷ്ടം ചെയ്യുക എന്നതാണ്, ആദം പിശാചിനാൽ

പരീക്ഷിക്കപ്പെട്ടതു അങ്ങനെയാണ്, നാമും പരീക്ഷിക്കപ്പെടുന്നത് അങ്ങനെയാണ്. യേശുക്രിസ്തുവും നമുക്ക് തുല്യം എല്ലാറ്റിലും പരീക്ഷിക്കപ്പെട്ടതു അങ്ങനെയാണ്.

എന്നാൽ പരീക്ഷിക്കപ്പെട്ടപ്പോൾ തന്റെ ഇച്ഛയെ താൻ നിഷേധിക്കുകയും, ഇച്ഛയെ പിതാവിനു കീഴ്പ്പെടുത്തുകയും, എല്ലാ പരീക്ഷണങ്ങളും വിജയി ക്കുകയും ചെയ്തു (യോഹ6: 38).

അവൻ പിതാവിനു പൂർണ്ണമായി സമർപ്പിക്കുകയും, പിതാവായ ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുകയും പിശാചിനെ ജയിക്കുകയും ചെയ്തു.

*വാക്യം16 അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക*

ദൈവത്തിന്റെ വലത്തു ഭാഗത്തുള്ളവൻ നമ്മുടെ നമ്മുടെ ജഡരക്തങ്ങളിൽ പങ്കാളിയാകുയും നമുക്ക് തുല്യം പരീക്ഷിക്കപ്പെടുകയും ചെയ്തവനായതിനാൽ അവനു നമ്മോടു സഹാനുഭൂതി കാണിക്കുവാൻ കഴിയും. ഇക്കാരണത്താൽ നമുക്ക് ധൈര്യത്തോടെ, ദൈവസന്നിധിയിൽ പ്രവേശിക്കാൻ, കൃപാസനത്തിന് അടുത്തു ചെല്ലുവാൻ കഴിയും. അവിടെ നിന്ന് കൃപയും കരുണയും തക്ക സമയത്തു പ്രാപിക്കുവാനും കഴിയും.

ശ്രദ്ധിക്കുക,പരീക്ഷിക്കപ്പെടുമ്പോൾ പാപത്തിൽ വീണു പോയാൽ നമുക്ക് കരുണ ആവശ്യമാണ്, എന്നാൽ പാപത്തിൽ വീഴാതിരിക്കാൻ ആണ് നമുക്ക് കൃപ ആവശ്യമുള്ളത്. രണ്ടു കാര്യങ്ങൾക്കും വേണ്ടി നമുക്ക് കൃപയുടെ സിംഹാസനത്തിലേക്ക് ധൈര്യപൂർവ്വം പോകുവാൻ കഴിയും.

എന്നാൽ പാപത്തിൽ വീഴാതെയിരിക്കുവാൻ തക്ക സമയത്തു നമുക്ക് വേണ്ട സഹായം കൃപയായതിനാൽ . നാം പരീക്ഷാസമയങ്ങളിൽ, കൃപയുടെ സിംഹാസന

ത്തിലേക്കു ധൈര്യ പൂർവ്വം അടുത്ത് ചെന്നാൽ നമുക്ക് പാപത്തിൽ വീഴാതെ ജീവിക്കുവാൻ കഴിയും.

## അദ്ധ്യായം 5

## യേശുക്രിസ്തു: നിത്യനായ മഹാപുരോഹിതൻ

അദ്ധ്യായം 5 എന്നത് 4-ലാമത്തെ അദ്ധ്യായത്തിലെ അതേ വിഷയത്തിന്റെ തുടർച്ചയാണ്; എബ്രായലേഖനത്തിലെ ഏറ്റവും തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതായ ഒരു അധ്യായമാണ് ഇത്. അതുകൊണ്ട് നമുക്ക് ഈ അധ്യായം ശ്രദ്ധാപൂർവം പരിശോധിക്കാം

*വാക്യം 1 മനുഷ്യരുടെ ഇടയിൽനിന്ന് എടുക്കുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിപ്പാൻ ദൈവകാര്യത്തിൽ മനുഷ്യർക്കു വേണ്ടി നിയമിക്കപ്പെടുന്നു*

ഇവിടെ എഴുത്തുകാരൻ; മനുഷ്യരിൽ നിന്നും തിരഞ്ഞെടുക്കുന്ന മഹാപുരോഹിതന്റെയും (ലേവ്യാപുരോഹിതന്മാരുടെയും) ദൈവത്താൽ നിയോഗിക്കപ്പെട്ട നിത്യപുരോഹിതന്റെയും തമ്മിലുള്ള വ്യത്യസത്തെയാണ് വിശദീകരിക്കുന്നത്.

*വാക്യം 2,3 താനും ബലഹീനത പൂണ്ടവനാകയാൽ അറിവില്ലാത്തവരോടും വഴി തെറ്റിപ്പോകുന്നവരോടും സഹതാപം കാണിപ്പാൻ കഴിയുന്നവനും ബലഹീനത നിമിത്തം ജനത്തിനുവേണ്ടി എന്നപോലെ തനിക്കു വേണ്ടിയും പാപയാഗംഅർപ്പിക്കേണ്ടവൻ ആകുന്നു.*

ലേവ്യ പുരോഹിതന്മാർക്കു പാപികളോടു കൂടെ സൌമൃതയോടെ ഇടപെടുവാൻ കഴിയും,കാരണം താനും പാപം ഉള്ളവനാണ്.തനിക്കു വേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതും വണ്ണം ബലഹീനതകൾക്ക് അവർ വിധേയരായിരുന്നു .അതു കൊണ്ട് തന്നെ അവൻ ജനത്തി നും വേണ്ടിയും തനിക്കു വേണ്ടിയും പാപങ്ങൾക്കായി യാഗങ്ങൾ അർപ്പിക്കേണ്ടതാണ്.

എന്നാൽ ഇതിൽ നിന്നും തികച്ചും വ്യത്യസ്തനായി നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു തനിക്കു വേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ട ബലഹീനതകൾക്കോ, പാപങ്ങൾക്കോ വിധേയൻ ആയിരുന്നില്ല; പകരം അവൻ എല്ലാ വിധത്തിലും പാപമില്ലാത്തവനും പരിപൂർണ്ണതയുള്ളവനുമാണ്.

അതുകൊണ്ടാണ് പുതിയ ഉടമ്പടി പഴയതിനേക്കാൾ എല്ലാവിധത്തിലും ഏറ്റവും മികച്ചതാകുന്നത്.നമുക്ക് വേണ്ടി മധ്യസ്ഥനായി സ്വർഗത്തിൽ ഉള്ളത് പാപമില്ലാത്തവനായ, തികഞ്ഞവനായ, പരിപൂർണ്ണതയുള്ളവനായ മഹാപുരോഹിതനാണ്.

*വാക്യം 4 എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല*

മഹാപുരോഹിത ശുശ്രൂഷ ദൈവം നൽകുന്ന നിയമനമാണ്. ലേവ്യ പുരോഹിതന്മാർക്ക് പോലും ദൈവദത്ത നിയമനം വഴി മാത്രമേ പുരോഹിതൻ ആകുവാൻ കഴിയുമായിരുന്നുള്ളൂ.

*വാക്യം 5 അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്ത്വം സ്വതവേ എടുത്തിട്ടില്ല; "നീ എന്റെപുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് അവനോട് അരുളിച്ചെയ്തവൻ അവനു കൊടുത്തതത്രേ*

അതിനാൽ തന്നെ മഹാപുരോഹിതന്റെ സ്ഥാനത്തേക്ക് യേശു തന്നെത്തന്നെ ഉയർത്തിയതല്ല. ആ സ്ഥാനം ഏറ്റെടുക്കുവാൻ കഴിയുമായിരുന്ന,അതിനു യോഗ്യതയുള്ള ഒരേയൊരു വ്യക്തി താൻ മാത്രം ആയിരുന്നുവെങ്കിലും, ക്രിസ്തു ആ മഹത്വം സ്വതവേ എടുത്തതല്ല, ദൈവം അവനു ആ മഹത്ത്വം നൽകിയതാണ് എന്ന് ലേഖകൻ വ്യക്തമാക്കുന്നു.

മഹാപുരോഹിതനായി യേശുക്രിസ്തുവിനെ നിയമിച്ചു കൊണ്ടുള്ള ദൈവീക പ്രഖ്യാപനമാണ് “നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന വാക്യം.

നാം ഒന്നാം അധ്യായത്തിൽ കണ്ടതുപോലെ; ഈ നിയമനം, പഴയനിയമ പിതാക്കന്മാർക്കു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു ദൈവം നൽകിയ വാഗ്ദാനം നിറവേറ്റപ്പെടുന്നതാണ് എന്ന് നമുക്ക് കാണാം ( പ്രവൃത്തികൾ 13:32, 33).

ശ്രദ്ധിക്കുക ; യഹോവ സാക്ഷികൾ പഠിപ്പിക്കുന്നതുപോലെ ഇത് നിത്യതയിൽ യേശു ജനിച്ചതിനെക്കുറിച്ചു പറയുന്നതല്ല ; ആ ഉപദേശത്തിനു തിരുവെഴുത്തിൽ ഒരു അടിസ്ഥാനവുമില്ല. മാത്രമല്ല, "ഇന്ന്" എന്ന വാക്ക് നിത്യതയല്ല, സമയത്തെ കാണിക്കുന്നതാണ്.

യേശുവിന്റെ മരണത്തിൽ നിന്നുള്ള പുനരുത്ഥാനത്തെയാണ് " ജനിപ്പിച്ചിരിക്കുന്നു " എന്ന് ഇവിടെ പരാമർശിക്കുന്നത്, അതുകൊണ്ടാണ് യേശുവിനെ മരിച്ചവരിൽ നിന്ന് ആദ്യജാതൻ എന്ന് വിളിച്ചിരിക്കുന്നത് (വെളിപ്പാട്1: 5).

മരിച്ചവരിൽ നിന്ന് ആദ്യമായി ജനിച്ചവൻ എന്ന നിലയിൽ, അവൻ മരണത്തിൽനിന്ന് ഉയർപ്പിക്കപ്പെട്ട വിശ്വാസികളുടെ , തന്റെ ശരീരമായ,സഭയുടെ ശരീരത്തിന്റെ ശിരസ്സായിത്തീർന്നു എന്നും ദൈവവചനം വ്യക്തമാക്കുന്നു . (കൊലൊസ്സ്യർ 1:18, എഫെസ്യർ 2: 1)

*വാക്യം 6 അങ്ങനെ മറ്റൊരേടത്തും: “നീ മൽക്കിസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു പുരോഹിതൻ” എന്നുപറയുന്നു*

ദൈവം യേശുക്രിസ്തുവിനെ നമ്മുടെ മഹാപുരോഹിതനായി പ്രഖ്യാപിച്ചു എന്ന് മാത്രമല്ല, മൽക്കീസേദക്കിന്റെ

ക്രമപ്രകാരം ഉള്ള "എന്നേക്കും ഒരു പുരോഹിതൻ" എന്ന സ്ഥാനവും നൽകി.

യേശുക്രിസ്തുവിനെ നിത്യനായ മഹാപുരോഹിതനായി അവതരിപ്പിക്കുന്ന മറ്റൊരു പഴയ നിയമ ഉദ്ധരണിയാണ് ഈ വാക്യവും.

ഇതും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം മാത്രം നിറവേറ്റപ്പെടുന്നതാണ് എന്ന് നമുക്ക് കാണാം. സങ്കീർത്തനം 110 ൽ നിന്ന് എടുത്ത ഒരു ഉദ്ധരണിയാണ് ഇത്. തന്റെ മരണത്തിലൂടെ പാപപരിഹാരം വരുത്തിയ ശേഷം ഉയിർത്തെഴുന്നേറ്റു വലത്തുഭാഗത്ത് ഇരിക്കുന്ന പുത്രനോട് പിതാവ് പറയുന്ന വാക്യമാണ് ഇത്.

നാം മുൻപ് കണ്ടത് പോലെ; മരണ പുനരുദ്ധാനങ്ങളിൽ കൂടി യേശു തന്റെ മഹാപുരോഹിത ശുശ്രൂഷ ആരംഭിച്ചതായി ഈ വാക്യങ്ങൾ വ്യക്തമായി തെളിയിക്കുന്നു.

*വാക്യം 7 ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് തന്നെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുന്നവനോട് ഉച്ചത്തിലുള്ള നിലവിളിയോടും കണ്ണുനീരോടും കൂടെ പ്രാർത്ഥനയും, അഭയയാചനയുംനടത്തുകയും*

എബ്രായ ലേഖനത്തിലെ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ടതും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതും ആയ ഒരു വാക്യം ഇതാണ്

ഈ വാക്യത്തെക്കുറിച്ച് വ്യത്യസ്തമായ വിശദീകരണങ്ങൾ ഉണ്ട്. അതിനാൽ നമുക്ക് ശ്രദ്ധാപൂർവ്വം വിവിധ വ്യാഖ്യാനങ്ങളെ പരിശോധിക്കുകയും അതിൽ തിരുവെഴുത്തിനോട് ഏറ്റവും യോജിക്കുന്ന വ്യാഖ്യാനം എന്താണ് എന്ന് മനസ്സിലാക്കുകയും ചെയ്യാം.

ഒരു വ്യാഖ്യാനം ഇങ്ങനെയാണ്; ഈ വാക്യം യേശുവിനു ബാധകമയതല്ല കാരണം, ഇവിടെ തന്നെ മരണത്തിൽ നിന്നും രക്ഷിക്കാൻ യേശു പ്രാർഥിക്കുകയല്ല. പകരം

യേശുവിന്റെ ഉള്ളിൽ ഉള്ളവർക്ക് വേണ്ടി, അവരുടെ പകരക്കാരനായി താൻ കഴിക്കുന്ന മഹാപുരോഹിത ശുശ്രൂഷാണ് ഇത് എന്നതാണ്.

ഈ വ്യാഖ്യാനം തികച്ചും വചന വിരുദ്ധവും പ്രഥമ ദൃഷ്ടിയിൽ തന്നെ തള്ളിക്കളയുകയും ചെയ്യാവുന്നതാണ്. കാരണം ഈ വാക്യം വ്യക്തമായിതന്നെ യേശു മരണത്തിൽ നിന്ന് തന്നെ രക്ഷിക്കാൻ കഴിയുന്ന ദൈവത്തോട് പ്രാർത്ഥിച്ചു എന്ന് പറയുന്നു. അതു കൊണ്ട് ഈ വാക്യത്തിലെ പ്രാർത്ഥന യേശുവിനെ പറ്റിയല്ല എന്ന വ്യാഖ്യാനം ഈ വാക്യത്തിനു നേരിട്ട് തന്നെ വിരുദ്ധമാണ്.

മാത്രമല്ല, ഇത് യേശു മഹാപുരോഹിതൻ എന്ന നിലയിൽ നിർവ്വഹിക്കുന്ന മദ്ധ്യസ്ഥ പ്രാർഥനയല്ല. മറിച്ചു ഭൂമിയിൽ ആയിരുന്നപ്പോൾ യേശുവിന്റെ വ്യക്തിപരമായ പ്രാർഥനയായിരുന്നു എന്നത് വ്യക്തമാണ്.

ഇത് യേശുവിന്റെ തന്നെക്കുറിച്ചുള്ള പ്രാർഥന തന്നെയാണ് എന്ന് ഈ വാക്യത്തിൽ തന്നെ വ്യക്തമാകുന്നതിനാൽ ഈ സംഭവം എബ്രായ എഴുത്തുകാരൻ എന്തിനെക്കുറിച്ചു പറയുന്നു എന്നും, യേശു എന്ത് മരണത്തിൽ നിന്നും വിടുവിക്കപ്പെടാനാണു പ്രാർഥിച്ചത് എന്നുമുള്ളതു നാം കൂടുതലായി പരിശോധിക്കേണ്ടതു ണ്ട്.

നാം തിരുവെഴുത്തുകൾ തിരുവെഴുത്തോപയോഗിച്ച് താരതമ്യം ചെയ്തു പരിശോധിക്കുകയാണ് എങ്കിൽ; ഇവിടെ പരാമർശിക്കുന്ന യേശുവിന്റെ പ്രാർത്ഥനയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ *(പ്രാർത്ഥന, ഉറച്ച നിലവിളി, കണ്ണുനീർ,അപേക്ഷ, അഭയയാചന)* നാം കാണുന്നത് ഗത്സമനയിലെ യേശുവിന്റെ പ്രാർത്ഥനയിലാണ്. (മർക്കൊസ്14: 33 ,മത്തായി 26: 44 ,ലൂക്കോസ് 26: 44 )

ഈ വാക്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാക്കാവുന്നതു, യേശുക്രിസ്തു ഉറച്ച നിലവിളി

യോടെയും, കണ്ണുനീരോടെയും പ്രാർഥിച്ചതു മനുഷ്യ വർഗ്ഗത്തിന്റെ പാപം എന്ന പാനപാത്രം ഏറ്റെടുക്കുവാൻ പോകുന്ന സാഹചര്യത്തിലാണ്.ആ പാനപാത്രത്തിൽ, നമുക്ക് വേണ്ടി പാപമാക്കപ്പെടുമ്പോൾ, പാപത്തിന്റെ ശമ്പളമായ മരണം ഉൾപ്പെട്ടിരുന്നു.

യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ ക്രൂശിലെ ശാരീരിക കഷ്ടതെയെക്കാളും, ശാരീരിക മരണത്തെക്കാ ളും എല്ലാം കവിയുന്നതാണ്.യേശു കഴിയുമെങ്കിൽ ഒഴിവാക്കുവാൻ ആവശ്യപ്പെടുന്ന കഷ്ടത, പ്രധാനമായും മനുഷ്യവർഗ്ഗത്തിന്റെ പാപം ഏറ്റെടുത്തു പാപമായിത്തീരുമ്പോൾ ഉണ്ടാകുന്ന പിതാവുമായുള്ള വേർപാട് ആണ്.

പലരും ചിന്തിക്കന്നതുപോലെ ക്രൂശിലെ ശാരീരിക പീഡകളെയും ശാരീരിക മരണത്തെയും മാത്രം ഓർത്തിട്ടല്ല, യേശുക്രിസ്തു വിയർപ്പു രക്തമാകും വണ്ണം ഹൃദയവേദനയോടെ പ്രാർഥിച്ചതും, മൂന്ന് വട്ടം പിതാവിനോട് കഴിയുമെങ്കിൽ ഈ പാനപാത്രം നീക്കി തരേണമേ എന്ന് അപേക്ഷിച്ചതും. ദൈവത്തോടുള്ള കൂട്ടായ്മ യിൽ നിന്നുമുള്ള വേർപാട് ഒഴിവാക്കാൻ കഴിയുമോ എന്നാണ് കർത്താവു ചോദിച്ചത്.

പക്ഷെ ആ പാനപാത്രം തൻ ഏറ്റെടുത്തില്ല എങ്കിൽ ദൈവവുമായി നിത്യമായി വേർപെടാൻ പോകുന്ന എന്നെയും നിങ്ങളെയും ഓർത്തു കൊണ്ടാണ് കർത്താവു ആ പാനപാത്രം, ദൈവീക ശിക്ഷാവിധി, ദൈവത്തിൽ നിന്നുള്ള താൽക്കാലിക കൈവിട പ്പെടൽ നമുക്ക് വേണ്ടി വേദനയോടെ ഏറ്റെടുത്തത്. അത് കൊണ്ടാണ് ഇന്ന് ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ലാത്തതു.

മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി യേശു നൽകിയ വിലയിൽ തീർച്ചയായും ശാരീരിക പീഡനങ്ങളും ശാരീരിക മരണവും ഉൾപ്പെട്ടിരുന്നു എങ്കിലും ആ വില കേവലം ശാരീരിക പീഡനങ്ങളേക്കാളും ശാരീ

രിക മരണത്തേക്കാളും വളരെ ഉയർന്നതാണ് . അതിനാലാണ് നമ്മെ വീണ്ടെടുത്തിരിക്കുന്നത്, പൊന്ന്, വെള്ളി മുതലായ നശിച്ചുപോകുന്ന വസ്തുക്കളെക്കൊ ണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്ന് പത്രോസ് പറയുന്നത് (1 പത്രോ1:18).

നമുക്ക് വേണ്ടി പാപമായപ്പോൾ കർത്താവ് ഏറ്റവും വിലമതിച്ചിരുന്ന പിതാവിന്റെ സാന്നിധ്യത്തിൽ നിന്നും ക്രിസ്തു കൈവിടപ്പെട്ടു. നാം ദൈവദൃഷ്ടിയിൽ നീതിമാനായി തീരേണ്ടതിനു അവൻ അക്ഷരാർത്ഥ ത്തിൽ നമുക്ക് വേണ്ടി പാപമായിത്തീർന്നു (2 കൊരി. 5:21).

*വാക്യം 7 ദൈവത്തോടുള്ള ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു*

എന്നാൽ യേശുവിന്റെ പ്രാത്ഥനക്കു ഉത്തരം ലഭിച്ചു എന്ന് വാക്യം ഒരു പക്ഷെ സംശയമുളവാക്കാം, ആ സംശയത്തിനു കാരണം പ്രാർത്ഥനയുടെ ഉത്തരത്തെ സംബന്ധിച്ചുള്ള നമ്മുടെ പൊതുവായ തെറ്റിദ്ധാരണയാണ്. പ്രാർഥനയ്ക്കുള്ള ഉത്തരം എന്നത് എല്ലായ്പ്പോഴും അനുകൂലം ആകണം എന്നില്ല എന്ന് നാം മനസ്സിലാക്കണം.

യേശുവിനെപ്പോലെ തന്നെ പൗലോസും മൂന്നു പ്രാവശ്യം ഒരേ കാര്യത്തിനു വേണ്ടി പ്രാർത്ഥിച്ചു, എന്നാൽ ദൈവത്തിന്റെ ഉത്തരം " എന്റെ കൃപ നിനക്ക് മതി" എന്നതായിരുന്നു. അതിനാൽ തന്നെ പരിശോധനയെ അതിജീവിക്കുവാൻ സഹായിക്കുന്ന ദൈവ കൃപ പ്രാർഥനയ്ക്കുള്ള ഉത്തരമാണ്.

തന്റെ പ്രാർഥനയ്ക്കുള്ള ഉത്തരമായി ദൈവം ദൂതനെ അയച്ചു യേശുവിനെ ശക്തിപ്പെടുത്തിയതായി നാം കാണുന്നു.

ലൂക്കോസ്  26: 43 അവൻ മുട്ടുകുത്തി പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: പിതാവേ, നിനക്കു മനസ്സുണ്ടെ ങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെ എന്നു പ്രാർത്ഥിച്ചു. സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി അവനെ ശക്തിപ്പെടുത്തുകയും ചെയ്തു.

അതു കൊണ്ട്, ഈ വാക്യത്തിൽ എബ്രായർ എഴുത്തുകാരൻ ഉയർത്തിക്കാട്ടുന്ന സംഭവം  യേശുവിന്റെ ഐഹിക ജീവിതകാലത്തെ ഗത്സമനയിലെ പ്രാർത്ഥനയാണ് എന്നതാണ് തിരുവെഴുത്തിനോട് ഏറ്റവും ചേർന്ന് നിൽക്കുന്ന  വ്യാഖ്യാനം എന്ന് നമുക്ക് മനസ്സിലാ ക്കാം. ഈ വാക്യത്തെ ഈ രീതിയിൽ തന്നെയാണ് മിക്കവാറും എല്ലാ  ബൈബിൾ വ്യാഖ്യാതാക്കളും മനസ്സിലാ ക്കിയിരിക്കു ന്നത്

*വാക്യം 8 താൻ ദൈവപുത്രൻ ആണെങ്കിലും, കഷ്ടാനുഭവങ്ങളിലൂടെ അനുസരണം പഠിച്ച് പരിപൂ ർണ്ണനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണവുമായിത്തീർന്നു മൽക്കീസേദെക്കിനെ പോലെയുള്ള മഹാപുരോഹിതൻ എന്ന് ദൈവ ത്താൽ നാമകരണം ചെയ്യപ്പെട്ടും ഇരിക്കുന്നു.*

ഈ വാക്യത്തിൽ ഹെബ്രായ ലേഖകൻ വ്യക്തമാക്കുന്നത്  യേശുക്രിസ്തു  ദൈവപുത്രൻ ആണെങ്കിലും അവൻ കഷ്ടാനുഭവങ്ങളിലൂടെ അനുസരണം പഠിച്ച് പരിപൂർണ്ണനായതിനു ശേഷമാണു മൽക്കീസേദെക്കിനെ പോലെയുള്ള മഹാപുരോഹിതൻ എന്ന് ദൈവത്താൽ നാമകരണം ചെയ്യപ്പെട്ടുതു എന്നതാണ്.

അതായതു  ക്രിസ്തു ഈ  ഭൂമിയിൽ പൂർത്തീകരിക്കേണ്ട കഷ്ടതയും തികക്കേണ്ട അനുസരണവും പൂർത്തിയാക്കിയതിലൂടെ, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതൻ ആകുകയും, മഹാപുരോഹിതനായി നിയമിക്കപ്പെടുകയും ആയിരുന്നു

എന്നാണ് ലേഖകൻ സമർത്ഥിക്കുന്നത്.ക്രിസ്തുവിന്റെ അനുസരണം പൂർണ്ണമായതു അവന്റെ മരണത്തിൽ ആണ് എന്ന് ദൈവവചനം പറയുന്നു. (ഫിലിപ്പിയർ 2: 6-11).

യേശുക്രിസ്തുവിന്റെ മരണ സമയത്തെ സംഭവങ്ങളുടെ ഏകദേശ രൂപം ഇങ്ങനെയാണ്.

യോഹന്നാൻ 19: 28 അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ട്..... യേശു പുളിച്ച വീഞ്ഞു കുടിച്ചശേഷം: **നിവൃത്തിയായി** എന്നു പറഞ്ഞു തലചായിച്ച് ആത്മാവിനെ ഏല്പിച്ചു കൊടുത്തു.

മത്തായി 27:50,51 യേശു പിന്നെയും ഉറക്കെ നില വിളിച്ചു പ്രാണനെ വിട്ടു. അപ്പോൾ മന്ദിരത്തിലെ തിര ശ്ശീലമേൽ തൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി;

അതായതു യേശുക്രിസ്തുവിന്റെ അനുസരണം പൂർത്തി യാകുന്നത്, സകലവും നിവർത്തിക്കുന്നത്, അനുസര ണത്തിൽ തികഞ്ഞവൻ ആയിത്തീർന്നതു തന്റെ ശാരീ രിക മരണത്തിലാണ്. അപ്പോഴാണ് യേശു തന്റെ ദേഹം എന്ന തിരശീല ചിന്തിയത്. അപ്പോൾ ദൈവം ദേവാലയ തിരശീല ചിന്തിക്കൊണ്ട് ലെവ്യപൌരോഹിത്യം അവസാനിപ്പിക്കുകയും, ക്രിസ്തു മൽക്കിസേദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനായി ശുശ്രൂഷ ആരംഭി ക്കുകയും ചെയ്തു.

യേശുക്രിസ്തു വ്യക്തി എന്ന നിലയിൽ, യേശുക്രിസ്തു പാപമില്ലാത്ത പരിശുദ്ധൻ എന്ന നിലയിൽ, തികഞ്ഞവ ൻ ആയിരുന്നു എങ്കിലും അനുസരണത്തി ൽ തികഞ്ഞ ത് (അനുസരണം പൂർത്തീകരിച്ചത്) തന്റെ മരണത്തിൽ ആണ്.

യേശുക്രിസ്തു നിവർത്തിയായി എന്ന് പറയുമ്പോൾ, തന്റെ ഈ ഭൂമിയിലെ മനുഷ്യൻ എന്നുള്ള അനുസരണം

പൂർണ്ണമായും പൂർത്തിയാകുകയായിരുന്നു. അങ്ങനെ അവൻ ദൈവത്തിന്റെ വലതു ഭാഗത്തേക്ക് ഉയർത്തപ്പെടുകയും തന്റെ വലതു ഭാഗത്തു ഇരുന്നു കൊണ്ട് മഹാപുരോഹിതൻ എന്ന നിലയിൽ പക്ഷപാദം ചെയ്യുകയും ചെയ്യുന്നു. (ഫിലിപ്പിയർ 2: 6-11, എഫെസ്യർ 1:19, 20)

*വാക്യം 11, 12 ഇതിനെക്കുറിച്ച് ഞങ്ങൾക്കു പറയുവാൻ വളരെയുണ്ട്. എന്നാൽ അവ നിങ്ങൾക്കു വേണ്ടവണ്ണം ഗ്രഹിക്കുവാൻ ത്രാണിയില്ലാത്തതു കൊണ്ട്, വിശദീകരിക്കുവാൻ വിഷമമാണ്. ഇതിനകം നിങ്ങൾ ഉപദേഷ്ടാക്കൾ ആകേണ്ടതായിരുന്നു. എന്നിട്ടും ദൈവത്തിന്റെ സന്ദേശത്തിലെ ആദ്യ പാഠങ്ങൾ പോലും ആരെങ്കിലും നിങ്ങൾക്കു പറഞ്ഞുതരേണ്ടിയിരിക്കുന്നു. കട്ടിയുള്ള ആഹാരമല്ല, പാലാണ് ഇപ്പോഴും നിങ്ങൾക്ക് ആവശ്യം.*

മൽക്കിസേദെക്കിന്റെ ക്രമപ്രകാരം ഉള്ള യേശുക്രിസ്തുവിന്റെ മഹാപുരോഹിത ശുശ്രൂഷയെ പറ്റി വളരെയധികം പറയുവാൻ ലേഖകൻ ആഗ്രഹിക്കുന്നു. എന്നാൽ അത് കട്ടിയുള്ള ആഹാരമാണ്. ദൈവത്തിന്റെ സന്ദേശത്തിലെ ആദ്യപാഠങ്ങൾ മാത്രം ഗ്രഹിച്ചിരിക്കുന്ന, ശൈശവാവസ്ഥയിലുള്ള വായനക്കാർക്ക് അത് ഗ്രഹിക്കാൻ ബുദ്ധിമുട്ടാണ് എന്നത് ലേഖകൻ ചൂണ്ടികാണിക്കുന്നു. എന്നാൽ വായക്കാർ ശൈശവാവസ്ഥയിൽ ഉള്ളവർ ആണെങ്കിലും, ലേഖകൻ യേശുക്രിസ്തുവിന്റെ മഹാപുരോഹിത ശുശ്രൂഷയെ പറ്റി കൂടുതലായി അടുത്ത അധ്യായങ്ങളിൽ വിവരിക്കുന്നു.

## അധ്യായം 6

## യേശുക്രിസ്തു : അതിവിശുദ്ധ സ്ഥലത്തെ മഹാപുരോഹിതൻ

*വാക്യം 1-3 അതുകൊണ്ട് ക്രിസ്തുവിന്റെ സന്ദേശത്തിന്റെ പ്രാഥമികപാഠങ്ങൾ പിന്നിട്ട് പക്വതയിലേക്കു നമുക്ക് മുന്നേറാം. നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാന സാന്തരം, ദൈവത്തിലുള്ള വിശ്വാസം, സ്നാനങ്ങളെക്കു റിച്ചുള്ള അടിസ്ഥാന ഉപദേശം, കൈവെപ്പ്, മരിച്ചവ രുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെ യുള്ള അടിസ്ഥാനം നാം പിന്നെയും ഇടേണ്ടതില്ല. ദൈവം അനുവദിക്കുന്ന പക്ഷം നാം പൂർണ്ണ പരിജ്ഞാ നം നേടും.*

ദൈവവചനത്തിലെ പ്രാഥമികപാഠങ്ങൾ പിന്നിട്ട് പക്വ തയിലേക്കു മുന്നേറുവാൻ വായനക്കാരെ ലേഖകൻ ആഹ്വാനം ചെയ്യുന്നു. മാനസാന്തരം, ദൈവത്തിലുള്ള വിശ്വാസം, സ്നാപനങ്ങളെ കുറിച്ചുള്ള ഉപദേശം, കൈവ യ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാ വിധി എന്നിവയാണ് പ്രാഥമിക പാഠങ്ങൾ. അത് അടിസ്ഥാന ഉപദേശങ്ങൾ ആണ് എങ്കിലും, അടിസ്ഥാനത്തിൽ തന്നെ നിൽക്കാതെ ക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണ പരിജ്ഞാനം നേടണം എന്നതാണ് ദൈവത്തിന്റെ ആഗ്ര ഹം. അതിനാൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തെ കുറി ച്ചുള്ള കൂടുതൽ കാര്യങ്ങൾ ലേഖകൻ മുൻപോട്ടു വിശ ദീകരിക്കുന്നു.

4 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ ദൈവീക വാഗ്ദത്തങ്ങളെ പ്രാപിച്ചശേഷവും പരിജ്ഞാന പൂർത്തി പ്രാപിച്ചു വളരുവാൻ ശ്രമിക്കാതെ ശൈശവാവസ്ഥയി ൽ തുടരുന്ന വിശ്വാസികൾ പിന്മാറിപ്പോകുവാൻ സാധ്യതയുള്ളതിനെപറ്റിയുള്ള മുന്നറിയിപ്പും, അതിനു ശേഷം വിശ്വാസത്താലും, ദീർഘക്ഷമയാലും മുൻപോ

ട്ടു പോയി വാഗ്ദത്തങ്ങളെ കൈവശപ്പെടുത്തണം എന്ന പ്രബോധനവും ലേഖകൻ നൽകുന്നു

*വാക്യം 11, 12 എന്നാൽ നിങ്ങൾ ഓരോരുത്തരും പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിക്കുവാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കണമെന്ന് ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങൾ ഉത്സാഹം കെട്ടവരാകാതെ, വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരുവിൻ.*

അടുത്തതായി വിശ്വാസത്താലും ദീർഘക്ഷമയാലും ദൈവീക വാഗ്ദത്തങ്ങളെ പൂർവ്വപിതാവായ അബ്രഹാം എങ്ങനെ അവകാശമാക്കി എന്നതാണ് വിശദീകരിക്കുന്നത്.

*വാക്യം 13 ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്യുമ്പോൾ തന്നെക്കാൾ വലിയവനെക്കൊണ്ട് സത്യം ചെയ്‌വാൻ ഇല്ലാതിരുന്നിട്ട് തന്റെ നാമത്തിൽ തന്നേ സത്യം ചെയ്തു:*

ദൈവം അബ്രഹാമിൻ കൊടുത്ത രണ്ടു കാര്യങ്ങളെ കുറിച്ചു ഇവിടെ വിശദീകരിക്കുന്നു. ഒന്ന് വാഗ്ദത്തവും, രണ്ടാമത് ആ വാഗ്ദത്തത്തെ ഉറപ്പിച്ചു കൊണ്ടുള്ള സത്യവും.

*വാക്യം 14, 15 "ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കുകയും ചെയ്യും എന്നു അരുളിച്ചെയ്തു. അങ്ങനെ അബ്രഹാം ക്ഷമയോടെ ദീർഘകാലം കാത്തിരുന്ന് വാഗ്ദത്ത വിഷയം നേടുകയും ചെയ്തു.*

ദൈവം അബ്രഹാമിനെ തനിക്കു എഴുപത്തിയഞ്ച് വയസ്സുള്ളപ്പോൾ വിളിക്കുകയും, തനിക്കു സന്തതിയെ കൊടുക്കുകയും, വർധിപ്പിക്കുകയും, ആ സന്തതിയിലൂടെ സകല ജാതികളെയും അനുഗ്രഹിക്കുകയും ചെയ്യും എന്ന് വാഗ്ദത്തം കൊടുക്കുകയും ചെയ്തു.

ഉൽപത്തി 12:2,3 ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ  ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

എന്നാൽ അനേക വർഷങ്ങൾക്ക് ശേഷം ദൈവം ആ വാഗ്ദാനം തന്നെക്കൊണ്ട് തന്നെ സത്യം ചെയ്തു വീണ്ടും ഉറപ്പിക്കുന്നു.

ഉൽപത്തി22:18 നീ എന്റെ വാക്ക് അനുസരിച്ചതു കൊണ്ടു നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നു ഞാൻ എന്നെക്കൊണ്ടു തന്നെ സത്യം ചെയ്തിരിക്കുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു

*വാക്യം 16, 17 തങ്ങളേക്കാൾ വലിയവനെക്കൊണ്ടല്ലോ മനുഷ്യർ സത്യം ചെയ്യുന്നത്; അങ്ങനെ ഇടുന്ന ആണ അവർക്ക് ഉറപ്പും തർക്കമില്ലാത്തതുമാകുന്നു. അതു കൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്ക് തന്റെ ഉദ്ദേശം മാറാത്തത് എന്ന് അധികം സ്പഷ്ടമായി കാണിക്കുവാൻ തീരുമാനിച്ചിട്ട് ഒരു ആണയാലും ഉറപ്പുകൊടുത്തു.*

ദൈവത്തെക്കാൾ വലിയവൻ ഇല്ലാത്തതിനാൽ ആണ് ദൈവം തന്നെക്കൊണ്ട് തന്നെ  സത്യം ചെയ്തു കൊണ്ട് തന്റെ  വാഗ്ദത്തത്തെ ഉറപ്പിച്ചത്. താൻ വാഗ്ദത്തം ചെയ്തത്തിന്റെ ഉദ്ദേശം മാറാത്തത് ആണ് എന്ന് അധികം സ്പഷ്ടമായി കാണിക്കുവാൻ തീരുമാനിച്ചിട്ട് ആണ് ദൈവം സത്യം ചെയ്തു അതിനെ ഉറപ്പിക്കുന്നത്.

*വാക്യം 18 ദൈവം ഉറപ്പുകൊടുത്ത രണ്ടു കാര്യങ്ങളായ “ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കുകയും ചെയ്യും”  എന്ന വാഗ്ദത്തത്തിൽ ഉറച്ചുനിൽക്കുക*

*യും ദൈവത്തിൽ ശരണത്തിനായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിന്റെ വാക്ക് വ്യാജമല്ല എന്ന് തെളിയിക്കപ്പെട്ടതും ശക്തിയുള്ളതുമായ ഈ പ്രബോധനം പ്രാപിക്കുവാൻ ഇടവരുന്നു.*

ഹെബ്രായ ലേഖകൻ ഇവിടെ വ്യക്തമാക്കുന്ന വിഷയം, ദൈവം വാഗ്ദാനം ചെയ്തതും, അതിനു ശേഷം സത്യം ചെയ്തു ഉറപ്പിക്കുന്നതുമായ കാര്യത്തിൽ നിന്നും ദൈവം ഒരിക്കലും മാറുകയില്ല എന്നതാണ്. അതിനാൽ യേശുക്രിസ്തുവിൽ കൂടി പുതിയ ഉടമ്പടിയിൽ ദൈവം മനുഷ്യവർഗ്ഗത്തിനു വാഗ്ദാനം ചെയ്ത ദൈവസാന്നിധ്യ ത്തിലേക്കുള്ള പ്രവേശനവും, അതിവിശിഷ്ടമായ ആ ത്മീയ നന്മകളും ഒരിക്കലും മാറ്റം വരുത്താൻ കഴിയാ ത്തതാണ്.അതിനു കാരണം യേശുക്രിസ്തുവിന്റെ പൌ രോഹിത്യം ദൈവം വാഗ്ദാനം ചെയ്യുക മാത്രമല്ല, സത്യം ചെയ്തു ഉറപ്പിക്കുകയും ചെയ്തു എന്നുള്ളതാണ്. (ഹെബ്രാ യർ 7:20)

*വാക്യം 19, 20 ഇത് സുരക്ഷിതവും സുനിശ്ചിതവും, തിര ശ്ശീലയ്ക്കപ്പുറത്തുള്ള അതിവിശുദ്ധസ്ഥലത്തേക്കു കട ന്നുചെല്ലുന്നതുമാകുന്നു. യേശു നമുക്കുവേണ്ടി, നമുക്കു മുമ്പായി അവിടെ പ്രവേശിക്കുകയും മൽക്കി സെദേ ക്കിനെപ്പോലെ എന്നേക്കും മഹാപുരോഹിതനാകു ക യും ചെയ്തിരിക്കുന്നു*

ഈ വാഗ്ദാനവും, സത്യവും തിരശ്ശീലക്കകത്തേക്കു അതിവിശുദ്ധ സ്ഥലത്തേക്ക്, ദൈവസാനിധ്യത്തിലേ ക്കു നമുക്ക് കടക്കാം എന്നത്തിന്റെ സുരക്ഷിതവും സു നിശ്ചിതവും ആയ ഉറപ്പാണ്.അവിടേക്കു,സ്വർഗീയമ ന്ദിരത്തിന്റെ തിരശ്ശീലയ്ക്കപ്പുറത്തുള്ള അതിവിശുദ്ധ

സ്ഥലത്തേക്കു മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനായി നമ്മുടെ മുന്നോടിയായി പ്രവേ ശിച്ചിരിക്കുന്നു.

അതിവിശുദ്ധസ്ഥലത്തേക്കു നാം ധൈര്യത്തോടെ പ്രവേശിക്കുവാൻ കാരണം കാരണം യേശു, മുന്നമേ അവിടെ പ്രവേശിക്കുകയും നമ്മെ സ്വാഗതം ചെയ്യാൻ അവിടെ കാത്തിരിക്കുകയുമാണ് എന്നതാണ്. തന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയുമാണ് ക്രിസ്തു നമുക്ക് മുന്നോടിയായി അവിടേക്കു പ്രവേശി ച്ചത്. ക്രിസ്തുവിന്റെ രക്തം സകല പാപവും പൊക്കി നമ്മെ ശുദ്ധീകരിച്ചതിനാൽ, അവനിലൂടെ നമുക്കും അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശനം ലഭിച്ചു.

## അദ്ധ്യായം 7

## യേശുക്രിസ്തു: മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യ പുരോഹിതൻ

ഈ അധ്യായത്തിൽ ലേഖകൻ ലേവ്യപൗരോഹിത്യത്തിൽ നിന്നും മൽക്കിസെദേക്കിന്റെ ക്രമ പ്രകാരമുള്ള യേശുവിന്റെ നിത്യ പൌരോഹിത്യത്തിന്റെ വ്യത്യാസങ്ങളും ശ്രേഷ്ഠതയും വിശദീകരിച്ചു കൊണ്ടാണ് ആരംഭിക്കുന്നത്.

മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യവും ലേവ്യ പൗരോഹിത്യവും തമ്മിലെ വ്യത്യാസം.

*വാക്യം 1 ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കീസേദെ ക്ക്, രാജാക്കന്മാരെ നിഗ്രഹിച്ച് മടങ്ങിവരുന്ന അബ്രഹാമിനെ എതിരേറ്റു ചെന്ന് അനുഗ്രഹിച്ചു.*

ലേവ്യപൗരോഹിത്യത്തിൽ ആരും ഒരേസമയം പുരോഹിതനും രാജാവായിട്ടില്ല.കാരണം ദാവീദിന്റെ വംശത്തിൽപ്പെട്ടവർക്കാണ് രാജാധികാരം ലഭിക്കുക പൌരോഹിത്യം അഹരോന്യ വംശത്തിൽ നിന്നും .എന്നാൽ മൽക്കീസേദെക് ഒരേ സമയം തന്നെ രാജാവും പുരോഹിതനുമാണ്; കൂടാതെ, ദൈവവചനം ആദ്യമായി രാജാവായും പുരോഹിതനായും പരിചയപ്പെടുത്തുന്നത് മൽക്കീസേദെക്കിനെയാണ്. അതിനാൽ മൽക്കീസേദെക് ലേവ്യ പൗരോഹിതൻമാരെക്കാൾ മുൻപേയുള്ള, ദൈവത്താൽ നിയമിതനായ പുരോഹിതനാണ്.

*വാക്യം 3 അവൻ പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല; അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു.*

ലേവ്യപൌരോഹിത്യം വംശാവലി പ്രകാരമാണ് ഒരുവനു ലഭിക്കുന്നത് പൌരോഹിത്യം ലഭിക്കണം എങ്കിൽ വംശാവലി തെളിയിക്കപ്പെടേണ്ടത് ആവശ്യമാണ്. എന്നാൽ അവർക്ക് മുന്നമെയുള്ള മഹാപുരോഹിതനായ മൽക്കീസേദെക്കിന്റെ വംശാവ രേഖപ്പെടുത്തിയിട്ടില്ല എന്ന് എഴുത്തുകാരൻ പറയുന്നു.

യഥാർത്ഥത്തിൽ മൽക്കിസെദേക്കിനെ പറ്റി അധികം വിവരങ്ങൾ പഴയ നിയമത്തിൽ ലഭ്യമല്ല, യേശുക്രിസ്തുവിന്റെ മഹാ പുരോഹിതത്തിനു നിഴലായി ആണ് നാം മൽക്കിസെദേക്കിനെ കാണുന്നത്. ഈ വാക്യപ്രകാരം മൽക്കിസെദേക് പിതാവോ മാതാവോ, ജീവരംഭമോ, അവസാനമോ ഇല്ലാത്ത ഒരുവൻ ആണ് എന്നർത്ഥമില്ല, മറിച്ചു വംശാവലി പ്രകാരം പുരോഹിതന്മാർ ആകുന്ന ലേവ്യപുരോഹിതന്മാരുമായുള്ള താരതമ്യത്തിൽ അവരെക്കാൾ ശ്രേഷ്ഠനായ, ഈ കാര്യങ്ങൾ ഒന്നും രേഖപ്പെടുത്താത്ത മൽക്കിസെദേക്, ആ വിധത്തിൽ ദൈവപുത്രനായ യേശുക്രിസ്തുവിനു തുല്യൻ എന്നാണ് ലേഖകൻ ഇവിടെ അർത്ഥമാക്കുന്നത്. പതിനാറാമത്തെ വാക്യത്തിൽ ഇത് തന്നെയാണ് വിശദീകരിക്കുന്നത്.

NLT: "There is no record of his father or mother or any of his ancestors--no beginning or end to his life. He remains a priest forever, resembling the Son of God."

## മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത

*വാക്യം 4, 5 ഇവൻ എത്ര മഹാൻ എന്നു ശ്രദ്ധിക്കുവിൻ; നമ്മുടെ പൂർവ്വപിതാവായ അബ്രഹാം കൂടെയും യുദ്ധത്തിൽ പിടിച്ചെടുത്ത വിശേഷസാധനങ്ങളിൽ നിന്നും പത്തിലൊന്ന് അവൻ കൊടുത്തുവല്ലോ. ലേവിപുത്രന്മാരിൽ പൗരോഹിത്യം ലഭിക്കുന്നവർക്കു ന്യായപ്രമാണപ്രകാരം ജനത്തോടു ദശാംശം വാങ്ങുവാൻ*

*കല്പന ഉണ്ട്; അത് അബ്രഹാമിന്റെ സന്തതികളായി തീർന്നയിസ്രായേല്യരോടാകുന്നു വാങ്ങുന്നതു.*

അബ്രാഹത്തിന്റെ സന്തതി പരമ്പരയിൽ നിന്നു ജനിച്ച ലേവ്യപുത്രൻമാർക്കാണ് ദശാംശം വാങ്ങുവാൻ ഉള്ള അവകാശം ദൈവത്തിൽ നിന്നും ലഭിച്ചത്. എന്നാൽ അതെ ലേവി തന്നെ അബ്രഹാമിൽ കൂടി മൽക്കീസേദെക്കിനു ദശാംശം കൊടുത്തു എന്ന് ഹെബ്രായലേഖകൻ സമർഥിക്കുന്നു.

ഹെബ്രായ ലേഖകൻ ഈ അടിസ്ഥാന ആശയമാണ് മുൻപോട്ടു വിശദീകരിക്കുന്നത്. മൽക്കീസേദെക്ക് എന്ന മഹാപുരോഹിതന്റെ മഹത്വം കണ്ടപ്പോൾ അബ്രാഹാം അദ്ദേഹത്തിൻ തന്റെ സമ്പത്തിൽ നിന്നും ദശാംശം കൊടുത്തു.

*വാക്യം 6, 7 എന്നാൽ മൽക്കിസെദേക്ക് ലേവിയുടെ വംശാവലിയിൽ ഉൾപ്പെടാത്തവൻ ആണെങ്കിലും അബ്രഹാമിനോട് ദശാംശം വാങ്ങിയും ദൈവത്തിൽ നിന്നവാഗ്ദത്തങ്ങൾ പ്രാപിച്ചവനെ അനുഗ്രഹിച്ചുമിരിക്കുന്നു. ഉയർന്നവൻ താണവനെ അനുഗ്രഹിക്കു ന്നു എന്നതിൻ തർക്കംഏതുമില്ലല്ലോ*

ദശാംശം സ്വീകരിച്ചത് കൂടാതെ ലേവിയുടെ പൂർവ്വികനായ അബ്രാഹമിനെ മൽക്കീസേദെക്ക് അനുഗ്രഹിച്ചു. അനുഗ്രഹിക്കുന്നവൻ അനുഗ്രഹം സ്വീകരിക്കുന്നവനെക്കാൾ ഉയർന്നവൻ ആണ് എന്നത് വ്യക്തമാണ്. ഈ രണ്ടു സംഭവങ്ങളും തെളിയിക്കുന്നത് മൽക്കീസേദെക്കിന്റെ പുരോഹിത്വം ലേവ്യ പൗരോഹിത്വത്തേക്കാൾ മുൻപിലത്തെതായിരുന്നു എന്ന് മാത്രമല്ല ഉയർന്നതുമായിരുന്നു എന്നതാണ്.

*വാക്യം 11ലേവിപൗരോഹിത്യത്താൽ ജനത്തിൻ ന്യായപ്രമാണം ലഭിച്ച് സമ്പൂർണ്ണതവന്നെങ്കിൽ, അഹരോന്റെ ക്രമപ്രകാരം എന്നു പറയാതെ മൽക്കീസേദെക്കിന്റെ*

*ക്രമപ്രകാരംവേറൊരു പുരോഹിതൻ വരുവാനുള്ള ആവശ്യം എന്തായിരുന്നു?*

ഈ വാക്യത്തിൽ എബ്രായ എഴുത്തുകാരൻ ഉയർത്തുന്ന ചോദ്യവും സമർത്ഥിക്കുന്ന യുക്തിയും സുപ്രധാനമാണ്; ലേവ്യ പൌരോഹിത്യം വഴി ഒരുവൻ പൂർണ്ണത ലഭിക്കുമോ എന്ന സുപ്രധാന ചോദ്യമാണ് എഴുത്തുകാരൻ ഉയർത്തുന്നതു.

പൂർണ്ണത ലഭിക്കും എങ്കിൽ ഒരു പുതിയ പുരോഹിതന്റെ ആവശ്യമില്ല. അങ്ങനെയെങ്കിൽ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം ഒരു പുതിയ പുരോഹിതനെപ്പറ്റി 110-മത്തെ സങ്കീർത്തനത്തിൽ ദൈവം എന്തിനാണ് ദൈവം വാഗ്ദാനം ചെയ്തത്?

മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ, ദൈവവും മനുഷ്യനുമായുള്ള തികഞ്ഞ കൂട്ടായ്മ, പൂർണ്ണമായ ബന്ധം ലേവ്യ പൌരോഹിത്യം വഴി വന്നിരുന്നു എങ്കിൽ, മറ്റൊരു ക്രമത്തിൽ ഒരു പുരോഹിതൻ വരുന്നതിനെപ്പറ്റിയുള്ള വാഗ്ദത്തം ദൈവം നൽകേണ്ട ആവശ്യമില്ലായിരുന്നു.

ഇതൊരു പ്രധാന പ്രസ്താവനയാണ്.കാരണം ദൈവവുമായുള്ള ഒരു ശരിയായ ബന്ധം പഴയ ഉടമ്പടിയിലോ, ന്യായപ്രമാണത്തിലൂടെയോ ലേവിപൌരോഹിത്യ ത്തിലോ ഒരിക്കലും സാധ്യമായിരുന്നില്ല എന്ന് ദൈവവചനം ഇവിടെ സുവ്യക്തമായി തെളിയിക്കുന്നു.

എബ്രായ എഴുത്തുകാരൻ വാസ്തവത്തിൽ ഇവിടെ സ്ഥാപിക്കുന്നത്, മനുഷ്യനും മനുഷ്യനും ദൈവവു മാ യുള്ള തികഞ്ഞ ബന്ധം പഴയഉടമ്പടിയിലോ, ലേവ്യ പൌരോഹിത്യത്തിലോ ഒരിക്കലും സാധ്യമായിരുന്നില്ല എന്ന് ദൈവം മുന്നമേ അറിഞ്ഞിരുന്നു. അതിനാൽ ആണ് മൽക്കീസേദെക്കിന്റെ ക്രമപ്രകാരം ഒരു പുതിയ പുരോഹിതനെപ്പറ്റിയുള്ള വാഗ്ദത്തം കൊടുക്കുവാൻ കാരണമായത് എന്നതാണ്.

മനുഷ്യനുമായുള്ള തികഞ്ഞ ബന്ധത്തിന്റെ പുനഃസ്ഥാപനം ന്യായപ്രമാണത്തിലൂടെയോ, പഴയ ഉടമ്പടിയിലൂടെയോ സാധിക്കുവാൻ ദൈവം ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അതിനാൽ യേശു ക്രിസ്തുവിൽ കൂടിയുള്ള പുതിയ ഉടമ്പടിയാണ് ദൈവത്തിന്റെ ഹൃദയത്തിലെ ആദ്യ പദ്ധതിയും എന്നേക്കുമുള്ള പദ്ധതിയും. അതാണ് ദൈവം ആദം പാപം ചെയ്തപ്പോൾ തന്നെ മനുഷ്യവർഗ്ഗത്തിന് വാഗ്ദത്തം ചെയ്തത് (ഉല്പത്തി 3 :15).

അതുകൊണ്ട്, ലേവ്യപൗരോഹിത്യം മാറ്റുവാനും പഴയ ഉടമ്പടി റദ്ദാക്കുവാനും  യേശു മുഖാന്തരമായി പുതിയ ഉടമ്പടിയും മൽക്കീസേദെക്കിന്റെ ക്രമപ്രകാരം ഉള്ള പോരോഹിതവും സ്ഥാപിക്കുവാനും ദൈവം മുൻപേ തന്നെ തീരുമാനിച്ചിരുന്നു.

*വാക്യം 12 പൗരോഹിത്യം മാറിപ്പോകുന്നതാണെങ്കിൽ ന്യായപ്രമാണത്തിനും കൂടെ മാറ്റം വരേണ്ടത് ആവശ്യമായിരിക്കുന്നു*

മൽക്കീസേദെക്കിന്റെ ക്രമപ്രകാരം യേശു തന്റെ ശുശ്രൂഷ തുടങ്ങാനായി ലേവ്യപൗരോഹിത്യം , പഴയ ഉടമ്പടി, ന്യായപ്രമാണം എന്നിവ നീക്കപ്പെടേണ്ട  ആവശ്യം ഉണ്ടായിരുന്നു എന്ന് ലേഖകൻ ഇവിടെ വിശദീകരിക്കുന്നു. ഇതിനർത്ഥം ക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തോടെ ഇതൊക്കെയും പഴയതായിത്തീർന്നു എന്നും ,നീക്കപ്പെട്ടു എന്നും  അതോടെയാണ്  പുതിയ ഉടമ്പടിയും പൗരോഹിത്യവും സ്ഥാപിക്കപ്പെട്ടതു  എന്നുമാണ്.

യേശുക്രിസ്തുവിന്റെ  മരണ  പുനരുദ്ധാനത്തോടെയാണ് പുതിയ ഉടമ്പടിയും, തന്റെ പൗരോഹിത്യവും ആരംഭിക്കുന്നത് എന്നതിനു മറ്റൊരു പ്രധാന  തെളിവാണ് ഇതിലൂടെ ഹെബ്രായ ലേഖകൻ സ്ഥാപിക്കുന്നത്.

യേശുക്രിസ്തു തന്റെ  മരണത്താൽ തന്റെ  ദേഹം എന്ന തിരശീല ചിന്തിക്കൊണ്ട് ദൈവവും മനുഷ്യനും തമ്മി

ൽ സമ്പൂർണ്ണമായ ബന്ധവും കൂട്ടായ്മയും പുനഃസ്ഥാപി ച്ചു. ഭൗമികമായ ദേവാലയത്തിന്റെ തിരശീല ചിന്തി ക്കൊണ്ട് ദൈവം ലേവിപൌരോഹിത്യം എന്നെന്നേക്കു മായി അവസാനിപ്പിക്കുകയും, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നെന്നക്കും നിലനിൽക്കുന്ന പൌരോ ഹിത്യം ആരംഭിക്കുകയും ചെയ്തു.

*വാക്യം 16 മാനുഷികമായ പിന്തുടർച്ചയെപ്പറ്റിയുള്ള നിയമമനുസരിച്ചല്ല, അനശ്വരമായ ജീവന്റെ ശക്തി മുഖേനയാണ് അവിടുന്നു പുരോഹിതൻ ആയി രിക്കു ന്നത്.മൽക്കിസെദേക്കിനെപ്പോലെ മറ്റൊരു പുരോഹി തൻ ആവിർഭവിക്കുന്നതിൽനിന്ന് ഇതു കൂടു തൽ വ്യക്തമാകുന്നു.*

ഇവിടെ ഹെബ്രായ ലേഖന കർത്താവ് യേശുക്രിസ്തു, മൽക്കീസേദെക്കിനെപ്പോലെയുള്ള പുരോഹിതൻ ആണ് എന്നതിനു മറ്റൊരു കാരണം കൂടി ചൂണ്ടിക്കാ ണിക്കുന്നു. യേശുക്രിസ്തു മഹാപുരോഹിതൻ ആയതു, ലേവ്യപുരോഹിതന്മാരെ പോലെ മാനുഷികമായ പിന്തുടർച്ചയെപ്പറ്റിയുള്ള വംശാവലി നിയമമനുസരിച്ച ല്ല, മറിച്ചു അനശ്വരമായ ജീവന്റെ ശക്തി മുഖേനയാണ് എന്നാണ് ലേഖകൻ പറയുന്നതു. മൽക്കീസേദെക്കും പുരോഹിതനായത് വംശാവലി നിയമമനുസരിച്ചല്ല എന്നത് മൂന്നാമത്തെ വാക്യത്തിൽ വ്യക്തമാണല്ലോ.

ഈ അനശ്വരമായ ജീവശക്തി യേശുവിനെ മരണത്തി ൽനിന്ന് ഉയിർപ്പിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാണ് എന്നും അങ്ങനെയാണ് ക്രിസ്തു മഹാപുരോഹിതൻ എന്ന നിലയിൽ

ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായത് എ ന്നും പൌലോസ് അപ്പസ്തോലൻ വ്യക്തമാക്കുന്നു.( എ ബ്രായർ 7:16, എഫെസ്യർ 1:19, 20)

മരണ പുനരുത്ഥാനത്തോടെ മാത്രമേ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം യേശു മഹാ പുരോഹിതനായിത്തീരാൻ കഴിയുകയുള്ളൂ എന്ന് ഹെബ്രായ ലേഖകൻ ഈ വാക്യത്തിൽ കൂടി വീണ്ടും തെളിയിക്കുകയാണ്.

*വാക്യം 18 പഴയ കല്പന ദുർബലവും പ്രയോജനരഹിതവുമാകയാൽ അത് അസാധുവാക്കപ്പെട്ടിരിക്കുന്നു. ന്യായപ്രമാണം ഒന്നിനെയും പൂർണമാക്കുന്നില്ലല്ലോ.*

പഴയ കല്പനയും പൌരോഹിത്യവും ഉപേക്ഷിക്കപ്പെടേണ്ടതാണ് അതിനു കാരണം അതിന്റെ ദൗർബ്ബല്യവും ഉപയോഗ ശൂന്യതയുമാണ്.

ന്യായപ്രമാണത്തിന്റെ ദൗർബ്ബല്യവും ഉപയോഗശൂന്യതയും, മനുഷ്യനിലെ പാപസ്വാഭാവ ത്തെ നീക്കുവാൻ കഴിയാത്തതാണ്. അത് മൂലം ദൈവവുമായുള്ള സമ്പൂർണ്ണമായ ബന്ധത്തിലേക്കു അവനെ കൊണ്ടുവരാൻ കഴിഞ്ഞില്ല (റോമർ 8: 3). ന്യായപ്രമാണം പൂർണ്ണതയുള്ളതു ആണ് എങ്കിലും ഒന്നിനെയും അത് പൂർണ്ണമാക്കുന്നില്ല. (സങ്കീർത്തനങ്ങൾ 19:7)

*വാക്യം 19 എന്നാൽ അതിനെക്കാൾ മികച്ച പ്രത്യാശ ഇപ്പോൾ നമുക്കു നല്കപ്പെട്ടിരിക്കുന്നു. അതിൽകൂടി നാം ദൈവത്തെ സമീപിക്കുകയും ചെയ്യുന്നു.*

എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശിലെയാഗത്തിൽ കൂടി നമ്മുടെ പാപഹൃദയത്തെ ദൈവം നീക്കുകയും, ദൈവവുമായി ആത്മാവിൽ ഉള്ള സമ്പൂർണ്ണമായ ബന്ധത്തിലേക്കു നമ്മെ കൊണ്ടുവരികയും ചെയ്യുന്നു , അതിനാൽ ദൈവത്തെ നമുക്ക് ധൈര്യപൂർവ്വം സമീപിക്കാം എന്നതാണ് പുതിയ ഉടമ്പടിയിലെ മികച്ചതായ പ്രത്യാശ.

ദുർബ്ബലവും, ഉപയോഗ ശൂന്യവുമായ പഴയ ഉടമ്പടിയും പൗരോഹിത്യവും നീക്കപ്പെടുമ്പോൾ മാത്രമേ പുതിയ

ഉടമ്പടിയും  മൽക്കീസേദെക്കിന്റെ ക്രമത്തിൽ ഉള്ള പൗരോഹിത്യവും സ്ഥാപിക്കാനാവൂ എന്നതാണ് ഇവിടെ വീണ്ടും തെളിയിക്കപ്പെടുന്നത്.

*വാക്യം 20,21 ദൈവത്തിന്റെ ശപഥം കൂടാതെയാണല്ലോ മറ്റുള്ളവർ പുരോഹിതന്മാരായിത്തീർന്നത്. എന്നാൽ യേശു പുരോഹിതനായപ്പോൾ ദൈവം അവിടുത്തോട് ഇപ്രകാരം പറഞ്ഞു: ദൈവം ശപഥം ചെയ്തിട്ടുണ്ട്; അതിൽനിന്ന് അവിടുന്നു മാറുകയില്ല; 'നീ എന്നേക്കും ഒരു പുരോഹിതനായിരിക്കും*

ഇവിടെ സുപ്രധാനമായ ഒരു വിഷയമാണ്  ലേഖകൻ വിവരിക്കുന്നത്.പഴയ ഉടമ്പടിയേയും, പുരോഹിത്യത്തെയും  ദൈവം നീക്കി എന്ന് മനസ്സിലാകുമ്പോൾ സ്വാഭാവികമായും ഒരു വിശ്വാസിക്ക്  മനസ്സിൽ ഒരു ചോദ്യമുണ്ടാകും, അത് പോലെ തന്നെ  മൽക്കീസേദെക്കിന്റെ പൗരോഹിത്യം ഒരു സമയത്തു ദൈവം നീക്കുവാൻ സാധ്യതയുണ്ടോ?

എബ്രായ ലേഖകൻ അതിനുത്തരമായി പറയുന്നതു ലേവ്യ പുരോഹിതന്മാർ നിയമിക്കപ്പെട്ടതു ദൈവത്തിന്റെ ശപഥം കൂടാതെയാണ് എന്നതാണ്. എന്നാൽ യേശു ക്രിസ്തുവിന്റെ മഹാ പൗരോഹിത്വം ദൈവം മുന്നമേ വാഗ്ദത്തം ചെയ്തു എന്ന് മാത്രമല്ല, 'നീ എന്നേക്കും ഒരു പുരോഹിതനായിരിക്കും' എന്നുള്ള ശപഥതോടെ, ആണയോടെ അത് ദൈവം ഉറപ്പിക്കുകയും ചെയ്തു. അതിനാൽ ക്രിസ്തുവിന്റെ പൗരോഹിത്വം നിത്യവും, ലേവ്യപോരോഹിത്വം പോലെ മാറ്റം വരാത്തതുമാണ്.

*വാക്യം 22 ഇങ്ങനെ യേശു ഒരു മികച്ച ഉടമ്പടിയുടെ ഉറപ്പായിത്തീർന്നിരിക്കുന്നു.*

ഈ ദൈവീകശപഥത്തിന്റെ പിൻബലത്താൽ യേശുക്രിസ്തു പുരോഹിതൻ ആയതിനാൽ, ക്രിസ്തുവിൽ കൂടിയു

ള്ള പുതിയ ഉടമ്പടി എന്നേക്കും നിലനിൽക്കുന്നതും കൂടുതൽ ഉറപ്പുള്ളതും മികച്ചതുമാണ്.

*വാക്യം 23 മുമ്പ് നിരവധി പുരോഹിതന്മാർ ഉണ്ടായിട്ടുണ്ട്; അവരുടെ മരണത്തോടുകൂടി തങ്ങളുടെ പൗരോഹിത്യവും അവസാനിക്കുന്നു.*

പഴയ ലേവ്യപുരോഹിതത്തിൽ അനേക പുരോഹിതന്മാരുണ്ടാകുവാനുള്ള കാരണം എഴുത്തുകാരൻ വ്യക്തമാക്കുന്നു; മരണം അവരെ പൗരോഹിതത്തിൽ നിത്യം തുടരാൻ അനുവദിക്കാഞ്ഞതിനാൽ ആണ് ഇത്.

ലേവ്യപൗരോഹിത്യം ഒരു ജീവിത കാലത്തേക്കുള്ളതായിരുന്നു. ഒരിക്കൽ ഒരു വ്യക്തി മഹാപുരോഹിതനായിത്തീർന്നാൽ ഈ സ്ഥാനം മരണം വരെ നിലനിന്നിരുന്നു (സംഖ്യാപുസ്തകം 35:25). എന്നാൽ ഓരോ പുരോഹിതനും മരിക്കുകയും, അതിനാൽ പുതിയ പുരോഹിതൻ നിയമിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്നു , മരണം എല്ലായ്പോഴും ഒരു പുരോഹിതൻ നിത്യമായി തന്റെ ശുശ്രൂഷ നിർവഹിക്കുന്നതിനു തടസ്സം നിൽക്കുന്നു.

*വാക്യം 24 എന്നാൽ യേശു എന്നേക്കും ജീവിക്കുന്നതുകൊണ്ട് അവിടുത്തെ പൗരോഹിത്യം ശാശ്വതമാണ്.*

വീണ്ടും ഹെബ്രായ ലേഖനകർത്താവ് സമർത്ഥിക്കുന്നത് യേശുക്രിസ്തു എന്നേക്കും നിലനിൽക്കുന്ന, എപ്പോഴും പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതൻ ആകുവാൻ കാരണം മനുഷ്യൻ എന്ന നിലയിൽ എന്നേക്കും ജീവിക്കുന്നവൻ ആയതിനാൽ ആണ് എന്നതാണ് .അതിനാൽ ആണ് തന്റെപൌരോഹിതം ശാശ്വതമായി നിലനിൽക്കുന്നത്.

യേശുക്രിസ്തു ദൈവം എന്ന നിലയിൽ എന്നേക്കും ജീവിക്കുന്നവൻ ആണ് എങ്കിലും മനുഷ്യൻ എന്ന നില

യിൽ എന്നേക്കും ജീവിക്കുന്നവൻ ആയതു മരണ പുന രുദ്ധാനത്തോടെയാണ്.

വെളിപാട് 1:18 18 ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിക്കുന്നു

യേശുവിന്റെ പൗരോഹിത്യവും ലേവ്യ പൗരോഹിത്യ വും തമ്മിലുള്ള അടിസ്ഥാനപരമായ വലിയ വ്യത്യാസമാണിത്. മരണത്തിനു ക്രിസ്തുവിനെ തടയു വാവുകയില്ല .അതു കൊണ്ട് കല്ലറക്ക് മഹാ പുരോഹി തനെന്നനിലയിൽ കർത്താവിന്റെ ശുശ്രൂഷയെ തടസ്സ പ്പെടുത്തുവാനും കഴിഞ്ഞില്ല . മരിച്ചവരിൽനിന്നുള്ള അവന്റെ പുനരുത്ഥാനം, കർത്താവിന്റെ മഹാപുരോ ഹിത സ്ഥാനം ശാശ്വതമായി സ്ഥിരീകരിച്ചു.

"ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിൻ മേലാൽ അവനെ കീഴടക്കു വാൻ കഴിയില്ല"(റോമർ 6: 9).

*വാക്യം 25 അതുകൊണ്ട് തന്നിൽകൂടി ദൈവത്തിന്റെ അടുക്കൽ വരുന്നവരെ എപ്പോഴും രക്ഷിക്കുവാൻ യേശുവിനു കഴിയും. എന്തുകൊണ്ടെന്നാൽ അവർക്കു വേണ്ടി ദൈവത്തിന്റെ അടുക്കൽ മധ്യസ്ഥത വഹിക്കു വാൻ അവിടുന്ന് എന്നേക്കും ജിവിക്കുന്നു.*

ബൈബിളിന്റെ ഏറ്റവും അത്ഭുതകരമായ സത്യങ്ങളി ൽ ഒന്ന്, മരിച്ചവരിൽ നിന്നും പുനരുദ്ധാനം ചെയ്തതിനാ ൽ,എന്നേക്കും ജീവിക്കുന്നതിനാൽ കർത്താവിനു തന്നിൽ കൂടി ദൈവസന്നിധിയിൽ അടുക്കുന്നവരെ പൂർണ്ണമായി രക്ഷിക്കുവാൻ കഴിയുന്നു എന്നതാണ്.

എബ്രായർ2: 15 മരണത്തിന്മേൽ അധികാരമുള്ളവനായ പിശാചിനെ, തന്റെമരണത്താൽ അവൻ നശിപ്പിച്ചു. ഇങ്ങനെ മരണഭീതിയോടെ ജീവിതകാലം മുഴുവൻ അടിമത്തത്തിൽ കഴിഞ്ഞവരെ അവിടുന്നു സ്വതന്ത്ര രാക്കി.

വാക്യം26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു. അവിടുന്നു നിർമ്മലനും,നിർദോഷനും,നിഷ്കളങ്കനും,പാപികളിൽ നിന്നു വേർതിരിക്കപ്പെവനുമാണ്.

ഈ യോഗ്യതകൾ പാപികളായ ലേവ്യപുരോഹിതന്മാരിൽ നിന്നും വ്യത്യസ്തമായി പാപരഹിതനായ, പൂർണ്ണനായ, നിർമ്മലനും, നിർദോഷനും,നിഷ്കളങ്കനും ആയ യേശുക്രിസ്തു എന്ന മഹാപുരോഹിതന്റെ ഔന്യത്വത്തെ കാണിക്കുന്നു.

അതു കൊണ്ടാണ് പുതിയ ഉടമ്പടി പഴയതിനേക്കാൾ എല്ലാ വിധത്തിലും ഏറ്റവും മികവുറ്റതകുന്നത്.നമുക്ക് വേണ്ടി മധ്യസ്ഥനായി സ്വർഗത്തിൽ ഉള്ളത് പാപമില്ലാത്തവനായ, തികഞ്ഞവനായ, പൂർണ്ണതയുള്ളവനായ മഹാപുരോഹിതനാണ്.

*വാക്യം 26 അവിടുന്ന് സ്വർഗങ്ങൾക്കു മീതെഉയർത്തപ്പെട്ടിരിക്കുന്നു*

4-മത്തെഅധ്യായത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം; യേശു സ്വർഗത്തിനു മീതേ ഉയർത്തപ്പെ ടുകയും പിതാവിന്റെ വലത്തു ഭാഗത്തു തന്റെ മഹാപുരോഹിത ശുശ്രൂഷ നടത്തുകയും ചെയ്യുന്ന മഹാപുരോഹിതനാണെന്ന് എഴുത്തുകാരൻ വ്യക്തമാക്കുന്നു.

*വാക്യം 27 മറ്റുള്ള മഹാപുരോഹിതന്മാരെപ്പോലെ, ആദ്യം സ്വന്തം പാപങ്ങൾക്കുവേണ്ടിയും പിന്നീടു മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടിയും എന്നും ബലിയർപ്പിക്കേണ്ട ആവശ്യം യേശുവിനില്ലായിരുന്നു. ഒരിക്കൽ മാത്രമേ അവിടുന്നു ബലി അർപ്പിച്ചിട്ടുള്ളൂ; അത് തന്റെ ജീവൻ അർപ്പിച്ചുകൊണ്ടുള്ള ബലി യായിരുന്നു.*

ലേവ്യ പുരോഹിതന്മാരിൽനിന്ന് വ്യത്യസ്തമായി, മദ്ധ്യസ്ഥത കഴിക്കുന്നതിനു മുമ്പ്, അല്ലെങ്കിൽ യാഗങ്ങൾ അർപ്പിക്കുന്നതിനുമുമ്പേൃശുവിനു തന്റെപാപങ്ങൾക്ക്

വേണ്ടി യാഗം അർപ്പിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. അവൻ നമ്മുടെ പാപങ്ങൾക്കായി നിഷ്കളങ്ക യാഗമായി ഒരിക്കലായി തന്നെത്തന്നെ അർപ്പിച്ചു. അവൻ ഇപ്പോൾ ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്നുകൊണ്ട് നമുക്ക് വേണ്ടി നിത്യമായി മധ്യസ്ഥത ചെയ്യുന്നു.

വാക്യം 28 മോശയുടെ നിയമം, ദുർബലരായ മനുഷ്യരെ മഹാപുരോഹിതന്മാരായി നിയമിക്കുന്നു. എന്നാൽ നിയമത്തിന്റെ കാലശേഷം, എന്നേക്കും പൂർണനാക്ക പ്പെട്ടിരിക്കുന്ന പുത്രനെ ദൈവം ശപഥം ചെയ്തുകൊണ്ടു നല്കിയ വാഗ്ദാനം മുഖേന മഹാപുരോഹിതനായി നിയമിക്കുന്നു.

വീണ്ടും എഴുത്തുകാരൻ ഉറപ്പു നൽകുന്ന വിഷയം, മോശയുടെ നിയമം ദുർബലരായ മനുഷ്യരെ മഹാ പുരോഹിതന്മാരായി നിയമിക്കുമ്പോൾ . ആ നിയമം നീക്കപ്പെട്ടതിനു ശേഷം സ്ഥാപിക്കപ്പെട്ട പുതിയ ഉടമ്പ ടിയുടെ മഹാപുരോഹിതനായി യേശു നിയമിക്ക പ്പെ ടുന്നത്,അനുസരണത്തിൽ അവൻ പൂർണനായി ത്തീർ ന്ന ശേഷം ദൈവത്തിന്റെ ശപഥതോട് കൂടിയാണ് എന്ന താണ്.

## അദ്ധ്യായം 8

## യേശുവിന്റെ രക്തത്താൽ സ്ഥാപിതമായ പുതിയ ഉടമ്പടിയുടെ ഔന്നത്യം

*വാക്യം1 നാം പറയുന്നതിന്റെ സാരം ഇതാണ്; സ്വർഗത്തിൽ ദൈവത്തിന്റെ തേജോമയമായ സിംഹാസനത്തിന്റെവലത്തുഭാഗത്ത് ഇരിക്കുന്ന ഒരു മഹാപുരോഹിതൻ നമുക്കുണ്ട്.*

മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും സംക്ഷിപ്തമായി ലേഖകൻ ഈ അധ്യായത്തിൽ ലേഖകൻ വിവരിക്കുകയാണ്. അത് ഇപ്രകാരമാണ്

പുതിയ ഉടമ്പടിയിൻ കീഴിൽ ഉള്ള നമ്മുടെ മധ്യസ്ഥൻ ആയി, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം ദൈവത്താൽ നിയമിക്കപ്പെട്ട മഹാപുരോഹിതനാണ് യേശു. ദൈവ ത്തിന്റെ തേജോമയമായ സിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നു കൊണ്ടാണ് അവൻ ആ ശുശ്രൂഷ നിർവ്വഹിക്കുന്നത്.

*വാക്യം2 മനുഷ്യനിർമിതമല്ലാത്തതും, ദൈവം സ്ഥാപിച്ചതുമായ സത്യ കൂടാരമാകുന്ന അതിവിശുദ്ധ സ്ഥലത്ത് അവിടുന്നു ശുശ്രൂഷ ചെയ്യുന്നു.*

അവൻ ശുശ്രൂഷ ചെയ്യുന്നത്, ഭൗമീക കൂടാരത്തിലോ, വിശുദ്ധ മന്ദിരത്തിലോ അല്ല പകരം സ്വർഗത്തിൽ, ദൈവത്തിന്റെ തേജോമയമായ സിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നു കൊണ്ടാണ്.ഭൗമീക വിശുദ്ധ മന്ദിരം സ്വർഗ്ഗത്തിലെ യഥാർത്ഥ സത്യകൂടാരത്തിന്റെ നിഴൽ മാത്രമായിരുന്നു.

*വാക്യം 3 ഏതു മഹാപുരോഹിതനും നിയോഗിക്കപ്പെടുന്നത് വഴിപാടുകളും ബലികളും അർപ്പിക്കുവാനാണ്. അതുകൊണ്ട് ഈ മഹാപുരോഹിതനും അർപ്പിക്കുവാൻ എന്തെങ്കിലും ഉണ്ടായിരിക്കേണ്ടതാണല്ലോ*

പഴയ നിയമ പുരോഹിതന്മാരെപ്പോലെ നമ്മുടെ മഹാപുരോഹിതനായ യേശുവിനും യാഗം അർപ്പിക്കേണ്ടതുണ്ട്.എന്നാൽ യേശുവിന്റെ യാഗം ന്യായപ്രമാണ പ്രകാരമുള്ള യാഗങ്ങളെക്കാൾ അത്യധികം ശ്രേഷ്ഠമായിരുന്നു. കാരണം ന്യായപ്രമാണത്തിലേതു പോലെ പാപങ്ങളെ മറയ്ക്കുവാൻ മൃഗങ്ങളുടെ രക്തം ചൊരിയുകയല്ല ക്രിസ്തു ചെയ്തത്, പകരം സ്വന്ത രക്തം അർപ്പിച്ചു, അതിലൂടെ അവൻ പാപത്തിൽനിന്നുള്ള നിത്യമായ വീണ്ടെടുപ്പ് സാധിച്ചു.

*വാക്യം 4 അവിടുന്നു ഭൂമിയിലായിരുന്നെങ്കിൽ ഒരിക്കലും ഒരു പുരോഹിതൻ ആകുമായിരുന്നില്ല*

മുൻ അധ്യായങ്ങളിൽ യേശുക്രിസ്തു ഭൂമിയിൽ മഹാപുരോഹിത ശുശ്രൂഷ ചെയ്തിരുന്നില്ല എന്നും, അതിനുള്ള കാരണങ്ങളും വസ്തുതകളും വിവരിച്ചതിനു ശേഷം ഈ വാക്യത്തിലൂടെ ലേഖനകർത്താവ് ആ വിഷയം വീണ്ടും ഉറപ്പിച്ചു പറയുകയാണ്. യേശുക്രിസ്തു ഭൂമിയിൽ മഹാപുരോഹിത ശുശ്രൂഷ ചെയ്തതായി പറയുന്ന എല്ലാ വാദങ്ങളെയും ഈ വാക്യം വ്യക്തമായി നിരസിക്കുന്നു.

*വാക്യം 4 ന്യായപ്രമാണം അനുസരിച്ച് വഴിപാടുകൾ അർപ്പിക്കുന്നപുരോഹിതന്മാർ ഇവിടെയുണ്ടല്ലോ;*

ക്രിസ്തു ഭൂമിയിൽ മഹാപുരോഹിത ശുശ്രൂഷ ചെയ്യാതിരിക്കുവാനുള്ള ഉള്ള പ്രധാന കാരണം, പഴയ നിയമ ന്യായപ്രമാണവും ലേവ്യ പൌരോഹിത്യവും ക്രിസ്തുവിന്റെ മരണം വരെ മാറ്റപ്പെട്ടിരുന്നില്ല എന്നതാണ് . ന്യായപ്രമാണം നില നിൽക്കുന്നതിനാൽ അത് അനുസരിച്ച് അന്നും പുരോഹിതന്മാർ ഉണ്ട്.

പഴയ ഉടമ്പടിയും ലേവ്യപൗരോഹിത്യവും നീക്കപ്പെട്ടതിനു ശേഷം മാത്രമേ പുതിയഉടമ്പടിയും മൽക്കീസേദെക്കിന്റെ ക്രമത്തിൽ ഉള്ള പൌരോഹിത്യവും ആരം

ഭിക്കാൻ കഴിയുകയുള്ളൂ. യേശുക്രിസ്തുവിന്റെ മരണത്തിൽ ആണ് പഴയതു നീക്കപ്പെടുകയും, തന്റെ രക്തത്താൽ പുതിയത് സ്ഥാപിക്കപ്പെടുകയും ചെയ്യുന്നത്.

*വാക്യം 5 അവർ ഇവിടെ ചെയ്യുന്ന ശുശ്രൂഷ സ്വർഗത്തിൽ ചെയ്യുന്നതിന്റെ പ്രതിബിംബവും നിഴലും മാത്രമാണ്. മോശ കൂടാരം നിർമിക്കുവാൻ ഭാവിച്ചപ്പോൾ 'പർവതത്തിൽവച്ചു നിനക്കു കാണിച്ചുതന്ന മാതൃകപ്രകാരം സകലവും ചെയ്യുവാൻ നീ ശ്രദ്ധിക്കുക' എന്നു ദൈവം അരുളിച്ചെയ്തു*

പഴയ നിയമ ഉടമ്പടിയും, ലേവ്യപൗരോഹിത്യവും യേശുവിൽ കൂടി വരാൻ പോകുന്ന യാഥാർത്ഥ്യത്തിന്റെ നിഴലുകളായിരുന്നു. യാഥാർത്ഥ്യങ്ങൾ വരുന്നതുവരെ മാത്രമേ നിഴലുകൾക്കു പ്രസക്തിയുള്ളൂ.പർവ്വതത്തിന്റെ മുകളിൽ ദൈവം മോശയെ സ്വർഗീയമായ ആ യഥാർത്ഥ കൂടാരത്തിലെ എല്ലാ കാര്യങ്ങളും കാണിച്ചു കൊടുത്തു, അതെ മാതൃകയിൽ തന്നെ ഭൂമിയിൽ അത് പുനർനിർമ്മിക്കുവാൻ ദൈവം ആവശ്യപ്പെട്ടു.

*വാക്യം 6 ശ്രേഷ്ഠമായ വാഗ്ദാനങ്ങളിൽ അധിഷ്ഠിതമായ മികച്ച ഉടമ്പടിയുടെ മധ്യസ്ഥനാണ് യേശു. അതിനാൽ അതിന്റെവൈശിഷ്ട്യത്തിനൊത്തവണ്ണം അതിവിശിഷ്ടമായ ശുശ്രൂഷയത്രേയേശുവിനു ലഭിച്ചിരിക്കുന്നത്.*

യേശുവിന്റെ ശുശ്രൂഷ അതിവിശിഷ്ടമാണ് കാരണം, തന്റെ രക്തത്താൽ സ്ഥാപിതമായ മികച്ച ഉടമ്പടിയുടെ മധ്യസ്ഥനാണ് ക്രിസ്തു. മാത്രമല്ല അതിവിശിഷ്ടമായ വാഗ്ദാനങ്ങൾ ആണ് ആ ഉടമ്പടിയുടെ ഭാഗമാകുന്നവർക്കുള്ളത്. ഏറ്റവും ഉപരിയായി യേശുവിന്റെ പൌരോ ഹിതത്തിന്റെ ശ്രേഷ്ഠത അത് ദൈവത്തിന്റെ ശപഥത്താൽ ഉറപ്പിക്കപ്പെട്ടതും, എന്നേക്കും നിലനിൽക്കുന്നതുമാണ് എന്നതാണ് .

*വാക്യം 7 ആദ്യത്തെ ഉടമ്പടി കുറവില്ലാത്തതായിരു ന്നെങ്കിൽ രണ്ടാമതൊന്നു വേണ്ടി വരികയില്ലായിരുന്നു. എന്നാൽ ജനങ്ങൾ കുറവുള്ള വരായിരുന്നതു കൊണ്ട് തിരുവെഴുത്തിൽ ഇപ്രകാരം പറയുന്നു: ദൈവം അരുൾ ചെയ്യുന്നു: " ഞാൻ ഇസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസങ്ങൾ വരുന്നു. 9ഞാൻ അവരുടെ പൂർവികരുടെ കൈക്കു പിടിച്ച് ഈജിപ്റ്റിൽ നിന്നു കൊണ്ടുവന്ന നാളിൽ അവരോടു ചെയ്തതുപോലെയുള്ള ഉടമ്പടിയല്ല അത്."*

പഴയ ഉടമ്പടി കുറവുള്ളതായതിനാൽ ആണ് യേശു തന്റെ മരണത്താൽ പുതിയ ഉടമ്പടി സ്ഥാപിച്ചത്. മനുഷ്യനെ ദൈവവുമായുള്ള പരിപൂർണതയുള്ള ഒരു ബന്ധത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിരുന്നില്ല എന്നതാണ് പഴയ ഉടമ്പടിയിലെ പ്രധാന കുറവ്. അതി നു കാരണം മനുഷ്യനിലെ നീക്കപ്പെടാത്ത പാപ മായി രുന്നു.കാളകളുടെയും,കോലാടുകളുടെയും രക്തത്തി നു പാപത്തെ നീക്കുവാൻ കഴിഞ്ഞില്ല, അതിനാൽ ക്രിസ്തുവിന്റെ നിത്യയാഗത്താൽ പാപങ്ങൾക്ക് എന്നെ ന്നേക്കും പരിഹാരം വരുത്തുകയും, മനുഷ്യന്റെ പാപ ഹൃദയത്തെ ദൈവം നീക്കുകയും, ദൈവവുമായു ള്ള പരിപൂർണതയുള്ള ബന്ധം സ്ഥാപിക്കുകയും പഴയ ഉടമ്പടിയെ ദൈവം നീക്കിക്കളയു കയും ചെയ്തു.

പുതിയ ഉടമ്പടിയുടെ കീഴിലെ അതിവിശിഷ്ടമായ വാഗ്ദാനങ്ങൾ 10 - 12 വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണാവുന്നതാണ്.

*വാക്യം 10-12 ദൈവം ഇങ്ങനെ അരുൾ ചെയ്യുന്നു: "വരും കാലത്ത് ഇസ്രായേൽജനത്തോടു ഞാൻ ചെയ്യുവാനിരിക്കുന്ന ഉടമ്പടി ഇതാകുന്നു:എന്റെ നിയമ ങ്ങൾ അവരുടെ മനസ്സിൽ ഞാൻ നല്കും; അവരുടെ ഹൃദയങ്ങളിൽ അവ ആലേഖനം ചെയ്യും. ഞാൻ*

*അവരുടെ ദൈവമായിരിക്കും;അവർ എന്റെ ജനവുമായിരിക്കും.ദൈവത്തെ അറിയുക എന്ന് അവരിലാർക്കും തന്റെ സഹപൗരനെയോ സഹോദരനെയോ പറഞ്ഞു പഠിപ്പിക്കേണ്ടിവരികയില്ല; എന്തെന്നാൽ ഏറ്റവും എളിയവൻതൊട്ട് ഏറ്റവും വലിയവൻവരെ എല്ലാവരും എന്നെ അറിയും;അവരുടെ അധർമം ഞാൻ പൊറുക്കും; അവരുടെ പാപങ്ങൾ ഒരിക്കലും ഓർക്കുകയുമില്ല."*

യേശുക്രിസ്തുവിന്റെ രക്തത്താൽ സ്ഥാപിതമായ പുതിയ ഉടമ്പടിയിൽ പങ്കാളികൾ ആകുന്നവർക്കുള്ള അതിശ്രേഷ്ഠ വാഗ്ദാനങ്ങൾ ഇവയാണ്.

എല്ലാ പാപങ്ങളിൽനിന്നും ഉള്ള പൂർണ്ണമായ ക്ഷമയും പൂർണ്ണമായ വിടുതലും, പാപപൂർണമായ, കല്ലായുള്ള പാപഹൃദയം നീക്കപ്പെടുക ,മാംസളമായ പുതിയ ഹൃദയം നല്കപ്പെടുക, പുതിയ ഹൃദയത്തിൽ ദൈവത്തിന്റെ ന്യായപ്രമാണം എഴുതപ്പെടുക, പാപത്തിന്റെ ശക്തിയിൽനിന്നു എന്നെന്നേക്കുമായി സ്വതന്ത്രനാ വുകയും, ആത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യുക, ദൈവീക സ്വസ്ഥതയാകുന്ന ശബ്ബത്തിൽ എല്ലാക്കാലവും വസിക്കുക, സ്വന്ത പിതാവിനെന്ന നിലയിൽ ദൈവത്തെ അറിയുക, ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുക തുടങ്ങിയ അതി ശ്രേഷ്ഠമായ,അതി മഹത്വ കരമായ വാഗ്ദാനങ്ങൾ!!.പഴയഉടമ്പടിയുടെയും ലേവ്യപൗരോഹിത്യത്തിൻ കീഴിൽ ഇതൊന്നും തന്നെ സാധ്യമായിരുന്നില്ല.പഴയ ഉടമ്പടിയുടെ ന്യൂനതയും അത് തന്നെ.

*വാക്യം 13 ഒരു പുതിയ ഉടമ്പടി എന്നു പറയുന്നതിനാൽ ആദ്യത്തേതിനെ ദൈവം കാലഹരണപ്പെടുത്തിയിരിക്കുന്നു; പഴകുന്നതും ജീർണിക്കുന്നതുമായവ എന്തും ക്ഷണം അപ്രത്യക്ഷമാകും*

അതേ,പുതിയ ഉടമ്പടി സ്ഥാപിക്കപ്പെട്ടപ്പോൾ പഴയ ഉടമ്പടി സമ്പ്രദായം അതിന്റെ ബലഹീനതയും,

ന്യൂനതയും മൂലം കാലഹരണപ്പെട്ടിരിക്കുന്നു .കാലഹരണപ്പെട്ട ഉടമ്പടിയുടെ സ്ഥാനത്തു യേശുവിന്റെ രക്തത്താൽ അതി ശ്രേഷ്ഠമായ പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുന്നു. പഴയതിനെ നീക്കിക്കളയുവാൻ തക്കവണ്ണം പര്യാപ്തമാണ് പുതിയത്. അന്ന് മുതൽ യേശുക്രിസ്തു മെച്ചപ്പെട്ട വാഗ്ദാനങ്ങളിൽ സ്ഥാപിക്കപ്പെട്ട ഒരു ശ്രേഷ്ഠമായ ഉടമ്പടിയുടെ മധ്യസ്ഥനായ,മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ ആയി നമുക്ക് വേണ്ടി ശുശ്രൂഷ ചെയ്യുന്നു.

## അധ്യായം 9

## രക്തത്താൽ സ്ഥാപിക്കപ്പെട്ട രണ്ടു ഉടമ്പടികൾ

1-7 വാക്യങ്ങൾ പഴയ ഉടമ്പടിയിലെ സമാഗമ കൂടാരത്തെ കുറിച്ചുള്ള വിശദീകരണമാണ്, പ്രത്യേകിച്ച് വിശുദ്ധ സ്ഥലത്തെയും, അതിവിശുദ്ധ സ്ഥലത്തെയും വിഭജിച്ച തിരശീലയെ കുറിച്ചുള്ള വിശദീകരണം ലേഖകൻ എടുത്തു പറയുന്നു . ദൈവം മോശെയെ പർവതത്തിൽ കാണിച്ച മാതൃക അനുസരിച്ചായിരുന്നു എല്ലാം ചെയ്തത് എന്ന് ലേഖകൻ വിവരിക്കുന്നു.

*വാക്യം 8 പുറം കൂടാരം നിലനിൽക്കുന്നിടത്തോളം കാലം അതിവിശുദ്ധ സ്ഥലത്തേക്കുള്ള പാത ഇനിയും തുറക്കപ്പെട്ടിട്ടില്ല എന്ന് പരിശുദ്ധാത്മാവ് ഈ സംവിധാനത്താൽ തന്നെ സൂചിപ്പിക്കുന്നു*

വിശുദ്ധ സ്ഥലത്തെയും, അതി വിശുദ്ധ സ്ഥലത്തെയും വിഭജിച്ചു തിരശീല നില നിൽക്കുന്നിടത്തോളം കാലം അതിവിശുദ്ധ സ്ഥലത്തേക്കുള്ള, ദൈവ സന്നിധിയിലേക്കുള്ള പ്രവേശനം സാധ്യമായിരുന്നില്ല എന്നത് ലേഖകൻ വ്യക്തമാകുന്നു.

ലേവ്യ പുരോഹിതർക്ക് ശുശ്രൂഷെക്കായി പുറത്തെ കൂടാരത്തിൽ വരെ കടക്കുവാൻ കഴിയും എങ്കിലും , മഹാപുരോഹിതൻ മാത്രമേ അതി വിശുദ്ധ പ്രവേശനത്തിലേക്ക് പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. അതും, ഊനമില്ലാത്ത ഒരു കുഞ്ഞാടിന്റെ രക്തം കൊണ്ട് വർഷത്തിലൊരിക്കൽ മാത്രമേ മഹാപുരോഹിതനും അത് സാധ്യമായിരുന്നുള്ളൂ.

പഴയ ഉടമ്പടിയുടെ വ്യവസ്ഥിതിയും, ഭൗതിക ദേവാലയവും നില നിൽക്കുന്നിടത്തോളം ദൈവ സന്നിധിയിലേക്കുള്ള പ്രവേശനം സാധിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് ഇതിനാൽ തെളിയിക്കുന്നു.

*വാക്യം 9 ഇത് ഈ കാലഘട്ടത്തിന്റെ പ്രതീകമാണ്. ദൈവത്തിന് അർപ്പിക്കുന്ന വഴിപാടുകളും ബലികളും ആരാധകരുടെ മനസ്സാക്ഷിയെ കുറ്റമറ്റതാക്കിത്തീർക്കുവാൻ പര്യാപ്തമല്ല എന്നത്രേ ഇതിന്റെ അർഥം.*

പഴയ ഉടമ്പടിയുടെ കാലഘട്ടത്തിൽ ആർക്കും ദൈവസന്നിധിയിൽ പ്രവേശിക്കാൻ കഴിയാത്തതുകൊണ്ട്; പൂർണ്ണസമാധാനത്തിൽ ദൈവത്തെ ആരാധിക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല. കാരണം വഴിപാടുകളും ബലികളും പാപത്തെ നീക്കിക്കളയുവാൻ പര്യാപ്തമല്ല. പഴയ ഉടമ്പടിയും ലേവ്യ പൌരോഹിത്യവും നിലനിൽക്കുന്ന ഒരു കാലഘട്ടത്തിന്റെ പ്രതീകമാണ് ഭൌതിക മന്ദിരവും വിശുദ്ധ സ്ഥലത്തെയും, അതിവിശുദ്ധ സ്ഥലത്തെയും വിഭജിച്ചു നിന്നിരുന്ന തിരശീലയും.

*വാക്യം 10 ഭക്ഷണപാനീയങ്ങൾ, വിവിധ ശുദ്ധീകരണ പ്രക്രിയകൾ മുതലായവയോടു മാത്രമേ അവയ്ക്കു ബന്ധമുള്ളൂ. ദൈവം പുതിയതായ വ്യവസ്ഥിതി ഏർപ്പെടുത്തുന്നതുവരെ, അനുഷ്ഠിക്കേണ്ട ബാഹ്യാചാരങ്ങൾ മാത്രമാണവ*

മനുഷ്യന്റെ പാപഹൃദയത്തെ മാറ്റാൻ കഴിയാത്ത ബാഹ്യമായ നിയമങ്ങളും ചട്ടങ്ങളും മാത്രമായിരുന്നു അത്. അതുകൊണ്ടാണ് മനുഷ്യന്റെ ഹൃദയത്തെ മാറ്റാൻ കഴിയുന്ന പുതിയ ഉടമ്പടി ആവശ്യമായിരുന്നത്.ആ പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുന്ന വരെയേ ഇത്തരം ആചാര നിയമങ്ങൾക്കു പ്രസക്തി ഉണ്ടായിരുന്നുള്ളു.

*വാക്യം 11 എന്നാൽ വരാനിരിക്കുന്ന നന്മകളുടെ മഹാപുരോഹിതനായി ക്രിസ്തു വന്നിരിക്കുന്നു. അവിടുന്നു ശുശ്രൂഷ ചെയ്യുന്ന കൂടാരം കൂടുതൽ മഹത്തരവും അന്യൂനവുമാണ്. അതു മനുഷ്യനിർമിതമല്ല; അതായത് ഭൌമികമല്ല എന്നു സാരം.*

നാം മുൻ അദ്ധ്യത്തിൽ കണ്ടത് പോലെ ലേഖനകർത്താവ് യേശുക്രിസ്തു വരുവാനുള്ള അതിശ്രേഷ്ഠമായ നന്മകളുടെ മഹാപുരോഹിതനാണു എന്നും , തന്റെ ശുശ്രൂഷ ഭൗമിക മനുഷ്യ നിർമിത കൂടാരത്തിലല്ല, മറിച്ചു സ്വർഗത്തിലാണ് എന്നും ലേഖകൻ വിശദീകരിക്കുന്നു.

*വാക്യം 12 ക്രിസ്തു ആ കൂടാരത്തിലൂടെ കടന്ന് ഒരിക്കൽ മാത്രമായി അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചു.കോലാടിന്റെയോ,കാളക്കിടാവിന്റെയോ രക്തത്തോടു കൂടിയല്ല, പിന്നെയോ, സ്വന്തം രക്തത്തോടു കൂടിയത്രേ അവിടുന്ന് അവിടെ പ്രവേശിച്ചത്. അങ്ങനെ അവിടുന്ന് നമുക്ക് ശാശ്വതമായ വീണ്ടെടുപ്പ് നേടിത്തന്നു .*

ഹെബ്രായ ലേഖനത്തിലെ അത്യഗാധമായ, അതിമഹത്തായ സത്യം ആണ് ഈ വാക്യങ്ങളിൽ ലേഖകൻ വിശദീകരിക്കുന്നുന്നത്. ക്രിസ്തു തന്റെ കളങ്കമില്ലാത്ത രക്തത്താൽ സ്വർഗ്ഗത്തിൽ അതിവിശുദ്ധ സ്ഥലത്തു കടന്നു മനുഷ്യ വർഗ്ഗത്തിന്റെ എന്നെന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചു.

ആദ്യ മനുഷ്യനായ ആദാമിന്റെ ലംഘനത്താൽ മനുഷ്യവർഗ്ഗം ഒന്നാകെ പിശാചിന്റെ അടിമത്തത്തിൽ ആയിപ്പോയിരുന്നു. അന്ന് മുതൽ മനുഷ്യൻ പിതാവായ ദൈവവുമായുള്ള ആത്മാവിലെ കൂട്ടായ്മ അസാധ്യ മായിരുന്നു. പാപത്താൽ വന്ന ഈ വേർപാടിന്റെ പ്രതീകമായിരുന്നു വിശുദ്ധ സ്ഥലത്തെയും, അതിവിശുദ്ധ സ്ഥലത്തെയും തമ്മിൽ വിഭജിച്ച കട്ടിയുള്ള തിരശീല.

എന്നാൽ ക്രിസ്തു പാപരഹിതനായ ദൈവ കുഞ്ഞാടായി വരികയും, നമുക്ക് വേണ്ടി പാപപരിഹാര യാഗമാകേണ്ടതിനു പാപം ചെയ്യാതെ പരിശുധത്മാവിനാൽ തന്നെത്താൻ കളങ്കമില്ലാതവനായി സൂക്ഷിക്കുകയും, തന്റെ ജീവിതാവസാനം തന്നെത്താൻ കളങ്കമില്ലാത്തയാഗമായി ക്രൂശിൽ നമുക്ക് വേണ്ടി അർപ്പിക്കുകയും ചെയ്തു.

അങ്ങനെ ക്രിസ്തു തന്റെ ദേഹം എന്ന തിരശീല ചിന്തി ക്കൊണ്ട് എന്നേക്കുമുള്ള പാപപരിഹാരം സാധിച്ചു. ദേവാലയ തിരശീല എന്നന്നേക്കുമായി ചിന്തി ക്കൊണ്ട് ദൈവസന്നിധിയിലേക്കുള്ള, അതിവിശുദ്ധ സ്ഥലത്തെ ക്കുള്ള വഴി വീണ്ടും തുറന്നു.

*വാക്യം 13,14 ആചാരപ്രകാരം ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തവും പശുഭസ്മവും മലിനപ്പെട്ടവരു ടെ മേൽ തളിക്കുന്നതു നിമിത്തം അവർക്ക് ശാരീരിക ശുദ്ധി വരുത്തുന്നു എങ്കിൽ, നിത്യ ദൈവാത്മാവിനാൽ ദൈവത്തിൻ തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, നിങ്ങളുടെ മനസ്സാക്ഷിയെ നിർ ജ്ജീവ അനുഷ്ഠാനങ്ങളിൽ നിന്നും മോചിപ്പിച്ച്, ജീവ നുള്ള ദൈവത്തെ ആരാധിപ്പാൻ എത്ര അധികമായി ശുദ്ധീകരിക്കും*

പഴയ ഉടമ്പടിയിലെ കാളകളുടെയും കോലാടുകളുടെ യും രക്തം അശുദ്ധരെ പാപങ്ങളെ മറക്കുകയും ബാഹ്യമായി മാത്രം ശുദ്ധീകരിക്കുകയും ചെയ്തു. എന്നാ ൽ,യേശുവിന്റെ രക്തം മനുഷ്യന്റെ ഹൃദയത്തിലെ പാപ ത്തെ നീക്കിക്കളയുന്നു. അത് നമ്മുടെ മനഃസാക്ഷിയെ ശുദ്ധീകരിക്കുന്നു, പാപത്തിന്റെ നിത്യമായ ഫലങ്ങൾ നമ്മിൽ നിന്നും എന്നെന്നേക്കും നീക്കം ചെയ്യുകയും, ശുദ്ധമായ മനഃസാക്ഷിയോടെ ദൈവത്തെ സേവിക്കാ ൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. നാം ക്രിസ്തുവി ന്റെ രക്തത്താൽ പൂർണ്ണമായും ശുദ്ധീകരിക്കപ്പെട്ടു, നമ്മുടെ പാപഹൃദയം മാറ്റപ്പെട്ടു,പുതിയ ഹൃദയം നൽകപ്പെട്ടു, നമ്മുടെ മനഃസാക്ഷി, നിർജ്ജീവ പ്രവൃ ത്തികളിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടു.

യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ പാപത്തിന്റെയും മരണത്തിന്റെയും ന്യായവിധിയുടെയും നിത്യമായ വിടുതലിനു വേണ്ടി കൊടുത്ത വീണ്ടെടുപ്പ് വിലയാ യിരുന്നു.അതുകൊണ്ടാണ് ദൈവവചനം അതിനെ

വീണ്ടെടുപ്പിനായി നൽകിയ വിലയേറിയ രക്തമെന്ന് വിളിക്കുന്നത്.

*വാക്യം 15 ആദ്യത്തെ ഉടമ്പടി പ്രാബല്യത്തിലി രുന്ന പ്പോൾ തങ്ങൾ ചെയ്ത നിയമ ലംഘനങ്ങളിൽ നിന്ന് ജന ത്തെ വീണ്ടെടുക്കുന്നതിനു ക്രിസ്തു മരിച്ചു. അങ്ങനെ ദൈവംവിളിച്ചിട്ടുള്ളവർക്കു വാഗ്ദാനം ചെയ്തിട്ടുള്ള അനശ്വരമായ അവകാശങ്ങൾ പ്രാപിക്കേണ്ടതിനു,ക്രി സ്തു ഒരു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായിത്തീർ ന്നു.*

ആദ്യ ഉടമ്പടിയുടെ കാലത്ത് നിയമലംഘനങ്ങൾ കാരണം മനുഷ്യനും ദൈവവും തമ്മിൽ ശത്രുക്കൾ ആയിരുന്നു എന്ന് ദൈവവചനം പറയുന്നു.രണ്ട് കക്ഷി കൾക്കിടയിൽ ശത്രുതയും, തർക്കവും ഉണ്ടാകുമ്പോൾ അവരെ തമ്മിൽ നിരപ്പിക്കുവാൻ ആണ് മധ്യസ്ഥൻ വേണ്ടിവരുന്നത്.

യേശുക്രിസ്തു മനുഷ്യന്റെ പാപപരിഹാരമായി ക്രൂശിൽ മരിച്ചതിൽ കൂടി ദൈവം, തന്നോട് ശത്രുക്കൾ ആയ മനുഷ്യനെ തന്നോട് നിരപ്പിക്കുവാൻ ഉള്ള പുതിയ ഉടമ്പടി സ്ഥാപിച്ചു.ക്രൂശിൽ ക്രിസ്തുവിന്റെ മരണം; രണ്ടാ യിരം വർഷം മുൻപ് ഈ പുതിയ ഉടമ്പടിയിലൂടെയുള്ള നിരപ്പ് മനുഷ്യവർഗത്തിൻ ലഭ്യമാക്കി.അതിനെപ്പറ്റി ദൈവവചനം ഇപ്രകാരം പറയുന്നു.

2 കൊരിന്ത്യർ 5:18 അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു.

കൊലൊസ്സ്യർ 1: 21 ഒരിക്കൽ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് ദൈവത്തിൽ നിന്ന് അകന്നവരും ശത്രു ക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശു

ദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിന് ക്രിസ്തു ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു

മാത്രമല്ല പുതിയ ഉടമ്പടിയിലെ അതിമഹത്തായ വാഗ്ദാനങ്ങൾക്കു വിശ്വാസത്താൽ ഈ ഉടമ്പടിയിൽ പ്രവേശിക്കുന്നവർ അവകാശികളും ആയിത്തീരുന്നു. അതു കൊണ്ടാണ് ക്രിസ്തു പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മഹാപുരോഹിതനായിത്തീർന്നതു.

റോമർ 5:10 ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും.

*വാക്യം16,17 മരണപത്രത്തിന്റെ കാര്യത്തിൽ, അത് എഴുതിയ ആൾ മരിച്ചു എന്നു സ്ഥാപിക്കേണ്ടത് ആവശ്യമാണല്ലോ.മരണപത്രം എഴുതിയ ആൾ ജീവിച്ചിരിക്കുമ്പോൾ അതിനു സാധുതയൊന്നുമില്ല; അയാളുടെ മരണശേഷം മാത്രമേ അതു പ്രാബല്യത്തിൽ വരികയുള്ളൂ.*

പുതിയ ഉടമ്പടി നിയമാനുസൃതമായി സ്ഥാപിതമാവണെങ്കിൽ, അത് ഉണ്ടാക്കിയ ആളുടെ മരണത്താൽ മാത്രമേ അതിനു സാധിക്കുകയുള്ളൂ എന്ന് എഴുത്തുകാരൻ വീണ്ടും സ്ഥിരീകരിക്കുന്നു. ഇവിടെ വീണ്ടും തെളിയിക്കുന്ന സത്യം, യേശു തന്റെ ജീവൻ അർപ്പിച്ചതിനു ശേഷം മാത്രമേ പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുകയുള്ളൂ എന്നതാണ്, അതിനു ശേഷമാണ് അവൻ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനും മഹാപുരോഹിതനുമായി ശുശ്രൂഷ ആരംഭിക്കുന്നത്.

*വാക്യം18,19,20 രക്തം അർപ്പിക്കാതെയല്ലല്ലോ ആദ്യത്തെ ഉടമ്പടിതന്നെയും ഉറപ്പിക്കപ്പെട്ടത്. നിയമ സംഹിതയിൽ ആവിഷ്കരിക്കപ്പെട്ട കല്പനകൾ മോശ ജനത്തോട്*

*ആദ്യം പ്രഖ്യാപനം ചെയ്തു. അതിനുശേഷം കാളക്കിടാക്കളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തമെടുത്തു വെള്ളത്തിൽ കലർത്തി, ഈസ്സോപ്പുചില്ലയും ചെമന്ന ആട്ടുരോമവുപയോഗിച്ചു നിയമ പുസ്തകത്തിന്മേലും ജനത്തിന്മേലും തളിച്ചു. 'ഇത് ദൈവം നിങ്ങൾക്കു നല്കിയ ഉടമ്പടിയുടെ രക്തം' എന്നു പ്രസ്താവിച്ചു കൊണ്ടാണ് ഇപ്രകാരം ചെയ്തത്.*

രക്തം ചൊരിഞ്ഞു കൊണ്ട്, അഥവാ മരണം ഉറപ്പാക്കിക്കൊണ്ടാണ് പശുക്കിടാക്കളുടെയും കോലാടുകളുടെയും രക്തത്താൽ പഴയ ഉടമ്പടി സ്ഥാപിക്കപ്പെട്ടത്. അതിനാലാണ് അതിനെ ഉടമ്പടിയുടെ രക്തം എന്ന് മോശ പ്രസ്താവിച്ചത്. അപ്രകാരം തന്നെ ക്രൂശിൽ ചൊരിഞ്ഞ രക്തം വഴി, പരിശുദ്ധനായ കുഞ്ഞാടിന്റെ രക്തത്താൽ ആണ് പുതിയ ഉടമ്പടി സ്ഥാപിതമായത്. ഒരു ഉടമ്പടി നിയമാനുസൃതമായ ഉടമ്പടിയായി മാറുന്നത് രക്തത്താൽ മാത്രമാണു.

അതിനാൽ പുതിയ ഉടമ്പടി ഒരു നിയമാനുസൃതമായ ഉടമ്പടിയായത് ക്രിസ്തുവിന്റെ മരണത്തോടെയാണ്, യേശുക്രിസ്തുവിന്റെ മരണത്തിനു മുമ്പൊരിക്കലും അത് പ്രാബല്യത്തിൽ വരികയില്ല.അവന്റെ രക്തം ആ ഉടമ്പടിയെ ഉറപ്പിച്ചു.

ലൂക്കോസ് 22:20 അത്താഴത്തിനു ശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ ഉടമ്പടി ആകുന്നു.

പഴയതും പുതിയതുമായ രണ്ടു ഉടമ്പടികകളും ഇപ്രകാരം തന്നെയാണ് സ്ഥാപിച്ചത്. മരണശേഷം, എല്ലായ്പ്പോഴും രക്തം കൊണ്ടാണ് ഉടമ്പടി പ്രാബല്യത്തിൽ വരുന്നത്.യേശു മുഖാന്തരം സ്ഥാപിക്കപ്പെട്ട ഉടമ്പടിയെക്കുറിച്ചുള്ള അത്ഭുതകരമായ സത്യമാണിത്. അവന്റെ മരണം പുതിയ ഉടമ്പടി പ്രാബല്യത്തിൽ

കൊണ്ട് വരികയും അത് നിയമപരമായ കരാറായി എന്നന്നേക്കുമായി ഉറപ്പിക്കുകയും ചെയ്തു .വിശ്വാസ ത്താൽ ഉടമ്പടിയിൽ പ്രവേശിച്ചിരിക്കുന്ന എല്ലാവരും ആ കരാറിലുള്ള സകല വാഗ്ദത്തങ്ങൾക്കും, അതി ശ്രേഷ്ഠമായനന്മകൾക്കും നിയമ പ്രകാരമായി അവകാ ശികൾ ആണ്. അത് അവർക്ക് വിശ്വാസത്താൽ ആസ്വദിക്കുവാൻ കഴിയും. (2 കൊരിന്ത്യർ 1:20)

ഗലാത്യർ 4: 6 നിങ്ങൾ മക്കൾ ആകകൊണ്ട് അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. അതുകൊണ്ട് നീ ഇനി അടിമയല്ല പുത്രനത്രെ: നീ പുത്രനെങ്കിലോ ദൈവത്താൽ അവകാശിയും ആകുന്നു.

വാക്യം 21, 22 അങ്ങനെ തന്നെ അവൻ കൂടാരത്തി ന്മേലും ആരാധനയ്ക്കുള്ള ഉപകരണങ്ങളിന്മേലും എല്ലാം രക്തം തളിച്ചു. ന്യായപ്രമാണപ്രകാരം ഏകദേ ശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു: രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപവിമോചനമില്ല.

പാപമോചനത്തിനായുള്ള എല്ലാക്കാലത്തേയും ദൈ വീകപദ്ധതി രക്തം ചൊരിഞ്ഞ് കൊണ്ട് തന്നെയാ യിരുന്നു.അതിനു കാരണം രക്തത്തിൽ ജീവനുണ്ട് എന്നതാണ്. ആദ്യമനുഷ്യനായ ആദം പാപം ചെയ്ത പ്പോൾ അവനിൽ നിന്ന് ദൈവീകജീവൻ നഷ്ടപ്പെട്ടു, അന്ന് മുതൽ പാപമോചനത്തിനു പ്രായശ്ചിത്തമായി രക്തം അഥവാ ജീവൻ നൽക്കപ്പെടേണം എന്നതാണ് ദൈവീക വ്യവസ്ഥ.

ലേവ്യാപുസ്തകം17:11 ശരീരത്തിന്റെ ജീവൻ രക്ത ത്തിലാകുന്നു. അതുകൊണ്ട് യാഗപീഠത്തിൽ അർപ്പി ച്ചു നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം ചെയ്യാൻ ഞാൻ അതു നല്കിയിരിക്കുന്നു ജീവൻ അടങ്ങിയ രക്തമാ ണ് പാപപരിഹാരം വരുത്തുന്നത്.

*വാക്യം 23 ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈവകയാൽ ശുദ്ധമാക്കുന്നത് ആവശ്യം എങ്കിൽ, സ്വർഗ്ഗീയമായവയ്ക്കോ ഇവയേക്കാൾ നല്ല യാഗങ്ങൾ ആവശ്യം.*

എന്നാൽ പഴയനിയമ വിശുദ്ധമന്ദിരം യഥാർത്ഥ സ്വർഗീയമായ ദൈവസാന്നിധ്യത്തിന്റെ പ്രതീകവും, പഴയ നിയമ യാഗങ്ങൾ യേശുക്രിസ്തു എന്ന ദൈവ കുഞ്ഞാടിന്റെ പരിപൂർണ്ണ യാഗത്തിന്റെ നിഴലും മാത്രമായിരുന്നു. പ്രതീകമായ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനം നിഴലായ ഊനമില്ലാത്ത ആട്ടുകൊറ്റന്മാരുടെ രക്തത്താൽ സാധ്യമായി എങ്കിൽ യഥാർത്ഥമായ ദൈവ സന്നിധിയിലേക്കുള്ള പ്രവേശനം ക്രിസ്തുവിന്റെ പരിപൂർണ്ണയാഗത്താൽ,ക്രിസ്തുവിന്റെ നിഷ്കളങ്കമായ രക്തത്താൽ മാത്രമേ സാധ്യമാകയുള്ളൂ.

*വാക്യം 24 ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി മനുഷ്യനിർമ്മിതമായ ഒരു വിശുദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാകുവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചത്.*

നിഴലായ പഴയനിയമ യാഗങ്ങളുടെ പൂർത്തീകരണമായി, യേശുക്രിസ്തു തന്നെത്താൻ നിഷ്ക്കളങ്കയാഗമായി അർപ്പിച്ചു.യാഥാർത്ഥത്തിലുള്ളതിന്റെ പ്രതിബിംബമായ, മനുഷ്യനിർമ്മിതമായ ഭൗതിക വിശുദ്ധമന്ദിരത്തിലേക്കല്ല, പകരം യാഥാർഥ്യമായ വിശുദ്ധമന്ദിരത്തിലേക്ക്,സ്വർഗത്തിലേക്ക്, ദൈവസന്നിധിയിലേക്ക് തന്റെ വിശുദ്ധരക്തവുമായി പ്രവേശിച്ചു എന്നേക്കുമുള്ള പാപമോചനം സാധിച്ചു.

ഇന്ന് ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു നമുക്ക് വേണ്ടി മധ്യസ്ഥനായി, മഹാപുരോഹിതനായി ഇരിക്കുന്നു. അതിനാൽ ക്രിസ്തുവിന്റെ രക്തത്താൽ നമുക്ക് ധൈര്യത്തോടെ ദൈവസന്നിധിയിൽ പ്രവേശിക്കാം.ദൈ

വത്തെ ആത്മാവിൽ, നിർമ്മല മനസ്സാക്ഷിയിൽ ആരാധിക്കാം.

*വാക്യം 25 26 മഹാപുരോഹിതൻ ആണ്ടുതോറും തന്റേതല്ലാത്ത രക്തത്തോടുകൂടെ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നതുപോലെ, ക്രിസ്തു തന്നെത്താൻ വീണ്ടും വീണ്ടും അർപ്പിക്കേണ്ടിയ ആവശ്യമില്ല. അങ്ങനെയായാൽ ലോകസ്ഥാപനം മുതൽ അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ കാലസമ്പൂർണതയിൽ സ്വന്ത യാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ മാത്രം പ്രത്യക്ഷനായി.*

ഇവിടെ വീണ്ടും ലേഖകൻ പഴയഉടമ്പടിയിലെ യാഗങ്ങളുടെ ന്യൂനതയും, ക്രിസ്തുവിന്റെ സമ്പൂർണ്ണയാഗത്തിന്റെ പൂർണ്ണതയും വിശദീകരിക്കുന്നു. ക്രിസ്തുവിന്റെ രക്തം സ്വർഗീയമായ വിശുദ്ധ മന്ദിരത്തിൽ അർപ്പിക്കപ്പെട്ടതിനാൽ തന്റെ യാഗം സമയ, സ്ഥല, കാല പരിമിതികൾക്കു അതീതമായ നിത്യയാഗമാണ്.

പഴയനിയമ പുരോഹിതനെപ്പോലെ ആണ്ടുതോറും ക്രിസ്തു യാഗമായി അർപ്പിക്കേണ്ടതില്ല, പകരം ലോകസ്ഥാപനം മുതൽ ലോകാവസാനം വരെയുള്ള എല്ലാവരുടെയും എല്ലാക്കാലത്തേയും പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ ആണ് ക്രിസ്തു കാലസമ്പൂർണതയിൽ തന്റെ ശരീരം ഒരിക്കലായും എന്നെന്നേക്കുമായുമുള്ള യാഗമായി ക്രൂശിൽ അർപ്പിക്കുകയും, തന്റെ വിശുദ്ധ രക്തം സ്വർഗീയമായ വിശുദ്ധമന്ദിരത്തിൽ ചൊരിയുകയും ചെയ്തത്.

ക്രിസ്തുവിന്റെ മരണം ജറുസലേമിനു പുറത്തു ഗോൽഗോഥായിൽ നടന്ന ഒരു നല്ലവനായ മനുഷ്യന്റെ രക്തസാക്ഷി മരണമല്ല, ദൈവത്തിന്റെ കളങ്കമില്ലാത്ത കുഞ്ഞാടായ തന്റെ രക്തം താൻ സമർപ്പിച്ചത് സ്വർഗ്ഗത്തിലെ അതിവിശുദ്ധ സ്ഥലത്താണ്. അതിനാൽ ആ രക്തത്തിന്റെ ശക്തി കാലങ്ങളെയും, സമയങ്ങളെയും,

ദേശങ്ങളെയും അതിജീവിക്കുന്നതാണ്. അതിനാൽ അതിൽ വിശ്വസിക്കുന്ന എല്ലാവർക്കും കാല, ദേശ, സമയ, വർഗ്ഗ, വർണ്ണ വ്യത്യാസം ഇല്ലാതെ പാപമോചനം ലഭ്യമാണ്.

വെളിപാട് 7-9, 10 അതിനുശേഷം സകല ജനതകളിലും സകല ഗോത്രങ്ങളിലും സകല രാഷ്ട്രങ്ങളിലും സകല ഭാഷക്കാരിലുമുള്ള അസംഖ്യം ആളുകൾ വെള്ളനില യങ്കി ധരിച്ച് കൈയിൽ കുരുത്തോലയുമായി സിംഹാസനത്തിന്റെ മുമ്പിലും കുഞ്ഞാടിന്റെ മുമ്പിലും ആയി നില്ക്കുന്നതു ഞാൻ കണ്ടു; ആർക്കും അവരെ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധ്യമല്ലായിരുന്നു. "രക്ഷ സിംഹാസനാരൂഢനായ ദൈവത്തിനും കുഞ്ഞാടിനും ഉള്ളതാകുന്നു" എന്ന് അവർ അത്യുച്ചത്തിൽ ആർത്തു വിളിച്ചുകൊണ്ടിരുന്നു.

റോമർ 3:25 വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു

1 യോഹന്നാൻ 2: 2 അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രമല്ല, സർവലോകത്തിന്റെ പാപത്തിനുംതന്നെ

യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗം പരിമിതമായിരുന്നു എന്നും, അത് തിരഞ്ഞെടുക്കപ്പെട്ട കുറച്ചു ആൾക്കാർക്ക് വേണ്ടി മാത്രം ആയിരുന്നു എന്നുമുള്ള (Limitted attonement) ഉപദേശത്തെ വ്യക്തമായി നിരാകരിക്കുന്ന വാക്യങ്ങൾ ആണ് ഇവയെല്ലാം.

യേശുക്രിസ്തു ദൈവത്തിന്റെ നിത്യ കുഞ്ഞാടായതിനാലും, തന്റെ രക്തം പാപത്താൽ കളങ്കപ്പെടാത്തതു ആയതിനാലുമാണ് ഇത് സാധ്യമായത്.ദൈവത്തിന്റെ പാപമില്ലാത്ത നിത്യകുഞ്ഞാട്, നിത്യാത്മാവിനാൽ, തന്നെത്താൻ നിത്യയാഗമായി സമർപ്പിച്ചു, മനുഷ്യനു

നിത്യമായ വിടുതലും നിത്യജീവനും ലഭ്യമാക്കി. എത്ര മഹത്വകരമായ വീണ്ടെടുപ്പു!!!

*വാക്യം 28 അങ്ങനെ അസംഖ്യം മനുഷ്യരുടെ പാപങ്ങൾ നീക്കിക്കളയുന്നതിനു ക്രിസ്തുവും ഒരിക്കൽ തന്നെത്തന്നെ യാഗമായി അർപ്പിച്ചു. ഇനി പാപപരിഹാരാർഥമല്ല, തന്നെ കാത്തിരിക്കുന്നവരെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ക്രിസ്തു വീണ്ടും പ്രത്യക്ഷനാകുന്നത്.*

യേശുക്രിസ്തുവിന്റെ നിത്യയാഗത്തെയും, നിത്യപൗരോഹിത്വത്തെയും വിവരിച്ചശേഷം ഇവിടെ എഴുത്തുകാരൻ നിത്യരാജാവ് എന്ന യേശുക്രിസ്തുവിന്റെ മൂന്നാമത്തെ നിത്യമായ ശുശ്രൂഷയയിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവത്തിന്റെ നിത്യനായ കുഞ്ഞാടാണ് യേശുക്രിസ്തു, യേശു ഒരിക്കൽ പാപങ്ങൾ വഹിക്കുവാൻ ദൈവ കുഞ്ഞാടായി ഈ ഭൂമിയിൽ വന്നു.അവൻ തന്റെ രക്തത്താൽ പുതിയ ഉടമ്പടി സ്ഥാപിച്ചു. അവൻ ഇന്ന് ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു, പുതിയഉടമ്പടിയുടെ മദ്ധ്യസ്ഥനും നിത്യമഹാപുരോഹിതനുമായി ശുശ്രൂഷ ചെയ്യുന്നു. അവൻ ഒരുനാൾ വന്ന് തന്റെ രാജ്യം സ്ഥാപിക്കുകയും നിത്യരാജാവായി ഭരിക്കും. പുതിയ ഉടമ്പടിയിലേക്കു പ്രവേശിച്ചിരിക്കുന്നവർ അവനെ കർത്താവും രക്ഷിതാവും ആയി സ്വീകരിച്ചവർ അവനോടു കൂടെ ഭരണം നടത്തും.

## അധ്യായം 10

# ക്രിസ്തുവിന്റെ എന്നെന്നേക്കുമുള്ള പരിപൂർണ്ണ യാഗം

ഒമ്പതാം അധ്യായത്തിന്റെ തുടർച്ചയായി 10:1-10 വരെയുള്ള വാക്യങ്ങൾ യേശുവിന്റെ ദൈവത്തിന്റെ പാപമില്ലാത്ത കുഞ്ഞാട് എന്ന നിലയിലുള്ള സമ്പൂർണ യാഗത്തക്കുറിച്ചു തുടർന്നും വിശദീകരിക്കുന്നു. അവന്റെ നിത്യമായ യാഗത്താൽ അവൻ ആദ്യത്തെ ഉടമ്പടിയെ നീക്കിക്കൊണ്ടു രണ്ടാമതേതു സ്ഥാപിച്ചു. അവന്റെ തികഞ്ഞ യാഗത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉടമ്പടിയിൽ പ്രവേശിക്കുന്ന എല്ലാവരും പരിപൂർണ്ണരായിത്തീരുന്നു.

*വാക്യം 1 ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴൽ എന്നല്ലാതെ, കാര്യങ്ങളുടെ യഥാർത്ഥ രൂപമല്ലാത്തതുകൊണ്ട്, ആണ്ടുതോറും ആവർത്തിക്കുന്ന അതേ യാഗങ്ങൾ കൊണ്ട് അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല.*

പഴയഉടമ്പടിയും ന്യായപ്രമാണത്തിലെ ആചാര നിയമങ്ങളും യേശുക്രിസ്തുവിൽ കൂടി മനുഷ്യവർഗ്ഗത്തിനു ലഭിക്കുവാൻ പോകുന്ന യഥാർത്ഥത്തിലുള്ള സ്വർഗീയ നന്മകളുടെ നിഴൽ മാത്രമായിരുന്നു. മനുഷ്യന്റെ പാപത്തെ നീക്കുകയും, സൽഗുണപൂർത്തി വരുത്തുകയും ദൈവവുമായുള്ള പൂർണ്ണബന്ധത്തിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്യുക എന്നതാണ് യേശുക്രിസ്തുവിൽ കൂടിയുള്ള യഥാർത്ഥ നന്മ. ആണ്ടു തോറും ആവർത്തിച്ചിരുന്ന ഒരേ യാഗങ്ങളാൽ ഒരിക്കലും അത് സാധിച്ചിരുന്നില്ല.

*വാക്യം 2, 3 അല്ലായെങ്കിൽ ആരാധനക്കാർക്ക് ഒരിക്കൽ ശുദ്ധിവന്നതിന്റെ ശേഷം പാപങ്ങളെക്കുറിച്ചുള്ള മനോബോധം പിന്നെ ഉണ്ടാകാത്തതിനാൽ യാഗം കഴിക്കു*

*ന്നത് നിന്നുപോകയില്ലയോ? ഇപ്പോഴോ ആണ്ടുതോറും യാഗങ്ങളാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു.*

പഴയനിയമ യാഗങ്ങൾ അന്തമില്ലാതെ തുടർന്നിരുന്നു സൂചിപ്പിച്ചത് മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു നിത്യ മായ പരിഹാരം വന്നിരുന്നില്ല എന്നതാണ്.അതിനാൽ തന്നെ ആണ്ടുതോറും തുടരുന്ന യാഗങ്ങൾ പാപങ്ങൾ നിലനിൽക്കുന്നു എന്ന ഓർമ്മ അത് അർപ്പിക്കുന്നവ രിൽ ഉണ്ടാക്കിക്കൊണ്ടേയിരിക്കുന്നു.

*വാക്യം 4 കാളകളുടെയും ആടുകളുടെയും രക്ത ത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നത് അസാധ്യ മത്രേ.*

കാളകളുടെയും ആടുകളുടെയും രക്തതാലുള്ള പഴയ നിയമ യാഗങ്ങളുടെ, പഴയഉടമ്പടിയുടെ ന്യായപ്രമാണ ആചാര നിയമങ്ങളുടെ എല്ലാം അടിസ്ഥാന ന്യൂനതയും പുതിയഉടമ്പടി ആവശ്യമായി വന്നതിന്റെ കാരണവും ഇവിടെ ലേഖകൻ ഒറ്റ വാക്കിൽ വിവരിക്കുന്നു. പാപങ്ങ ളെ നീക്കുവാൻ ഇവക്കൊക്കെയും അസാധ്യം തന്നെ.

*വാക്യം 5 ആകയാൽ ക്രിസ്തു ലോകത്തിൽ വന്നപ്പോൾ താൻ പറയുന്നു:"ഹനനയാഗവും വഴിപാടും നീ ആഗ്ര ഹിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കി യിരിക്കുന്നു.*

ഇവിടെ ഹെബ്രായ ലേഖകൻ " ആകയാൽ " എന്ന് പറയുവാൻ കാരണം പാപങ്ങളെ നീക്കുവാൻ പഴയ നിയമ യാഗങ്ങൾക്കു അസാധ്യം ആയതിനാൽ ആണ് പാപങ്ങളെ നീക്കുവാൻ വേണ്ടി ക്രിസ്തു ലോകത്തിലേ ക്ക് വന്നത് എന്നാണ്. (യോഹന്നാൻ 1: 29 പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് യോഹന്നാൻ കണ്ടിട്ട്: ഇതാ, ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന ദൈവ ത്തിന്റെ കുഞ്ഞാട്.)

(യോഹന്നാൻ 3:5 പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല.)

അതെ, പാപങ്ങളെ നീക്കുവാൻ കാളകളുടെയും ആടുകളുടെയും രക്തത്തിൻ കഴിയാതെ വന്നതിനാൽ ക്രിസ്തു എന്ന ദൈവത്തിന്റെ പാപമില്ലാത്ത കുഞ്ഞാട് പാപങ്ങളെ ചുമന്നു നീക്കുവാൻ ലോകത്തിൽ വന്നു. അതിനായുള്ള ശരീരം ദൈവം ഒരുക്കി, അതെ ശരീരം താൻ പാപയാഗമായി ക്രൂശിൽ സമർപ്പിച്ചു.

*വാക്യം 6-7 സർവ്വാംഗ ഹോമങ്ങളിലും പാപപരിഹാരയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു" എന്നു അവൻ പറയുന്നു.*

പുസ്തകചുരുളുകളിൽ യേശുക്രിസ്തുവിന്റെ ശരീര യാഗത്തിലൂടെയുള്ള പാപമോചനം എന്ന ദൈവീക പദ്ധതി മുന്നമേ എഴുതി വച്ചിരുന്നു. യേശുക്രിസ്തുവിന്റെ ശരീരയാഗത്തിൽ കൂടിയുള്ള പാപമോചനവും, തന്റെ രക്തത്താൽ ഉള്ള പുതിയഉടമ്പടിയും ദൈവത്തിന്റെ ലോകസ്ഥാപനത്തിനു മുൻപേയുള്ള പദ്ധതിയാണ്. അതിനാൽ ആണ് ക്രിസ്തുവിനെ ലോകസ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ടകുഞ്ഞാട് എന്ന് വിശേഷിപ്പിക്കുന്നത് (വെളിപ്പാടു13:8) ദൈവത്തിന്റെ ലോകസ്ഥാപനത്തിനു മുൻപേയുള്ള പദ്ധതി, പുസ്തകച്ചുരുളുകളിൽ എഴുതിയിരുന്നത് പോലെ നിവർത്തിക്കുവാൻ താൻ വരുന്നു എന്ന് ക്രിസ്തു പറയുന്നു.

*വാക്യം 8-9 ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടുകളും സർവ്വാംഗഹോമങ്ങളും പാപപരിഹാരയാഗങ്ങളും നീ ഇച്ഛിച്ചില്ല, അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം: ഇതാ, നിന്റെ*

*ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ ഒന്നാമത്തെ ആചാരങ്ങളെ നീക്കിക്കളയുന്നു.*

ന്യായപ്രമാണ ആചാരാനുഷ്ഠാന നിയമത്തിൽ പഠിപ്പിക്കപ്പെട്ടിരുന്നു എങ്കിലും, ദൈവം ഒരിക്കലും മൃഗബലിയോ, യാഗങ്ങളോ ഇച്ഛിക്കുകയോ അതിൽ പ്രസാദിക്കുകയോ ചെയ്തിരുന്നില്ല. ന്യായപ്രമാണത്തിലെ ആചാരപരമായ നിയമങ്ങൾ യേശുവിന്റെ യാഥാർത്ഥ്യത്തിന്റെ, പൂർണതയുള്ള ബലിയുടെ ഒരു നിഴലായിരുന്നു. ന്യായപ്രമാണത്തിലെ ധാർമിക നിയമങ്ങൾ നൽകിയത് മനുഷ്യനെ അത് പാലിക്കുന്നതിലുള്ള ജഡത്തിന്റെ ബലഹീനത ബോധ്യപ്പെടുത്തി ക്രിസ്തുവിങ്കലേക്കു നയിക്കുക എന്ന ഉദ്ദേശത്തോടെയാണ്. (ഗലാത്യർ 3:24).

വേറെ വിധത്തിൽ പറഞ്ഞാൽ, പഴയനിയമ യാഗങ്ങൾ ക്രിസ്തുവിലുള്ള എന്നേക്കുമുള്ള പാപമോചനം എന്ന യാഥാർഥ്യത്തിനായി കാത്തിരിക്കാനുള്ള ഓർമപ്പെടുത്തലായിരുന്നു.

പഴയനിയമയാഗങ്ങളുടെ പൂർണ്ണതയും യാഥാർത്ഥ്യവുമായ യേശു,പാപമില്ലാത്തവനായി വരികയും, പാപം ചെയ്യാതെ തന്റെ ജീവിതത്തിലൂടെ ദൈവത്തിന്റെ ഇഷ്ടം നിറവേറുകയും, തന്റെ ശരീരം പൂർണതയുള്ള യാഗമായി അർപ്പിക്കുകയും ചെയ്തു.

തന്റെ പരിപൂർണ്ണയാഗത്താൽ അവൻ ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായി നിറവേറ്റുകയും പൂർത്തീകരിക്കുകയും ഒന്നാമത്തെ ആചാരങ്ങളെ നീക്കിക്കളയുകയും ചെയ്തു.

*വാക്യം10 ആ രണ്ടാമത്തെ അനുഷ്ഠാനങ്ങളാൽ, അതായത് യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീര*

*യാഗത്താൽ നാം എന്നെന്നേക്കുമായി വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.*

യേശുക്രിസ്തുവിന്റെ ശരീരം ദൈവത്തിനു പ്രസാദമുള്ള തികഞ്ഞ യാഗമായി അർപ്പിച്ചതിനാൽ, ആ രക്തത്താൽ പുതിയ ഉടമ്പടിയിൽ പ്രവേശിക്കുന്നവരെല്ലാം എന്നെന്നേക്കുമായി വിശുദ്ധീകരിക്കപ്പെടുന്നു.

*വാക്യം 11-12 ഏത് പുരോഹിതനും ദിവസേന ശുശ്രൂഷിച്ചിട്ടും ഒരുനാളും പാപങ്ങളെ പരിഹരിപ്പാൻ കഴിയാത്ത അതേ യാഗങ്ങളെ വീണ്ടും വീണ്ടും അർപ്പിച്ചും കൊണ്ട് നില്ക്കുന്നു. ക്രിസ്തുവോ പാപങ്ങൾക്ക് വേണ്ടി ഒരിക്കലായി യാഗം അർപ്പിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നു .*

പഴയനിയമ യാഗങ്ങൾ അന്തമില്ലാതെ തുടർന്നിരുന്നു പോലെ, ലേവ്യപുരോഹിതന്മാരുടെ യാഗാർപ്പണവും അന്തമില്ലാതെ തുടർന്ന് കൊണ്ടിരുന്നു. ലേവ്യപുരോഹിതന്മാരുടെ തുടർച്ചയായ, ആവർത്തിച്ച് കൊണ്ടേയിരിക്കുന്ന അപൂർണ്ണമായ യാഗാർപ്പണങ്ങളും, ക്രിസ്തുവിന്റെ പരിപൂർണ്ണയാഗവും തമ്മിലുള്ള വ്യത്യാസം ഈ വാക്യം വ്യക്തമാക്കുന്നു.

പാപങ്ങളെ നീക്കിക്കളയുവാൻ കഴിയാത്ത, ഒരിക്കലും അവസാനിക്കാത്ത യാഗങ്ങൾ കഴിച്ചു കൊണ്ട് നിൽക്കുന്ന പുരോഹിതൻമാർ, എന്നാൽ പാപങ്ങളെ എന്നെന്നക്കുമായി നീക്കിക്കളയുന്ന ക്രൂശിലെ ഏകയാഗം പൂർത്തീകരിച്ചു ദൈവത്തിന്റെ വലതു ഭാഗത്തു ഇരിക്കുന്ന ക്രിസ്തു എന്ന മഹാപുരോഹിതൻ.

കുരിശിൽ തന്റെ പ്രായശ്ചിത്ത യാഗം പൂർത്തിയാക്കുമ്പോൾ, യേശുവിന്റെ അവസാന വാക്കുകൾ "നിവർത്തിയായി" എന്നതായിരുന്നു. സകല മനുഷ്യർക്കും വേണ്ടിയുള്ള വീണ്ടെടുപ്പ് പൂർത്തിയാക്കി അവൻ ദൈവത്തിന്റെ വലതു ഭാഗത്തു ഇരുന്നു.

*വാക്യം 12 അവൻ  ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു*

യേശുക്രിസ്തു എല്ലാക്കാലത്തേയും, എല്ലാവർക്കും വേണ്ടി ഒരിക്കൽ ക്രൂശിൽ യാഗമായി; ഇപ്പോൾ അവൻ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് എന്നേക്കും മഹാപുരോഹിതനായി  ശുശ്രൂഷിക്കുന്നു. ഒരിക്കൽ താൻ എല്ലാ ശത്രുക്കളും തന്റെ കാൽകീഴാക്കി  നിത്യ രാജാവായി ഭരിക്കും.

*വാക്യം14 ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അത് പരിശുദ്ധാത്മാവും നമ്മോട് സാക്ഷീകരിക്കുന്നു.*

തുടർച്ചായി ആവർത്തിക്കുന്ന പഴയനിയമ യാഗങ്ങളുടെയും, പഴയഉടമ്പടിയുടെയും അടിസ്ഥാന ന്യൂനത മനുഷ്യന്റെ പാപത്തെ നീക്കി അവനു സൽഗുണപൂർത്തി വരുത്തുവാൻ കഴിവില്ല എന്നതാണ് എന്ന് വ്യക്തമാക്കിയതിൻ ശേഷം ഈ വാകൃത്തിൽ കൂടി യേശുക്രിസ്തുവിന്റെ പരിപൂർണ്ണമായ ഏകയാഗത്തിന്റെ ശ്രേഷ്ഠത ലേഖനകർത്താവ് വീണ്ടും വിശദീകരിക്കുന്നു. ക്രിസ്തുവിന്റെ ശരീരയാഗമെന്ന,പൂർണ്ണമായ ഏകയാഗത്തിൽ കൂടി വിശുദ്ധീകരിക്കപ്പെടുന്നവർക്ക് അവൻ സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.

പരിശുദ്ധാത്മാവ് അതിനെ സാക്ഷീകരിച്ചു കൊണ്ട് തിരുവെഴുത്തിൽ അത് മുന്നമേ സാക്ഷീകരിച്ചിരിക്കുന്നു .

*വാക്യം 16,17"ഈ കാലം കഴിഞ്ഞശേഷം ഞാൻ അവരോട് ചെയ്‌വാനിരിക്കുന്ന ഉടമ്പടി ഇങ്ങനെയാകുന്നു: എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദ യങ്ങളിൽ എഴുതും എന്നു*

*കർത്താവിന്റെ അരുളപ്പാട്" എന്നു അരുളിച്ചെയ്ത ശേഷം:"അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല" എന്നു കൂടി അരുളിച്ചെയ്യുന്നു.*

ക്രിസ്തുവിന്റെ ശരീരയാഗത്താൽ, തന്റെ രക്തത്താൽ സ്ഥാപിക്കപ്പെടാൻ പോകുന്ന ഈ പുതിയഉടമ്പടിയെപ്പറ്റി, പ്രവാചകനിൽ കൂടി പരിശുദ്ധാത്മാവ് മുന്നമേ സാക്ഷീകരിച്ചിരിക്കുന്നു.പാപം കാരണം കല്ലായിപ്പോയ പഴയഹൃദയത്തിൽ ദൈവത്തിനു തന്റെ നിയമങ്ങളെ എഴുതുവാൻ കഴിഞ്ഞിരുന്നില്ല, അതിനാൽ ദൈവം കല്ലിൽ അക്ഷരമായി ന്യായപ്രമാണം മനുഷ്യൻ എഴുതിക്കൊടുത്തു.

എന്നാൽ ക്രിസ്തുവിന്റെ രക്തത്താൽ സ്ഥാപിച്ച പുതിയ ഉടമ്പടിയിൽ പ്രവേശിച്ചവരുടെ കല്ലായുള്ള പാപഹൃദയം നീക്കപ്പെടുകയും, മാംസളമായ പുതിയ ഹൃദയം നൽകപ്പെടും ചെയ്യുന്നു. അതിനാൽ ദൈവത്തിനു പഴയഉടമ്പടിയിൽ സാധിക്കാതിരുന്ന, ദൈവീകനിയമങ്ങളെ മനുഷ്യന്റെ ഹൃദയത്തിൽ എഴുതുക എന്ന കാര്യം പുതിയഉടമ്പടിയിൽ സാധിക്കുന്നു. അതായതു പുതിയ സൃഷ്ടിയായ ഒരുവനെ ഇനി നിയന്ത്രിക്കുവാൻ കല്ലിൽ അക്ഷരമായി എഴുതപ്പെട്ട ന്യായപ്രമാണം എന്ന ധാർമീകനിയമങ്ങൾ ആവശ്യമില്ല, പകരം അവൻ ദൈവമകൻ എന്ന നിലയിൽ, ദൈവീകനിയമങ്ങൾ ഹൃദയത്തിൽ എഴുതപ്പെട്ടവനും, ആത്മാവിനാൽ നയിക്കപ്പെടുന്നവനും, നടത്തപ്പെടുന്നവനും ആകുന്നു.

റോമർ8:14 ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ മക്കളാകുന്നു.

ഗലാത്യർ 5: 18 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല.

*വാക്യം18 ആകയാൽ പാപങ്ങളുടെ മോചനം നടന്നിരിക്കുന്ന തിനാൽ, ഇനിമേൽ പാപങ്ങൾക്ക് വേണ്ടി ഒരു യാഗവും ആവശ്യമില്ല.*

പഴയനിയമ യാഗങ്ങളുടെ പൂർത്തീകരണമായി, യഥാർത്ഥ യാഗം നടന്നിരിക്കുന്നതിനാൽ ഇനിമേൽ പാപങ്ങൾക്ക് വേണ്ടി ഒരു യാഗവും ആവശ്യമില്ല.

*വാക്യം 19-20 അതുകൊണ്ട് സഹോദരന്മാരേ, യേശുവിന്റെ രക്തത്താൽ നാം ധൈര്യത്തോടെ അതി വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കേണ്ടതിനായി, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു വേണ്ടി ജീവനുള്ള പുതുവഴി തുറക്കുകയും ചെയ്തു*

യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിൽ മനുഷ്യകുലത്തെ വിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുന്നതിലും, ദൈവസാന്നിദ്ധ്യത്തിൽ വസിക്കുന്നതിനും തടസ്സപ്പെടുത്തിയിരുന്ന ദേവാലയ തിരശീല രണ്ടായി ചിന്തപ്പെട്ടു .

ക്രൂശിൽ യേശുവിന്റെ ശരീരം എന്ന തിരശീലയും ചിന്തപ്പെട്ടു അങ്ങനെ യേശു തന്റെ ദേഹം എന്ന തിരശ്ശീലയിലൂടെ. തന്നിലൂടെ പിതാവായ ദൈവത്തെ സമീപിക്കുന്നതിനുള്ള ജീവനുള്ള പുതുവഴിയും തുറന്നു.

ഈ രണ്ടു സംഭവങ്ങളും ദൈവം പഴയനിയമ സംവിധാനത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയും, തിരശ്ശീലയിലൂടെ ദൈവസാന്നിധ്യത്തിലേക്കുള്ള പുതിയതും ജീവനുള്ളതുമായ വഴി തുടങ്ങുകയും ചെയ്തു എന്നതിനെ കാണിക്കുന്നു.

എന്നാൽ ഈ രണ്ടു തിരശീലകളും ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തോടെ നീക്കപ്പെട്ടു എങ്കിലും, ഇനിയും നീക്കം ചെയ്യേണ്ട ഒരു മൂന്നാമത്തെ തിരശീല, മൂടുപടം ഇപ്പോഴും ഉണ്ടെന്ന് ബൈബിൾ പറയുന്നു. അത് നമ്മുടെ ഹൃദയത്തിൽ ഉള്ള തിരശ്ശീലയാണ്.നമ്മുടെ പാപ

ഹൃദയം ആണ്. കല്ലായുള്ള ഹൃദയമാണ്. ഹൃദയത്തിന്റെ അഗ്രചർമ്മമാണ്.

നാം മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിയുമ്പോൾ, പുതിയ ഉടമ്പടിയിൽ പ്രവേശിക്കുമ്പോൾ, ആ മൂടുപടവും നീക്കം ചെയ്യപ്പെടും, പാപഹൃദയം നീക്കപ്പെടും, ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്യപ്പെടും, പഴയ മനുഷ്യൻ ക്രൂശിക്കപ്പെടും, നാം പാപത്തിന്റെ അടിമത്വത്തിൽ നിന്നും എന്നേക്കും സ്വതന്ത്രർ ആകും. (റോമൻ 6 :6, കൊലൊസ്സ്യർ 2:11 )

അങ്ങനെ നാം പുതിയ ഉടമ്പടിയിലേക്കു, പിതാവായ ദൈവവുമായുള്ള ആത്മാവിൽ ഉള്ള ബന്ധത്തിലേക്ക്, സ്നേഹ കൂട്ടായ്മയിലേക്ക് ആദിയിൽ എന്നത് പോലെ പ്രവേശിക്കുകയും, ദൈവാത്മാവിനാൽ നടത്തപ്പെടുകയും, അതിപരിശുദ്ധ സ്ഥലത്തു, ദൈവീകസ്വസ്ഥതയിൽ, സ്വാതന്ത്ര്യത്തിൽ എന്നും ജീവിക്കാൻ കഴിയുകയും ചെയ്യും.

2 കൊരിന്ത്യർ 3: 16 എന്നാൽ, ഒരുവൻ കർത്താവിലേക്ക് തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകുന്നു. കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്

*വാക്യം 21-22 കൂടാതെ ദൈവ ഭവനത്തിൽ നമുക്ക് ഒരു മഹാപുരോഹിതനേയും ലഭിച്ചിരിക്കുന്നതിനാൽ,നാം ദുർമ്മനസ്സാക്ഷി നീങ്ങിയവരായി തളിച്ചു ശുദ്ധീകരിച്ച ഹൃദയത്തോടെയും ശുദ്ധവെള്ളത്താൽ കഴുകപ്പെട്ട ശരീരത്തോടെയും വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക*

ഇതിനെല്ലാം ഉപരിയായി; യേശുക്രിസ്തു ഇപ്പോൾ നമുക്ക് വേണ്ടി മൽക്കീസേദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ ആയി പക്ഷവാദം ചെയ്യുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധസ്ഥലത്ത് പ്രവേശി

ക്കാനും പിതാവായ ദൈവത്തെ ആത്മാവിൽ ആരാധിക്കാനും നമുക്ക് ഇതിനാൽ ധൈര്യത്തോടെ അടുത്ത് ചെല്ലുവാൻ കഴിയും.

*വാക്യം 26- 28 സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവനു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ.*

അഞ്ചാം അധ്യായത്തിൽ ലേഖകൻ ദൈവീക വാഗ്ദത്തങ്ങളെ പ്രാപിച്ചശേഷവും പരിജ്ഞാന പൂർത്തി പ്രാപിച്ചു വളരുവാൻ ശ്രമിക്കാതെ ശൈശവാവസ്ഥയിൽ തുടരുന്ന വിശ്വാസികൾ പിന്മാറിപ്പോകുവാൻ സാധ്യതയുള്ളതിനെപറ്റിയുള്ള മുന്നറിയിപ്പു നൽകുന്നു എങ്കിൽ, ഇവിടെ സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം നാം മനപൂർവ്വം പാപത്തിൽ തുടർന്നാൽ ഉള്ള അപകടത്തെപറ്റി മുന്നറിയിപ്പ് നൽകുന്നു. യേശുവിന്റെ ശരീരയാഗം പൂർണ്ണവും, അതിൽ വിശ്വസിക്കുന്നവരെ എന്നേക്കും വിശുദ്ധീകരിക്കുന്നതുമാണ്, ക്രിസ്തുവിന്റെ രക്തം വിലയേറിയതും, നമ്മെ വിശുദ്ധീകരിച്ച നിയമരക്തവുമാണ്.എന്നാൽ ഇതെല്ലാം മനസ്സിലാക്കിയതിനു ശേഷവും മനപൂർവ്വമായി പാപത്തിൽ തുടരുന്നവർക്കു വേണ്ടി ഇനി യാതൊരു യാഗവും അവശേഷിക്കുന്നില്ല, പകരം അവർക്ക് ഭയങ്കരമായ ന്യായവിധി മാത്രമേയുള്ളൂ.

*വാക്യം 29 ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീ കരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും*

*ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്ന് വിചാ രിപ്പിൻ.*

അങ്ങനെയുള്ളവർ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും, ദൈവപുത്രനെ ചവിട്ടിക്കളകയുന്നവരും, ക്രിസ്തുവിന്റെ നിയമരക്തത്തെ മലിനം എന്നു നിരൂപിക്കുന്നവരും  കൃപയുടെ ആത്മാവിനെ നിന്ദിക്കുന്നവരും ആണ്.

ഹെബ്രായലേഖനം യേശുവിൽ കൂടിയുള്ള ഉന്നതമായ ഉടമ്പടിയെയും, അതിവിശിഷ്ടമായ വാഗ്ദത്തങ്ങളെയും പറ്റി തുടർച്ചയായി വിശദീകരിക്കുമ്പോൾ തന്നെ, അതിനെ തള്ളിക്കളയുകയും, പിന്മാറിപ്പോകുകയും, വിലയില്ലാത്തതായി കാണുകയും ചെയ്താലുള്ള കഠിനമായ ശിക്ഷയെയും തുടർച്ചയായി ഓർമ്മിപ്പിക്കുന്നു. ദൈവീകവാഗ്ദാനങ്ങൾ നിരസിക്കുവാനും, ക്രിസ്തുവിന്റെ ഉടമ്പടിയുടെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ട ശേഷവും അതിനെ മലിനം എന്ന് എണ്ണി തള്ളിക്കളയുവാനും ഒരുവന് കഴിയും എന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു.

പുതിയഉടമ്പടിയിലെ വാഗ്ദാനങ്ങൾ ഉന്നതം ആയിരിക്കുന്നത് പോലെ തന്നെ, ആ വാഗ്ദാനങ്ങളെ നിരസിച്ച് പിന്മാറിപ്പോകുന്നവർക്കുള്ള ശിക്ഷ കൂടുതൽ കഠിനമേറിയതുമാണ്.

*വാക്യം 36-38  ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹി ഷ്ണത നിങ്ങൾക്കു ആവശ്യം.  "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയു മില്ല;" എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്കു പിന്മാ റുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപി ക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു.*

എന്നാൽ ദൈവീകവാഗ്ദാനങ്ങളെ നിരസിച്ചു നാശത്തിലേക്കു പിൻമാറിപ്പോകാതെ, വിശ്വാസത്താൽ വാഗ്ദത്തങ്ങൾ പ്രാപിക്കുവാൻ ലേഖകൻ ഉത്സാഹിപ്പിക്കുന്നു. തുടർന്നുള്ള അധ്യായത്തിൽ വിശ്വാസത്താൽ ദൈവീക അംഗീകാരം പ്രാപിച്ച പഴയനിയമ വിശ്വാസികളുടെ ചരിത്രം വിശദീകരിക്കുന്നു.

## അദ്ധ്യായം 11

## സാക്ഷികളുടെ സമൂഹം

ഹെബ്രായലേഖനം അധ്യായം11 ദൈവത്തിനു പ്രസാദകരമായ ജീവിതം നയിച്ച വിശ്വാസവീരന്മാരെപ്പറ്റിയുള്ള വിവരണമാണ്. അതിനുമുൻപായി വിശ്വാസം എന്നാൽ എന്താണ് എന്നതിനെപ്പറ്റി ഒരു വിശദീകരണം ലേഖന കർത്താവ് നമുക്ക് തരുന്നു.

*വാക്യം1 വിശ്വാസം എന്നത് നാം പ്രത്യാശിക്കു ന്നതിനെക്കുറിച്ചുള്ള ഉറപ്പും, അദൃശ്യകാര്യങ്ങളെ ക്കുറിച്ചുള്ള നിശ്ചയവുമാണ്. ഈ വിശ്വാസം മൂലമാണ് പൂർവികർക്ക് ദൈവത്തിന്റെ അംഗീകാരം ലഭിച്ചത്.*

ഹെബ്രായലേഖനം പത്താം അധ്യായം അവസാനിക്കുന്നത് വിശ്വാസത്താൽ വാഗ്ദത്തം അവകാശമാക്കുന്നതിനെക്കുറിച്ചു പറഞ്ഞൂ കൊണ്ടാണ് (10:36-38).

അതിന്റെ തുടർച്ചയായുള്ള കാര്യമാണ് ലേഖന കർത്താവ് ഇവിടെ വിവരിക്കുന്നത്. അതിനാൽ ദൈവം പൂർവ്വപിതാക്കന്മാർക്കു കൊടുത്ത വാഗ്ദത്തം എന്താണ് എന്നും, പൂർവ്വപിതാക്കന്മാരെ ദൈവം അംഗീകരിക്കുവാൻ കാരണമായ പ്രത്യാശ എന്താണ് എന്ന് നാം മനസ്സിലാക്കേണം. കാരണം ആ വാഗ്ദത്തത്തിലുള്ള പ്രത്യാശയുടെ ഉറപ്പിനെയാണ് 'വിശ്വാസം' എന്ന് ലേഖന കർത്താവ് വിശേഷിപ്പിക്കുന്നത്.

ആ പ്രത്യാശയെപ്പറ്റി പൗലോസ് ഇപ്രകാരമാണ് പറയുന്നത്

അപ്പോ.പ്രവൃത്തികൾ 26:6,7 ഞങ്ങളുടെ പിതാക്കന്മാരോടു ദൈവം ചെയ്ത വാഗ്ദാനത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രേ ഇന്നു ഞാൻ ഇവിടെ വിസ്തരിക്കപ്പെടുന്നത്. ആ വാഗ്ദാനം പ്രാപിക്കുന്നതിനുവേണ്ടി ഞങ്ങളുടെ പന്ത്രണ്ടു ഗോത്രങ്ങളും രാവും പകലും ആരാ

ധനാ നിരതരായി പ്രത്യാശിക്കുന്നു. ആ പ്രത്യാശയുടെ പേരിലാണ്, മഹാരാജാവേ, എന്നിൽ കുറ്റമാരോപിക്കുന്നത്.

നാം ചിന്തിച്ചു വന്നതുപോലെ ആദം പാപം ചെയ്തപ്പോൾ ദൈവം ഉല്പത്തിയിൽ മനുഷ്യ വർഗ്ഗത്തിനു വാഗ്ദാനം ചെയ്തതും, ഇസ്രായേൽ പിതാക്കന്മാരായ അബ്രഹാമിനും, ഇസഹാക്കിനും, യാക്കോബിനും ഉറപ്പിച്ചു നൽകിയതുമായി യേശുക്രിസ്തുവിൽ കൂടിയുള്ള പുതിയ ഉടമ്പടിയുടെ വാഗ്ദത്തം ആയിരുന്നു പൂർവ്വപിതാക്കന്മാരുടെ പ്രത്യാശ. ആ വാഗ്ദാനം പ്രാപിക്കുന്നതിനു വേണ്ടി പന്ത്രണ്ടു ഗോത്രങ്ങളും രാവും പകലും ആരാധനാ നിരതരായി പ്രത്യാശിക്കുന്നു എന്ന് പൗലോസ് പറയുന്നു.

*വാക്യം 4 വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു അർപ്പിച്ച യാഗം കയീന്റെ യാഗത്തെക്കാൾ ശ്രേഷ്ഠമായിരുന്നു. ദൈ വം ഹാബേലിന്റെ വഴിപാടുകൾ സ്വീകരിച്ചു. അങ്ങനെ വിശ്വാസത്തിലൂടെ നീതിമാൻ എന്ന അംഗീകാരം അയാൾ ദൈവത്തിൽനിന്നു നേടി. ഹാബേൽ മരിച്ചെ ങ്കിലും, തന്റെ വിശ്വാസം മുഖേന അയാൾ ഇപ്പോഴും സംസാരിക്കുന്നു.*

ദൈവം എന്ത് കൊണ്ടാണ് ഹാബേലിന്റെ യാഗം സ്വീകരിക്കുകയും കായേനിന്റേതു തള്ളിക്കളയുകയും ചെയ്തത് എന്ന് സംശയം പലർക്കും ഉണ്ടാകാറുണ്ട്. അതിനുള്ള ഉത്തരം ഹെബ്രായ ലേഖനകർത്താവ് തരുന്നു. ഹാബേൽ കഴിച്ച യാഗം വിശ്വാസത്താൽ ഉള്ളതായിരുന്നു എന്നതായിരുന്നു കാരണം. വിശ്വാസം എന്നത് പൂർവ്വ പിതാക്കന്മാരുടെ പ്രത്യാശയായ ക്രിസ്തുവിന്റെ പരമ യാഗത്തിലുള്ള ഉറപ്പും, അതിനെ കാണാതെ തന്നെ വിശ്വസിക്കുന്നതും ആണ് എന്ന് മുൻപുള്ള വാക്യങ്ങളിൽ നിന്നും വ്യക്തമാണല്ലോ.

അതായത് ദൈവം വാഗ്ദാനം ചെയ്ത, ക്രിസ്തുവിന്റെ രക്തത്താൽ സ്ഥാപിക്കപ്പെടുന്ന പുതിയ ഉടമ്പടിയുടെ വാഗ്ദത്തത്തിലുള്ള വിശ്വാസത്താൽ ആണ് ഹാബേൽ യാഗം കഴിച്ചത്.അതിനാൽ തന്നെയാണ് ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന യഥാർത്ഥ കുഞ്ഞാടിന്റെ നിഴൽ ആയ കുഞ്ഞാടിന്റെ രക്തം ചൊരിഞ്ഞുള്ള യാഗം ഹാബേൽ അർപ്പിച്ചത്.

മാത്രമല്ല ദൈവത്തിലുള്ള വിശ്വാസത്താൽ ഹാബേൽ തനിക്കുള്ളതിൽ ഏറ്റവും ഉത്തമമായതാണ് ദൈവത്തിനു കൊടുത്ത്. അതിനാൽ വിശ്വാസം മൂലം ഹാബേൽ നീതീകരിക്കപ്പെട്ടു എന്ന് ദൈവവചനം ഉറപ്പിക്കുന്നു. പഴയ നിയമ വിശ്വാസികൾ എല്ലാം ഇങ്ങനെ തന്നെയാണ് നീതീകരിക്കപ്പെട്ടതു എന്ന് ദൈവവചനം വ്യക്തമാക്കുന്നു.

ഉൽപത്തി4:4 ഹാബെൽ ആട്ടിൻകൂട്ടത്തിൽ കടിഞ്ഞൂൽ കുട്ടികളിൽ ഒന്നിന്റെ മേദസ്സുള്ള ഭാഗങ്ങൾ ദൈവത്തിനു അർപ്പിച്ചു. ഹാബെലിലും അവന്റെ വഴിപാടിലും അവിടുന്നു പ്രസാദിച്ചു

(തുടർന്ന് പഴയ നിയമത്തിലെ,വിശ്വാസത്താൽ ദൈവത്തിനു പ്രസാദകരമായ ജീവിതം നയിച്ച സാക്ഷികളുടെ സമൂഹത്തെ ലേഖകൻ വിവരിക്കുന്നു. നമ്മുടെ പഠനവിഷയം യേശുക്രിസ്തുവിന്റെ പൌരോഹിത്യം ആയതിനാൽ അധ്യായത്തിന്റെ അവസാന വാക്യങ്ങളിലേക്കു പോകാം )

വാക്യം*39 വിശ്വാസത്തോടുകൂടിയാണ് ഇവരെല്ലാം മൃതിയ ടഞ്ഞത്. ദൈവം വാഗ്ദാനം ചെയ്തവ അവർ പ്രാപിച്ചില്ല എങ്കിലും ദൂരെ നിന്നുകൊണ്ട് അവർ അവ കാണുക യും അവയെ അഭിവാദനം ചെയ്യുകയും ചെയ്തു. അവ രുടെ വിശ്വാസത്തെ സംബന്ധിച്ചു മഹനീയമായ സാക്ഷ്യം ലഭിച്ചെങ്കിലും ദൈവത്തിന്റെ വാഗ്ദാനം അവ ർ പ്രാപിച്ചില്ല.*

ഈ വാക്യങ്ങളിൽ  നാം ശ്രദ്ധിക്കേണ്ട വളരെ പ്രധാന മായ ഒരു വിഷയം ലേഖന കർത്താവ് വിവരിക്കുന്നു. പഴയനിയമ വിശ്വാസ വീരന്മാർ എല്ലാവരും തന്നെ വിശ്വാസത്താൽ നീതീകരിക്കപ്പെടുകയും, ദൈവത്തി ന്റെ സാക്ഷ്യം ലഭിക്കുകയും ചെയ്തിട്ടും മനുഷ്യവർഗ്ഗ ത്തിനു വാഗ്ദാനം ചെയ്തതും, ഇസ്രായേൽ പിതാക്കന്മാ രായ അബ്രഹാമിനും, ഇസഹാക്കിനും, യാക്കോബിനും ഉറപ്പിച്ചു നൽകിയതുമായി യേശുക്രിസ്തുവിൽ കൂടിയു ള്ള പുതിയ ഉടമ്പടിയുടെ വാഗ്ദത്തം  അവർ അവരുടെ ജീവിത കാലത്തു പ്രാപിച്ചില്ല. പകരം അവർ എല്ലാവരും അതിനെ വിശ്വാസത്തോടെ മുന്നോട്ട് നോക്കുകയും അഭിവന്ദിക്കുകയും ചെയ്തു കൊണ്ട് വിശ്വാസത്താൽ മരിച്ചു.

*വാക്യം 40 നമ്മോടുകൂടിയല്ലാതെ അവർ പൂർണരാ കാതിരിക്കുവാൻ  കൂടുതൽ ശ്രേഷ്ഠമായതിനെ ദൈവം നമുക്കെല്ലാ വർക്കും വേണ്ടി മുൻകൂട്ടി കരുതിയിരുന്നു.*

നാം കണ്ടത് പോലെ പുതിയ ഉടമ്പടിയിൽ ദൈവം വാഗ്ദാനം ചെയ്തത് അതിശ്രേഷ്ഠമായ കാര്യങ്ങൾ ആയിരു ന്നു. എല്ലാ പാപങ്ങളിൽനിന്നും ഉള്ള പൂർണ്ണമായ മോച നവും, പൂർണ്ണമായ  വിടുതലും, പാപ പൂർണമായ, കല്ലാ യുള്ള ഹൃദയം നീക്കപ്പെടുക, മാംസളമായ പുതിയ ഹൃദയം നല്കപ്പെടുക, പുതിയ ഹൃദയത്തിൽ ദൈവത്തി ന്റെ ന്യായപ്രമാണം എഴുതപ്പെടുക, പാപത്തിന്റെ ശക്തിയിൽനിന്നു എന്നെന്നേക്കുമായി സ്വതന്ത്രനാവു കയും, ആത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യുക , ദൈവീക സ്വഭാവതയാകുന്ന  ശബ്ബത്തിൽ എല്ലാക്കാല വും വസിക്കുക, സ്വന്ത പിതാവിനെന്ന നിലയിൽ ദൈവത്തെ അറിയുക, ദൈവം നമ്മുടെ ഹൃദയങ്ങളി ൽ വസിക്കുക , ഹൃദയത്തിൽ നിന്നും ജീവജാലനദി കളുടെ ഉറവ ഉണ്ടാകുക  തുടങ്ങിയ അതിശ്രേഷ്ഠമായ, അതിമഹത്വകരമായ വാഗ്ദാനങ്ങൾ  ആണ് പുതിയ ഉടമ്പടിയിൽ ദൈവം വാഗ്ദത്തം ചെയ്തത്. അത് പഴയ

നിയമത്തിലെ വിശ്വാസികൾക്ക് ലഭ്യമായില്ല. കാരണം വാഗ്ദത്ത സന്തതി വരികയോ, തന്റെ രക്തത്താൽ പുതിയ ഉടമ്പടി സ്ഥാപിക്കുമായോ ചെയ്തിരുന്നില്ല.

പിതാവായ ദൈവവുമായുള്ള പൂർണ്ണ ബന്ധത്തിലേക്ക്, ക്രിസ്തുവിലുള്ള പരി പൂർണ്ണതയിലേക്കു അവർ നമ്മോടു കൂടെയല്ലാതെ വരാതിരിക്കുവാൻ ഈ അതി ശ്രേഷ്ഠമായ വാഗ്ദത്തം ദൈവം നമുക്ക് വേണ്ടി കരുതിവച്ചു. ക്രിസ്തു നമുക്ക് മുൻപേ ഓടി, തന്റെ മരണത്തിലൂടെ പുതിയ ഉടമ്പടി സ്ഥാപിച്ചു, തിരശീല ചിന്തി ദൈവ സന്നിധിയിൽ പ്രവേശിച്ചു, പുതിയ ഉടമ്പടിയുടെ മധ്യസ്ഥൻ ആയി ഈ അതി ശ്രേഷ്ഠമായ വാഗ്ദാനം നമുക്ക് ലഭ്യമാക്കി. അതിനെപ്പറ്റിയാണ് അടുത്ത അധ്യായം വിവരിക്കുന്നത്.

## അദ്ധ്യായം 12

## യേശുക്രിസ്തു - നമ്മുടെ മുന്നോടിയും മാതൃകയും

മുൻ അധ്യായത്തിൽ ദൈവത്തിനു പ്രസാദകരമായ ജീവിതം നയിച്ച വിശ്വാസ വീരന്മാരെപ്പറ്റി വിവരിച്ച ശേഷം, നമ്മുടെ വിശ്വാസത്തിന്റെ നായകനും അതിനെ പൂർത്തി വരുത്തുന്നവനുമായ, യേശുക്രിസ്തുവിലേക്കു നോക്കുവാൻ വീണ്ടും എഴുത്തുകാരൻ ഉദ്ബോധിപ്പിക്കുന്നു

പഴയനിയമ വിശ്വാസ വീരൻമാരുടെ വിശ്വാസം നമുക്ക് മാതൃകയാണ് എങ്കിലും നാം നോക്കേണ്ടത് നമ്മുടെ വിശ്വാസത്തിന്റെ നായകനും അതിനെ പൂർത്തിവരുത്തുന്നവനുമായ ക്രിസ്തുവിനെയാണ്.അതിനു കാരണം ക്രിസ്തു ക്രൂശിൽ തുറന്ന ജീവനുള്ള പുതു വഴിയിൽ, ദൈവീക വാഗ്ദത്തത്തിൽ പഴയനിയമ വിശ്വാസവീരന്മാർക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല

*വാക്യം 1,2 ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതു കൊണ്ടുസകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. നമ്മുടെ വിശ്വാസത്തിന്റെആദികാരണനും അതിന്റെ പൂരകനു മായയേശുവിൽ നമ്മുടെ ദൃഷ്ടി ഉറപ്പിക്കുക; തന്റെ മുമ്പിൽവെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്തു ഇരിക്ക യും ചെയ്തു.*

യേശുക്രിസ്തുവിൽ വിശ്വാസത്താൽ ദൃഷ്ടി പതിപ്പിച്ചു കൊണ്ടുള്ള ഒരു ഓട്ടമാണ് ക്രിസ്തീയ ജീവിതം, കാരണം നമ്മുടെ വിശ്വാസത്തിന്റെ നായകനും, മാതൃകയും, കാരണവും, പൂർത്തി വരുത്തുന്നവനും എല്ലാം

യേശുക്രിസ്തുവാണ്. യേശുക്രിസ്തു നമുക്ക് മുൻപേ ഈ ഓട്ടം പൂർത്തിയാക്കി ദൈവസന്നിധിയിൽ പ്രവേശിക്കുകയും, തന്റെ ദേഹം എന്ന തിരശീലയിലൂടെ നമുക്ക് പ്രവേശിക്കുവാനും,വിശ്വാസത്താൽ മുൻപോട്ടു ഓടുവാനുമായി ഒരു ജീവനുള്ള പുതുവഴി തുറക്കുകയും ചെയ്തു.

യേശുക്രിസ്തു നമ്മുടെ വിശ്വാസത്തിന്റെ നായകൻ മാത്രമല്ല , പൂർത്തിവരുത്തുന്നവനുമാണ്. യേശുക്രിസ്തു പാപത്തിൽ നിന്ന് നമ്മെ രക്ഷിക്കുക മാത്രമല്ല, നമ്മെ വിശുദ്ധീകരിക്കുകയും, ഈ ഓട്ടം പൂർത്തിയാക്കുവാൻ നമ്മിൽ വസിക്കുകയും, ശക്തീകരിക്കുകയും ചെയ്യുന്നു. അതിനാൽ, നമുക്കു മുന്നിൽ വെച്ചിരിക്കുന്ന ഓട്ടം പൂർത്തീകരിക്കണമെങ്കിൽ നാം യേശു ക്രിസ്തുവിൽ വസിക്കുകയും, അവനിൽ നമ്മുടെ കണ്ണുകൾ ഉറപ്പിക്കുകയും, കൊമ്പു മുന്തിരിവള്ളിയിൽ വസിക്കുന്നത് പോലെ നിരന്തരം അവനിൽ ആശ്രയിക്കുകയും ചെയ്യേണ്ടതുണ്ട്

*വാക്യം 3 നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊ ൾവിൻ.*

നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ നോക്കി നാം ഓടുകയാണെങ്കിൽ എങ്കിൽ നാം നിരുത്സാഹിതരായിത്തീരും. നമ്മുടെ ശക്തിയെ ആശ്രയിച്ച് നാം ഓടുകയാണെങ്കിൽ നാം തീർച്ചയായും പരാജയപ്പെടും. എന്നാൽ , നമ്മുടെ കണ്ണുകൾ യേശുവിൽ ഉറപ്പിക്കുകയും നിരന്തരം അവനിൽ ആശ്രയിക്കുകയും ചെയ്താൽ നമ്മുടെ സാഹചര്യങ്ങൾ എന്തായാലും ഈ ഓട്ടത്തിൽ നാം ഒരിക്കലും ക്ഷീണിച്ചു മടുത്തു പോകുകയില്ല.

ഈ ഓട്ടം സ്ഥിരതയോടെ ഓടുവാൻ രണ്ടു കാര്യങ്ങൾ ഉപേക്ഷിക്കുവാനും ഒരേ ഒരു കാര്യത്തിൽ നമ്മുടെ കണ്ണുകൾ ഉറപ്പിക്കുവാനും ലേഖകൻ ഉദ്ബോധിപ്പിക്കുന്നു.

ഒന്നാമതായി, നമ്മുടെ ഓട്ടത്തെ ക്ലേശപ്പെടുത്തുന്ന, തടസ്സമുണ്ടാക്കുന്ന എല്ലാ ഭാരവും ഉപേക്ഷിക്കുവാൻ നമ്മോടു ആവശ്യപ്പെടുന്നു. ഭയം, ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ, പണത്തോടോ ഭൌതികകാര്യങ്ങളോടോ ഉള്ള സ്നേഹം, മാനുഷിക ബന്ധങ്ങൾ തുടങ്ങിയ ഒരുപാട് കാര്യങ്ങൾ നമ്മെ തടസ്സപ്പെടുത്തുന്ന ഭാരങ്ങൾ ആയേക്കാം. ഇതെല്ലാം ഓട്ടത്തെ തടസ്സപ്പെടുത്തുന്ന അനാവശ്യമായ ഭാരങ്ങൾ ആണ്.നാം അത് തള്ളിക്കളയുകയും ഉപേക്ഷിക്കുകയും ചെയ്യണം

രണ്ടാമതായി, ഈ ഓട്ടത്തെ പൂർണ്ണമായും തെറ്റിക്കുന്ന, മുറുകെ പറ്റുന്ന പാപത്തെ നാം വിട്ടുകളയണം.മുൻ അധ്യായത്തിലെ വിശ്വാസ വീരന്മാരുടെ പശ്ചാത്തലത്തിൽ നാം പഠിച്ചാൽ, ഇവിടെ പ്രധാനമായും അവിശ്വാസം എന്ന പാപത്തെക്കുറിച്ചാണ് എഴുത്തുകാരൻ സംസാരിക്കുന്നത് എന്ന് അനുമാനിക്കാം. അവിശ്വാസം എന്ന വേരിൽ നിന്നാണ് ബാക്കി എല്ലാ പാപങ്ങളും പുറപ്പെടുന്നത്.

നാം നമ്മെ മുറുകെപറ്റുന്ന വസ്തുക്കളെ കുടഞ്ഞു കളയുന്നത് പോലെ നാം അവിശ്വാസം കുടഞ്ഞു കളയണം, ഓർക്കുക വിശ്വാസത്താൽ മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയൂ (എബ്രായർ 11: 6). വിശ്വാസമില്ലാതെ ദൈവിക കാര്യങ്ങൾ പൂർത്തീകരിക്കുവാൻ നമുക്ക് സാധിക്കുകയില്ല. അതിനാൽ നമ്മുടെ ഓട്ടം സ്ഥിരതയോടെ പൂർത്തീകരിക്കേണ്ടതിനു, അവിശ്വാസം കുടഞ്ഞു കളയുക തന്നെ വേണം.

മൂന്നമതായി വിശ്വാസത്താൽ നമ്മുടെ കണ്ണുകൾ യേശുവിൽ ഉറപ്പിക്കുകയും നിരന്തരം അവനിൽ

ആശ്രയിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെ സഹിഷ്ണു തയോടെയും, സ്ഥിരതയോടെയും മുന്നോട്ടു പോയി നമുക്ക് ഈ ഓട്ടം പൂർത്തിയാക്കുവാൻ കഴിയും.

*വാക്യം 18 സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തി ന്നുംമേഘതമസ്സ്, കൂരിരുട്ടു, കൊടുങ്കാറ്റു, കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവെക്കും അടുക്കൽ അല്ല ല്ലോ നിങ്ങൾ വന്നിരിക്കുന്നതു. 19 ആ ശബ്ദം കേട്ടവർ ഇനി ഒരു വചനവും തങ്ങളോടു പറയരു തേ എന്നു അപേക്ഷിച്ചു.*

പഴയതും പുതിയതുമായ ഉടമ്പടികൾ തമ്മിലുള്ള അടിസ്ഥാന വ്യത്യാസം  ഈ വാക്യത്തിൽ നാം കാണുന്നു. പത്തു കല്പകളും നിയമവും നൽകപ്പെട്ട സീനായ്പർവതം പ്രതിനിധാനം ചെയ്യുന്നതു  പഴയ ഉടമ്പ ടിയെ ആണ്. ആ ഉടമ്പടിയിൽ  ആളുകൾ ദൈവമു മ്പാകെ വരുവാൻ ഭയപ്പെട്ടു. ദൈവത്തെ സമീപിക്കാൻ ഭയം ആരെയും അനുവദിച്ചിരുന്നില്ല.

*വാക്യം 22 പിന്നെയോസീയോൻ പർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെ രൂശലേമിന്നും അനേകായിരം ദൂതന്മാരുടെ സർവ്വ സംഘത്തിന്നും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭെക്കും എല്ലാവരുടെയും ദൈവ മായ ന്യായാധിപതിക്കും, സിദ്ധന്മാരായ നീതിമാന്മാരു ടെ ആത്മാക്കൾക്കും  പുതുനിയമത്തിന്റെ മദ്ധ്യസ്ഥനാ യ യേശുവിന്നും ഹാബെലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തി ന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നതു. അരുളി ച്ചെയ്യുന്നവനെ നിര സിക്കാ തിരിപ്പാൻ നോക്കുവിൻ.*

എന്നാൽ പുതിയനിയമ വിശ്വാസികളായ നാം ഭീതിജനകമായ കാഴ്ചകളിലേക്കോ, സീനായ്പർവ്വതത്തി ലേക്കോ,ഭയപ്പെടുത്തുന്ന ഉടമ്പടിയിലെക്കോ അല്ല വന്നിരിക്കുന്നത്. പകരം,നാം സീയോൻ പർവതത്തിലേ

ക്ക്, ജീവനുള്ള ദൈവത്തിന്റെ നഗരത്തിലേക്കു, ക്രിസ്തുവിന്റെ രക്തത്താൽ ദൈവസന്നിധിയിലേക്കു വന്നിരിക്കുന്നു. ക്രിസ്തു പുതിയ ഉടമ്പടിയുടെ തികഞ്ഞ മധ്യസ്ഥനാണ്. അവന്റെ രക്തം നമ്മെ ശുദ്ധീകരിച്ച നമുക്ക് വേണ്ടി ഗുണകരമായി സംസാരിക്കുന്ന രക്തമാണ്. അതുകൊണ്ട് നമുക്ക് ഭയം കൂടാതെ ധൈര്യപൂർവ്വം കൃപയുടെ സിംഹസനതിലേക്ക് അടുത്ത് വരാം.

## അദ്ധ്യായം 13

## യേശുക്രിസ്തു: ആടുകളുടെ വലിയ ഇടയൻ .

*വാക്യം 9 വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നിങ്ങളെ വലിച്ചുകൊണ്ടുപോകരുത്; ആചരിച്ചുപോന്ന വർക്ക് പ്രയോജനമില്ലാത്ത ഭക്ഷണ നിയമങ്ങളാലല്ല, ദൈവകൃപയാൽ തന്നേ ആന്തരിക ശക്തി പ്രാപിക്കുന്ന ത് നല്ലത്.*

ദൈവകൃപയുടെ സന്ദേശവും, ന്യായപ്രമാണ ആചാര നിയമങ്ങളും തികച്ചും വ്യത്യസ്തമാണ്, പുതിയ ഉടമ്പടിയുടെ സന്ദേശവും പഴയ ഉടമ്പടിയുടെ നിയമങ്ങളും, ആചാരങ്ങളും ഒരിക്കലും ഒരുമിച്ചു പോകുന്നതല്ല. പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകരുവാനുള്ളതല്ല. അങ്ങനെ ചെയ്താൽ നാം തുരുത്തി നശിപ്പിക്കുകയും പുതിയ വീഞ്ഞായ, പുതിയ ഉടമ്പടിയുടെ സന്ദേശം പാഴാക്കുകയും ചെയ്യുന്നവരാകും. ഇന്നും പലരും പുതിയ ഉടമ്പടിയുടെ സന്ദേശവും പഴയ ഉടമ്പടിയുടെ നിയമങ്ങളും, ആചാരങ്ങളും ചേർത്തു പഠിപ്പിക്കുകയും ക്രിസ്തു തന്റെ രക്തത്താൽ സ്ഥാപിച്ച പുതിയ ഉടമ്പടിയുടെ സന്ദേശത്തെ പാഴാക്കിക്കളയുകയും ചെയ്യുന്നു.

ന്യായപ്രമാണത്തിലെ ആചാരപരമായ നിയമങ്ങൾ യേശുവിന്റെ പൂർണതയുള്ള യാഗത്തിന്റെ നിഴൽ മാത്രമായിരുന്നു. പൊരുളായ യഥാർത്ഥ യാഗം പൂർത്തീകരിക്കപ്പെട്ടതോടെ നിഴലിനു പ്രസക്തിയില്ലാതെ യായി.

ന്യായപ്രമാണത്തിലെ ധാർമിക നിയമങ്ങൾ നൽകിയത് മനുഷ്യനെ അത് പാലിക്കുന്നതിലുള്ള ജഡത്തിന്റെ ബലഹീനത ബോധ്യപ്പെടുത്തി ക്രിസ്തുവിങ്കലേക്കു നയിക്കുക എന്ന ഉദ്ദേശത്തോടെയാണ്.

ക്രിസ്തുവിൽ ആയ ഒരുവൻ ന്യായപ്രമാണത്തിലെ ധാർമിക നിയമങ്ങളുടെ കീഴിൽ അല്ല, ദൈവകൃപയുടെ കീഴിൽ ആണ്.അവൻ ധാർമിക നിയമങ്ങളാൽ

നടത്തപ്പെടേണ്ടവനല്ല, പകരം ജീവന്റെ ആത്മാവിൻ പ്രമാണത്താൽ നയിക്കപ്പെടേണ്ടവൻ ആണ്.(ഗലാത്യർ 3:24,5:18 റോമർ 8 :2 )

അതിനാൽ ഇത്തരം വിവിധവും അന്യവുമായ ഉപദേശങ്ങളാൽ തെറ്റിപ്പോകാതിരിക്കുവാനും ദൈവകൃപയിൽ തന്നെ ആശ്രയിക്കുവാനും ഹൃദയം ഉറപ്പിക്കുവാനും ലേഖകൻ ഉദ്ബോധിപ്പിക്കുന്നു.

*വാക്യം 10 കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്കു അഹോവൃത്തി കഴിപ്പാൻ അവകാശമില്ലാത്ത ഒരു യാഗപീഠം നമുക്കുണ്ടു.*

പഴയ നിയമ ശുശ്രൂഷകന്മാർക്കു പ്രവേശനമില്ലാതെയിരുന്ന അതിപരിശുദ്ധ സ്ഥലത്തേക്ക് യേശു ക്രിസ്തുവിന്റെ ശരീര യാഗത്തിലൂടെ നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നതിനാൽ, നമുക്ക് ഇന്ന് ക്രിസ്തുവിൽ പങ്കാളികൾ ആകുവാൻ കഴിയും, നാം ക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പങ്കാളികൾ ആകുന്നു.

*വാക്യം 11 മഹാപുരോഹിതൻ പാപപരിഹാരമായി രക്തം വിശു ദ്ധമന്ദിരത്തിലേക്കു കൊണ്ടുപോകുന്ന മൃഗങ്ങളുടെ ഉടൽ പാളയത്തിന്നു പുറത്തുവെച്ചു ചുട്ടുകളയുന്നു.*

ഇവിടെ വീണ്ടും എഴുത്തുകാരൻ ക്രിസ്തുവിന്റെ രണ്ടു ശുശ്രൂഷകളെ ചൂണ്ടിക്കാണിക്കുന്നു. പാപപരിഹാരമായി രക്തം വിശുദ്ധ മന്ദിരത്തിലേക്കു കൊണ്ടുപോകുന്ന മഹാപുരോഹിതനും, പാളയത്തിനു പുറത്തേക്കു പാപം ചുമന്നു കൊണ്ട് പോകുന്ന ആട്ടു കൊറ്റനും.

*വാക്യം 12 അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്നു നഗരവാതിലിന്നു പുറത്തു വെച്ചു കഷ്ടം അനുഭവിച്ചു.*

യേശു നഗരവാതിലിന്നു പുറത്തുവെച്ചു കഷ്ടം അനുഭവിച്ചത്; അവിടുത്തെ യാഗത്തിലൂടെ നമ്മെ ശുദ്ധീകരിക്കുവാൻ വേണ്ടിയാണു. യേശു ലോകസ്ഥാപനതിനു മുൻപേ അതിനു വേണ്ടി നിയമിക്കപ്പെട്ട കുഞ്ഞാടായിരുന്നു (1 പത്രോ. 1: 19-20, വെളിപ്പാടു 13: 8).

അതിനാൽ കാലസമ്പൂർണ്ണതയിൽ അവൻ സർവ്വ ലോകത്തിന്റെയും പാപത്തിനു വേണ്ടി പാപ പരിഹാര യാഗം ആകുവാൻ അയക്കപ്പെട്ടു, എന്നാൽ അവന്റെ സ്വന്ത ജനം അവിടുത്തെ പകച്ചു, നിരസിച്ചു, നിന്ദിച്ചു (യോഹന്നാൻ 1:11, അപ്പോസ്തല പ്രവൃത്തികൾ 4:11, 1 പത്രോസ് 2: 6-8).

എങ്കിലും ക്രിസ്തുവിന്റെ രക്തം സകലമനുഷ്യർക്കും പാപപരിഹാരമായി നൽകപ്പെട്ടു. ദൈവവും മനുഷ്യനും തമ്മിലുള്ള ശത്രുത നീക്കുവാനും, മനുഷ്യനെ ദൈവവുമായി നിരപ്പിക്കുവാനും ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് അവനെ തിരികെ കൊണ്ടുവരുന്നതിനും ക്രിസ്തുവിന്റെ രക്തം ക്രൂശിൽ ചൊരിയപ്പെട്ടു.

അതിനാൽ ക്രിസ്തു ലോകത്തിന്റെ പാപങ്ങൾ വഹിച്ചുകൊണ്ട് യെരൂശലേം നഗരത്തിനു വെളിയിൽ കാൽവരിയിൽ ദുഷ്പ്രവർത്തിക്കാരെപ്പോലെ ക്രൂശിക്കപ്പെട്ടു.സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ,അതിവിശുദ്ധസ്ഥലത്തു തികഞ്ഞ പാപപരിഹാരമായി തന്റെ വിശുദ്ധ രക്തം ക്രിസ്തു അർപ്പിക്കുമ്പോൾ (എബ്രായർ 9: 11-12), ക്രിസ്തുവിന്റെ ശരീരം കാൽവരിയിൽ രണ്ടു കള്ളന്മാരുടെ മധ്യത്തിൽ ക്രൂശിക്കപ്പെട്ടു (ലൂക്കോസ് 23: 33).

കുറ്റവാളികൾക്കും കൊലയാളികൾക്കും കള്ളന്മാർക്കും അർഹിക്കപെട്ട ദുഷിയും നിന്ദയും പരിഹാസവും പീഡയും അവൻ വഹിച്ചു. നിഴലായിരുന്ന പഴയ നിയമ യാഗാർപ്പണത്തിലെ എല്ലാ കാര്യങ്ങളുടെയും യഥാർത്ഥ നിവൃത്തിയാണത് ക്രിസ്തുവിന്റെ ക്രൂശിലെ

യാഗം എന്ന് ഇതു വീണ്ടും കാണിക്കുന്നു (എബ്രാ .10: 1-5, യോഹന്നാൻ 19: 28).

*വാക്യം 13 ആകയാൽ നാം അവന്റെ നിന്ദ ചുമന്നു കൊണ്ടു പാളയത്തിന്നു പുറത്തു അവന്റെ അടുക്കൽ ചെല്ലുക. ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ല ല്ലോ, വരുവാനുള്ളതു അത്രേ നാം അന്വേഷി ക്കുന്നതു.*

ക്രിസ്തു നമുക്ക് വേണ്ടി എല്ലാ നിന്ദകളും, പരിഹാസങ്ങ ളും, പീഡനങ്ങളും സഹിച്ചതിനാൽ നാം കടന്നു പോകു ന്ന എല്ലാ നിന്ദയിലും, പീഡനങ്ങളിലും, പരിഹാസങ്ങ ളിലും യേശുവിനെ നിരന്തരം നോക്കുകയും ,അവനി ൽ ആശ്രയിക്കുകയും വേണം (എബ്രാ. 3: 1, 12: 2).

യേശു ചെയ്തതു പോലെ, നമ്മൾ ക്രിസ്തുവിനെ പ്രതി മറ്റുള്ളവരുടെ അധിക്ഷേപം, ലജ്ജ, പരിഹാസം , പീഡനങ്ങൾ എന്നിവ സ്വീകരിക്കാൻ തയ്യാറാകണം. എന്തുകൊണ്ട്? ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ല, നാം ഒരു വരുവാനുള്ള സ്ഥിരമായ നഗരവും സ്ഥിരം വസതിയും പ്രതീക്ഷിക്കുന്നു.

*വാക്യം 20 അവിടുത്തെ യാഗ രക്തം മൂലം നിത്യമായ ഉടമ്പടിക്കു മുദ്രവച്ച , ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരണത്തിൽനിന്ന് ദൈവം ഉത്ഥാനം ചെയ്യിച്ചു*

ഒന്നാം അധ്യായത്തിൽ യേശുക്രിസ്തുവിന്റെ മഹത്തായ രണ്ടു ശുശ്രൂഷകളെയും കുറിച്ച് പരാമർശിച്ചു കൊണ്ട് തുടങ്ങിയ ഹെബ്രായ ലേഖനം, തുടർന്നുള്ള അധ്യായ ങ്ങളിലൂടെ അതിനെ മനോഹരമായി വിവരിച്ചതിനു ശേഷം ആ രണ്ടു ശുശ്രൂഷകളെയും പരാമർശിച്ചു കൊണ്ട് തന്നെ മനോഹരമായി ഇവിടെ ലേഖന കർത്താവ് ഉപസംഹരിക്കുന്നു.

യേശു ആടുകളുടെ നല്ലവനായ വലിയ ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കു

ന്നു. നിത്യത്മാവിനാൽ യേശുക്രിസ്തു തന്നെത്താൻ പരിപൂർണ്ണമായ, നിഷ്കളങ്കമായ നിത്യയാഗമായി, തന്റെ നിത്യജീവൻ ദൈവത്തിനു സമർപ്പിച്ചു. തന്റെ ദേഹം എന്ന തിരശീല ചിന്തി, അതിലൂടെ ക്രിസ്തു മനുഷ്യന്റെ നിത്യമായ വീണ്ടെടുപ്പു സാധിക്കുകയും മനുഷ്യനും ദൈവവും തമ്മിലുള്ള ഒരു നിത്യ ഉടമ്പടി, തന്റെ രക്തത്താൽ മുദ്രവച്ച് സ്ഥാപിക്കുകയും ചെയ്തു.

ആ ഉടമ്പടിയെ ഉറപ്പിച്ചു കൊണ്ട്, ദൈവം ദേവാലയ തിരശീല ചിന്തി, പഴയ ഉടമ്പടിയും, ലേവ്യപൗരോഹിത്യവും അവസാനിപ്പിച്ചു.ക്രിസ്തുവിനെ മരണത്തിൽ നിന്ന് മടക്കി വരുത്തുകയും, ദൂതന്മാ രെക്കാൾ ശ്രേഷ്ഠൻ ആയി, നമ്മുടെ വ്യക്തിപരമായ കാര്യസ്ഥനായി, മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം നമ്മുടെ നിത്യമഹാപുരോഹിതനായി, തന്റെ രക്തത്താൽ സ്ഥാപിച്ച ഉന്നതമായ, നിത്യമായ പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി നിയമിക്കുകയും ചെയ്തു.

*വാക്യം 21.സമാധാനത്തിന്റെ ദൈവം അവിടുത്തെ ഇഷ്ടം നിറവേറ്റുവാൻവേണ്ടി നിങ്ങൾക്ക് ആവശ്യമുള്ള എല്ലാ നല്ല കാര്യങ്ങൾകൊണ്ടും നിങ്ങളെ ധന്യരാക്കട്ടെ*

കര്ത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപെട്ട, പുതിയ ഉടമ്പടിയിൽ പ്രവേശിച്ച, എന്നെന്നേക്കും വിശുദ്ധീകരിക്കപ്പെട്ട നമുക്ക് ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിന് വേണ്ട എല്ലാ കാര്യങ്ങളും താൻ ചെയ്തു തരുന്നു. അവന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ സകല സൽ പ്രവർത്തികൾക്കും വേണ്ടി സജ്ജരാക്കുന്നു. ഇതെല്ലം സാധ്യമായത് ദൈവകുഞ്ഞാടായ ക്രിസ്തുവിന്റെ നിത്യയാഗം മൂലവും, ഇന്നു മഹാപുരോഹിതനെന്ന നിലയിൽ ദൈവസന്നിധിയിൽ താൻ വഹിക്കുന്ന മഹത്തായ പക്ഷപാദ ശുശ്രൂഷയും കാരണമാണ്.

*വാക്യം 21 അതിനാൽ സകല മഹത്വവും ക്രിസ്തുവിനു .അവന്നു എന്നെന്നേക്കും മഹത്വം. ആമേൻ ".*

നമുക്കുവേണ്ടി താൻ സാധിച്ച അതി മഹത്തായതും വിലയേറിയതുമായ കാര്യങ്ങളാൽ, മഹത്വം, ബഹുമാനം, സ്തുതി, സ്തോത്രം എന്നിവയെല്ലാം നിത്യമായി അർഹിക്കുന്നവനാണ് ദൈവ കുഞ്ഞാടും, ആടുകളുടെ വലിയ ഇടയനും നമ്മുടെ നിത്യ മഹാപുരോഹിതനുമായ യേശുക്രിസ്തു. അവന്നു എന്നെന്നേക്കും മഹത്വം. ആമേൻ

എഫെസ്യർ 3: 20 നമ്മിൽ വ്യാപരിക്കുന്ന ശക്തി മുഖേന നാം ചോദിക്കുന്നതിലും, നാം പ്രതീക്ഷിക്കുന്നതിലും വളരെ മടങ്ങു നമുക്കു നല്കുവാൻ  കഴിയുന്ന ദൈവത്തിന് സഭയിലും ക്രിസ്തുയേശുവിലും മഹത്ത്വം എന്നെന്നേക്കും ഉണ്ടാകട്ടെ, ആമേൻ.

വെളിപാട് 5: 12 അവർ അത്യുച്ചത്തിൽ പറഞ്ഞത്: “അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ.” സ്വർഗ്ഗത്തിലും

ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും പറയുന്നതായി ഞാൻ കേട്ടത്: “സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും അധികാരവും എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.” അപ്പോൾ നാല് ജീവികളും, “ആമേൻ!” എന്നു പറഞ്ഞു;

*വാക്യം 25 കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കു മാറാകട്ടെ. ആമേൻ.*

ഹെബ്രായ ലേഖകൻ  തന്റെ ലേഖനം വായിക്കുന്നവരോട് എല്ലാവരോടും കൂടെ ദൈവകൃപ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.അപ്രകാരം തന്നെ ആയിരിക്കട്ടെ ( ആമേൻ ) എന്ന് ഉറപ്പിക്കുന്നു.

ഈ ആശംസയോടെ, ഉപസംഹാരത്തോടെ ഹെബ്രായ ലേഖനത്തിലൂടെയുള്ള ദൈവകുഞ്ഞാടായ യേശു ക്രിസ്തുവിന്റെ പൂർണ്ണമായ യാഗത്തെക്കുറിച്ചും മഹാപുരോഹിത ശുശ്രൂഷയെകുറിച്ചുമുള്ള പഠനം പൂർത്തിയാകുന്നു.

ആമുഖത്തിൽ പറഞ്ഞിരുന്നത് പോലെ ഇത് ഹെബ്രായ ലേഖനത്തിന്റെ പദാനുപദ വ്യാഖ്യാനമോ, പഠനമോ ആയിരുന്നില്ല, പകരം പകരം ദൈവകുഞ്ഞാട് എന്ന നിലയിലും മഹാപുരോഹിതൻ എന്ന നിലയിലും യേശുവിനെക്കുറിച്ചു പരാമർശിക്കുന്ന എല്ലാ വാക്യങ്ങളിലൂടെയും കടന്നു പോകുന്നതിനും, യേശുക്രിസ്തുവിന്റെ ഈ രണ്ടു ശുശ്രൂഷകളെക്കുറിച്ചു ഹെബ്രായലേഖനത്തിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്നതിനുമുള്ള ശ്രമമായിരുന്നു.

ഈ പഠനം പൂർത്തീകരിക്കുവാൻ സഹായിച്ച പിതാവായ ദൈവത്തിനും, ദൈവകുഞ്ഞാടും മഹാപുരോഹിതനുമായ ക്രിസ്തുവിനും സ്തോത്രവും ബഹുമാനവും മഹത്വവും അർപ്പിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ, ദൈവകൃപ നിങ്ങളോടു കൂടെയിരിക്കുമാറാകട്ടെ, ആമേൻ.

**ജിനു നൈനാൻ**